33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 06, 2025 Vol. XXXIII No. 41

3 നിയമസഭയിൽ പ്രതിപക്ഷ ബഹളം
4 110 വാഹനങ്ങളുടെ ഉടമകളെ തിരിച്ചറിഞ്ഞു
14 പുതുചരിത്രം രചിച്ച് 'സഖി–ഫ്രണ്ട്സ് ഫോർ എവർ'
21 സംഘാടക മികവുമായി പിയാനോ
26 മാർത്തോമ്മാ കൺവൻഷൻ സമാപിച്ചു




### ശബരിമല സ്വർണപ്പാളി വിവാദം:

# ഹൈക്കോടതി പ്രത്യേക സംഘത്തെ നിയോഗിച്ചു

കൊച്ചി: ശബരിമല ദ്വാരപാലക ശിൽപ്പങ്ങളിലെ സ്വർണപ്പാളി വിഷയത്തിൽ ഉന്നതതല അന്വേഷണം (എസ്ഐടി) പ്രഖ്യാപിച്ച് ഹൈക്കോടതി. എഡിജിപി എച്ച്. വെങ്കിടേഷിന്റെ നേതൃത്വത്തിലുള്ള ഉന്നതതല സംഘമാണ് കേസ് അന്വേഷിക്കുക. കേരളത്തിലെ വിവിധ സ്റ്റേഷനുകളിൽനിന്നുള്ള പോലീസ് ഉദ്യോഗസ്ഥരും അന്വേഷണ സംഘത്തിലുണ്ടാകും. 'സ്പോൺസർ' ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെയും ദേവസ്വം ഉദ്യോഗസ്ഥരുടേയും പങ്ക് അന്വേഷിക്കും. ഒരു മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ ജസ്റ്റിസുമാരായ രാജാ വിജയരാഘവൻ, കെ.വി. ജയകുമാർ എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

സ്വർണപ്പാളി സംബന്ധിച്ച വിവാദത്തിൽ അന്വേഷിക്കേണ്ട കാര്യങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കിക്കൊണ്ടാണ് കോടതി അന്വേഷണം പ്രഖ്യാപിച്ചത്. കോടതിയുടെ ഇടപെടലിലൂടെയാണ് 2019-ലെ വിവാദ സ്വർണം പൂശൽ അടക്കമുള്ള കാര്യങ്ങൾ പുറത്തുവന്നത്. ദ്വാരപാലക ശിൽപങ്ങളിലെ സ്വർണം പൂശിയ ചെമ്പുപാളികൾ സ്പെഷൽ കമ്മീഷണറെ അറിയിക്കാതെ സ്വർണം പൂശാൻ ചെന്നൈയ്ക്കു കൊണ്ടുപോയ സംഭവത്തിൽ കോടതി സ്വമേധയാ കേസ് എടുക്കുകയായിരുന്നു. തുടർന്ന്, ഇക്കഴിഞ്ഞ സെപ്റ്റംബർ ആദ്യം പുറപ്പെടുവിച്ച ഉത്തരവ് മുതലുള്ള കാര്യങ്ങൾ കോടതി പരാമർശിച്ചു. പലതും ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകളായിരുന്നു എന്നു വ്യക്തമാക്കിയാണ് കോടതി പോലീസ് അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നത്.

(ശേഷം 34-ാം പേജിൽ)

## ലിസ് ജെയ്മോൻ ജേക്കബ് മിസ് സൗത്ത് ഇന്ത്യയായി കിരീടമണിഞ്ഞു

**ടോമി തറയിൽ**

ബെംഗ്ളൂരു: കോട്ടയം കൈപ്പുഴ വഞ്ചിപ്പുരയ്ക്കൽ ജെയ്മോൻ-സിമി ദമ്പതികളുടെ പുത്രി ലിസ് ജെയ്മോൻ ജേക്കബ് മിസ് സൗത്ത് ഇന്ത്യ ആയി തെരഞ്ഞെടുക്കപ്പെട്ടു.

ഒക്ടോബർ നാലിന് ബെംഗ്ളൂരുവിൽ വെച്ച് നടന്ന മത്സരത്തിൽ ആന്ധ്രാപ്രദേശ്, കർണാടക, കേരള, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 22 മത്സരാർത്ഥികളിൽ നിന്നാണ് ലിസ് തെരഞ്ഞെടുക്കപ്പെട്ടത്.

2022 ജനുവരിയിൽ മിസ് കേരള ആയി ലിസ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എംഎസ്ഡബ്ല്യു സൈക്യാട്രി ബിരുദധാരിയാണ് 24 കാരിയായ ലിസ്. ജേക്കബ്, സന, യോഹാൻ, യാര എന്നിവർ സഹോദരങ്ങളാണ്.








ചിക്കാഗോയിലെത്തിയ ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണിയെ ചിക്കാഗോ റീജിയൻ വൈസ് പ്രസിഡണ്ട് സന്തോഷ് നായർ സ്വീകരിക്കുന്നു. ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ട്രസ്റ്റി ബോർഡ് മെംബർ സതീശൻ നായർ, മുൻ ജോയിന്റ് ട്രഷറർ ജോർജ് പണിക്കർ, സിഎംഎ മുൻ പ്രസിഡണ്ട് ടോമി അംബേനാട്ട്, ഐഎംഎ മുൻ പ്രസിഡണ്ട് സുനൈന ചാക്കോ, സേവ്യർ ഒറവണക്കളം, ജോൺസൺ കാരിക്കൽ, ബിജു കണ്ടത്തിൽ, മോൻസി ചാക്കോ, ഗീത നായർ, അനിൽ കൃഷ്ണൻ, പാർവതി നായർ തുടങ്ങിയവർ സമീപം.











# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# ഇന്ത്യ-യുഎസ് വ്യാപാര കരാറിൽ പ്രശ്നങ്ങളുണ്ടെന്ന് എസ്. ജയശങ്കർ

ന്യൂഡൽഹി: യു.എസുമായുള്ള ഏതൊരു വ്യാപാര കരാറും ഒരു പരിധിക്കപ്പുറം ഇന്ത്യ അംഗീകരിക്കില്ലെന്നും ചില മേഖലകളിലെ കാര്യങ്ങളിൽ യുഎസുമായുള്ള ചർച്ചയ്ക്കു പോലും ഇന്ത്യ തയ്യാറല്ലെന്നുമുള്ള സൂചനകൾ നല്കി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ഇന്ത്യ മുന്നോട്ടു വെക്കുന്ന ഈ ചുവപ്പ് രേഖ യുഎസ് മാനിക്കേണ്ടതുണ്ടെന്നും അത് മറികടന്നുള്ള ഒരു ചർച്ചയും സാദ്ധ്യമല്ലെന്നും ജയശങ്കർ വ്യക്തമാക്കി.



വ്യാപാര ചർച്ചയിൽ മികച്ചൊരു തീരുമാനത്തിലെത്താനുള്ള ശ്രമങ്ങൾ നടന്നുവരികയാണെന്നും എന്നാൽ, ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരക്കരാറിൽ പ്രശ്നങ്ങളുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഒരു സ്വകാര്യ പരിപാടിയിലെ ചോദ്യോത്തര വേളയിലാണ് എസ്. ജയശങ്കർ ഇക്കാര്യം വെളിപ്പെടുത്തിയത്.

അതേസമയം, ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം സംബന്ധിച്ച് ഒരു ധാരണ അനിവാര്യമാണെന്നും എസ്. ജയശങ്കർ പറഞ്ഞു. ഇന്ന് നമുക്ക് അമേരിക്കയുമായി ചില പ്രശ്നങ്ങളുണ്ട്. നമ്മുടെ വ്യാപാര ചർച്ചകൾ ഒരു ലാൻഡിംഗ് ഗ്രൗണ്ടിൽ എത്തിയിട്ടില്ല. ഇതിന് ഒരു പ്രധാന കാരണം ഇന്ത്യക്കെതിരെ ചുമത്തിയ ഒരു നിശ്ചിത താരിഫ് ആണ്. ഇതിന് പുറമെ വളരെ അന്യായമായി ഞങ്ങൾ കരുതുന്ന രണ്ടാമത്തെ താരിഫ് കൂടി ചുമത്തിയിരിക്കുന്നു. എന്ത് സംഭവിച്ചാലും അമേരിക്കയുമായി ഒരു വ്യാപാര ധാരണ ഉണ്ടാകണം. കാരണം അതു ലോകത്തിലെ ഏറ്റവും വലിയ വിപണിയാണ്. പ്രശ്നങ്ങളുണ്ട് ആരും അത് നിഷേധിക്കുന്നില്ല. ആ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹരിക്കുകയും വേണം. അതാണ് ഞങ്ങൾ ചെയ്യാൻ ശ്രമിക്കുന്നത്-അദ്ദേഹം പറഞ്ഞു.

# ശബരിമല സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ ബഹളം

തിരുവനന്തപുരം: ശബരിമല സ്വർണപ്പാളി വിഷയത്തിൽ ദേവസ്വം മന്ത്രി രാജിവെക്കണം, സിബിഐ അന്വേഷിക്കണം, സ്വർണം കവർന്നവരെ പിടിച്ചുകെട്ടണം ... ലെത്തിയത്.

സ്പീക്കറുടെ ഡയസിനു മുന്നിൽ ബാനർ പിടിച്ച് മുദ്രാവാക്യം വിളികളോടെയാണ് പ്രതിപക്ഷം പ്രതിഷേധിക്കുന്നത് അനാദരവെന്ന് സ്പീക്കർ പറഞ്ഞെങ്കിലും അത് അംഗീകരിക്കാൻ പ്രതിപക്ഷം തയാറായില്ല.

പ്രതിപക്ഷ പ്രതിഷേധം നേരിടാൻ




കൂടണം തുടങ്ങിയ ആവശ്യങ്ങളുമായി നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. ചോദ്യോത്തരവേള തടസപ്പെട്ടു. ഇതേത്തുടർന്ന് സഭ കുറച്ചുസമയത്തേക്കു നിർത്തിവെച്ചു.

അയ്യപ്പന്റെ സ്വർണം കട്ടവർ അമ്പല വിഴുങ്ങികൾ എന്നു പ്രിന്റ് ചെയ്ത ബാനറുമായാണ് പ്രതിപക്ഷം സഭയിച്ചത്. ഇതോടെ ചോദ്യോത്തരവേള തടസപ്പെട്ടു.

നചോദ്യോത്തരവേള തടസപ്പെടു ഭരണപക്ഷവും മന്ത്രിമാരും സീറ്റുകളിൽനിന്ന് എഴുന്നേൽക്കുകയും വാക്ക് പോര് തുടരുകയുമായിരുന്നു.

# ചുമമരുന്ന് കഴിച്ച് കുട്ടികൾ മരിച്ച സംഭവം: ഡോക്ടറെ അറസ്റ്റ് ചെയ്തു

ഭോപ്പാൽ: മധ്യപ്രദേശിലെ ചിന്ദ്വാഡയിൽ കഫ് സിറപ്പ് കഴിച്ച് 14 കുട്ടികൾ മരിക്കാനിടയായ സംഭവത്തിൽ ഡോക്ടർ അറസ്റ്റിൽ. ചികിത്സാപ്പിഴവിന്റെ പേരിലാണ് കേസെടുത്തിരിക്കുന്നത്. കോൾഡ്രിഫ് നിർമിച്ച തമിഴ്നാട് കാഞ്ചീപുരത്തെ ശ്രീസൻ ഫാർമ



ഡോ. പ്രവീൺ സോണി

സ്യൂട്ടിക്കൽസ് എന്ന കമ്പനിക്കെതിരെയും മധ്യപ്രദേശ് പോലീസ് കേസെടുത്തു. രാജസ്ഥാനിൽ മൂന്നു പേർ ഉൾപ്പെടെ 17 കുട്ടികളാണ് കഫ് സിറപ്പ് കഴിച്ചതുമൂലം മരിച്ചത്. കോൾഡ്രിഫ് കഫ് സിറപ്പ് വില്പന മധ്യപ്രദേശ് നിരോധിച്ചു.

ചിന്ദ്വാഡ പരാസിയ പോലീസാണ് കേസെടുത്തിരിക്കുന്നത്. ഇവിടത്തെ സ്വകാര്യ ക്ലിനിക്കൽ പ്രാക്ടീസ് ചെയ്യുന്ന സർക്കാർ ഡോക്ടറായ പ്രവീൺ സോണിയാണ് അറസ്റ്റിലായത്. ഇയാളാണ് വിവാദ കോൾഡ്രിഫ് കഫ് സിറപ്പ് കുട്ടികൾക്കു നിർദേശിച്ചത്. ചിന്ദ്വാഡയിലെ രാജ്പാൽ ചൗക്കിൽനിന്നാണു പ്രത്യേക പോലീസ് സംഘം ഡോക്ടറെ അറസ്റ്റ്ചെയ്തത്. ഒരു മാസത്തോളം കുട്ടികളിൽ സിറപ്പ് മോശമായി ബാധിച്ചിട്ടും മരുന്ന് തുടർന്നതിനാണ് ഡോക്ടർക്കെതിരെ കേസെടുത്തിരിക്കുന്നത്. ഡോ. സോണിയെ സർവീസിൽനിന്നു സസ്പെൻഡ് ചെയ്തിട്ടുണ്ട്.

പരാസിയയിൽ ചുമ മരുന്ന് കഴിച്ച 11 കുട്ടികൾ മരിച്ചു. 'കോൾഡ്രിഫ്' ഉപയോഗിച്ച് വൃക്ക തകരാറിലായി അഞ്ച് പേർ

(ശേഷം 34-ാം പേജിൽ)

# രോഗപ്രതിരോധ ശേഷിയുമായി ബന്ധപ്പെട്ട ഗവേഷണത്തിന് നൊബേൽ മൂന്നു പേർക്ക്

സ്റ്റോക്ക്ഹോം: 2025-ലെ വൈദ്യശാസ്ത്ര നൊബേൽ മൂന്നു പേർക്ക്. മേരി ഇ. ബ്രോങ്കോവ്, ഫ്രെഡ് റാംസ്ഡെൽ, ഷിമോൺ സഗാഗുച്ചി എന്നിവർക്കാണ് നൊബേൽ ലഭിച്ചത്. രോഗപ്രതിരോധ സംവിധാനം എങ്ങ



നെ നിയന്ത്രിക്കപ്പെടുന്നു എന്നായിരുന്നു അവരുടെ കണ്ടെത്തൽ. ശരീരത്തിന്റെ ശക്തമായ രോഗപ്രതിരോധ സംവിധാനം നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ അത് നമ്മുടെ സ്വന്തം അവയവങ്ങളെ ആക്രമിച്ചേക്കാം. ശരീരത്തെ ദോഷകരമായി ബാധിക്കുന്നതിൽനിന്ന് രോഗപ്രതിരോധ സംവിധാനത്തെ തടയുന്ന പെരിഫറൽ ഇമ്യൂൺ ടോളറൻസ് സംബന്ധിച്ച വഴിത്തിരിവായ കണ്ടെത്തലുകൾക്കാണ് മേരി ഇ. ബ്രാങ്കോ, ഫ്രെഡ് റാംസ്ഡെൽ, ഷിമോൺ സഗാഗുച്ചി എന്നിവർക്കാണ് പുരസ്കാരം ലഭിച്ചത്. പ്രതിരോധ സംവിധാനത്തിന്റെ സെക്യൂരിറ്റി ഗാർഡുകൾ എന്ന് വിളിക്കാവുന്ന റെഗുലേറ്ററി സെല്ലുകളെ തിരിച്ചറിഞ്ഞതാണ് വഴിത്തിരിവായത്. ഈ കോശങ്ങളാണ് നമ്മുടെ ശരീരത്തെ ആക്രമിക്കുന്നതിൽനിന്ന് പ്രതിരോധ കോശങ്ങളെ തടയുന്നത്. "പ്രതിരോധ സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു, എന്തുകൊണ്ടാണു ഗുരുതരമായ ഓട്ടോ ഇമ്യൂൺ രോഗങ്ങൾ വരാത്തത് എന്നതിനെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് അവരുടെ കണ്ടെത്തലുകൾ നിർണായകമായി"- നൊബേൽ കമ്മിറ്റി ചെയർമാൻ ഓലെ കേംപെ പറഞ്ഞു. ഓരോ ദിവസവും നമ്മുടെ ശരീരത്തിൽ കടന്നു കയറാൻ ശ്രമിക്കുന്ന ആയിരക്കണക്കിനു വ്യത്യസ്ത സൂക്ഷ്മാണുക്കളിൽ നിന്ന് പ്രതിരോധ സംവിധാനമാണ് നമ്മെ സംരക്ഷിക്കുന്നത്. ഇവയ്ക്കെല്ലാം വ്യത്യസ്ത രൂപങ്ങളാണുള്ളത്, കൂടാതെ പലതും ഒളിച്ചിരിക്കാനായി മനുഷ്യകോശങ്ങളുമായി സാമ്യം ഉണ്ടാക്കിയെടുത്തിട്ടുണ്ട്. അങ്ങനെയിരിക്കെ എന്തിനെ ആക്രമിക്കണം, എന്തിനെ സംരക്ഷിക്കണം എന്ന് പ്രതിരോധ സംവിധാനം എങ്ങനെയാണ് തിരിച്ചറിയുന്നത് എന്നാണ് സംഘം പഠിച്ചത്.

# ധനകാര്യസ്ഥാപനങ്ങളിൽ അവകാശികളില്ലാതെ 1.82 ലക്ഷം കോടി

ന്യൂഡൽഹി: ഇന്ത്യയിലെ ബാങ്കുകൾ, പെൻഷൻ, ഓഹരി, മ്യൂച്വൽ ഫണ്ട്, ഇൻഷുറൻസ് എന്നിവയിലായി അവകാശികളില്ലാതെ 1.82 ലക്ഷം കോടി രൂപയുണ്ടെന്ന് കേന്ദ്രം വ്യക്തമാക്കി. ഇത് അവകാശികൾക്ക് തിരികെ നൽകാനായി മൂന്ന് മാസം നീളുന്ന 'നിങ്ങളുടെ പണം നിങ്ങളുടെ അവകാശം' എന്ന ബോധവൽക്കരണ പരിപാടിക്ക് ധനമന്ത്രാലയം തുടക്കംകുറിച്ചു. പണം അവകാശികൾക്കു തിരികെ നൽകുന്നതിന് രാജ്യവ്യാപകമായി ക്യാംപുകൾ അടക്കം നടത്താനും ആലോചനയുണ്ട്. '1.82 ലക്ഷം കോടി രൂപയും സർക്കാരിന്റെ പക്കൽ സുരക്ഷിതമാണ്. കൃത്യമായ രേഖകളുമായി വന്നാൽ ആ നിമിഷം നിങ്ങൾക്കു പണം ലഭിക്കും.'- ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. ഇത്രയും വലിയ തുക മടക്കി നൽകുന്നതുവഴി സാമ്പത്തിക മേഖലയിൽ കേന്ദ്രം ഉണർവ് പ്രതീക്ഷിക്കുന്നുണ്ട്.

2025 ഓഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച് അവകാശികളില്ലാത്ത 75,000 കോടി രൂപയാണ് ബാങ്കുകൾ റിസർവ് ബാങ്കിന്റെ പ്രത്യേക ഫണ്ടിലേക്ക് മാറ്റിയത്. 10 വർഷത്തിലേറെയായി അവകാശികളില്ലാത്ത നിക്ഷേപങ്ങളാണ് ഇങ്ങനെ മാറ്റാറുള്ളത്. ഡിവിഡൻസ് ക്ലെയിം ചെയ്യാത്തതിനാൽ 90,000 കോടി രൂപ മൂല്യമുള്ള 172 കോടി ഓഹരികളും അവകാശികളെ കാത്തിരിക്കുന്നു.

ഇൻഷുറൻസ് കമ്പനികളിൽ 14,000 കോടി രൂപയാണ് ക്ലെയിം ചെയ്യാതെ കിടക്കുന്നത്. മ്യൂച്വൽ ഫണ്ടുകളിൽ 3,000 കോടി രൂപയുമുണ്ട്. മരണശേഷം അവകാശികളില്ലാതെയാകുന്നതിനു പുറമേ നടപടിക്രമങ്ങളിലെ അശ്രദ്ധ, വിലാസത്തിലെ മാറ്റം, മറവി തുടങ്ങിയ കാരണങ്ങളാൽ ഇത് സംഭവിക്കാം. കഴിഞ്ഞ ഒരു മാസം മാത്രം 450 കോടി രൂപ അവകാശികൾക്ക് മടക്കി നൽകി.

10 വർഷത്തിനു മുകളിൽ നിർജീവമായ അക്കൗണ്ടുകളിലെ തുക അവകാശിക്ക് കൈമാറിയാൽ ബാങ്കിന് 25,000 രൂപ വരെ ലഭിക്കും.

# ബോധവത്കരണ നാടകത്തിനിടെ സ്റ്റേജിലെത്തി നായ കടിച്ചു

കണ്ണൂർ: തെരുവ് നായ ആക്രമണത്തിനെതിരെ ബോധവത്കരണനാടകം കളിക്കുന്നതിനിടെ നടനെ സ്റ്റേജിൽ കയറി നായ കടിച്ചു. കണ്ടക്കൈപ്പറമ്പിലെ നാടകപ്രവർത്തകനായ പി. രാധാകൃഷ്ണനാണ് കടിയേറ്റത്. കണ്ടക്കൈ കൃഷ്ണപിള്ള സ്മാരക വായനശാലയിലാണ് സംഭവം.

തെരുവ്നായ ശല്യത്തിനെതിരെയുള്ള ബോധവത്കരണ പരിപാടിയിൽ തന്റെ ഏകപാത്ര നാടകമായ പേക്കാലം അവതരിപ്പിക്കുകയായിരുന്നു രാധാകൃഷ്ണൻ. നാടകം തുടങ്ങിഅല്പ സമയത്തിനുള്ളിൽ വേദിയുടെ പിന്നിൽനിന്ന് കയറിവന്ന നായ നടന്റെ വലതുകാലിനു പിന്നിൽ കടിച്ചതിനുശേഷം സ്ഥലംവിട്ടു.

ഒരു കുട്ടി തെരുവ്നായ ആക്രമണത്തിന് ഇരയാകുന്ന രംഗം അഭിനയിക്കുന്നതിനിടെ നായ കുരയ്ക്കുന്ന ശബ്ദം പശ്ചാത്തലത്തിൽ ഉപയോഗിച്ചിരുന്നു. ഈ സമയത്താണ് നായയുടെ ആക്രമണം ഉണ്ടായത്. നായ വേദിയിൽ കയറുന്നതും ഇറങ്ങുന്നതും കാണികൾ കണ്ടെങ്കിലും അത് നാടകത്തിന്റെ ഭാഗമാണെന്നു കരുതി.

പത്തു മിനിറ്റോളം വേദന സഹിച്ച് നാടകം പൂർത്തിയാക്കിയ ശേഷമാണ് രാധാകൃഷ്ണൻ സംഘാടകരെ വിവരമറിയിച്ചത്. തുടർന്ന് പരിയാരം ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ തേടി.

# ഭൂട്ടാൻ കാർ കടത്ത്: 110 വാഹനങ്ങളുടെ ഉടമകളെ തിരിച്ചറിഞ്ഞു

കൊച്ചി: ഭൂട്ടാൻ വാഹനക്കടത്തുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിൽ കേരളത്തിൽ 110 ആഡംബര വാഹനങ്ങളുടെ ഉടമകളെ തിരിച്ചറിഞ്ഞതായി കസ്റ്റംസ്. 39 വാഹനങ്ങളാണു പിടിച്ചെടുത്തത്. 170 ഭൂട്ടാൻ വാഹനങ്ങളുടെ ഉടമകൾ കേരളത്തിലുണ്ടെന്നു കസ്റ്റംസ് പ്രിവന്റീവ് സംഘം തിരിച്ചറിഞ്ഞിരുന്നു. മറ്റു വാഹനങ്ങൾ കണ്ടെത്താൻ എംവിഡി, പോലീസ് വിഭാഗങ്ങളുടെ സഹായം തേടിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ വിവിധ ആർടിഒകളിൽ നിന്നാണു ഏറ്റവും കൂടുതൽ ഭൂട്ടാൻ വണ്ടികൾ കണ്ടെത്തിയത്-ഇരുപതെണ്ണം. കോഴിക്കോട് ജില്ലയിൽനിന്നു 15 വാഹനങ്ങളും. പഴയ വാഹനങ്ങളുടെ ഷോറൂം കേന്ദ്രീകരിച്ചുള്ള പരിശോധനയിലാണു വാഹനങ്ങൾ പിടിച്ചെടുത്തത്. വീടുകളിൽ സൂക്ഷിച്ചവയുടെ രേഖകൾ ഹാജരാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ഓരോ വാഹനത്തിന്റെയും രേഖകളുടെ പരിശോധന നടത്തിവരികയാണ്. കൈവശമുള്ളവർ നേരിട്ടെത്തി രേഖകൾ ഹാജരാക്കണം. ഈ വാഹനമെല്ലാം ഏതെങ്കിലും തരത്തിൽ നിയമലംഘനം നടത്തിയതായി വ്യക്തമാണെന്നു കസ്റ്റംസ് വൃത്തങ്ങൾ പറഞ്ഞു. ഇവയൊന്നും തന്നെ സംസ്ഥാന വാഹനനികുതി അടച്ചിട്ടില്ല.

നടൻ ദുൽഖർ സൽമാനിൽനിന്നു പിടിച്ചെടുത്ത വാഹനങ്ങളും നിയമം ലംഘിച്ചിട്ടുണ്ട്. നടൻ പൃഥ്വിരാജിന്റെ കൈവശമുള്ള വാഹനത്തിന്റെ രേഖകളുടെ പരിശോധന കഴിഞ്ഞിട്ടില്ല. കസ്റ്റംസ് ഹൗസിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ, വണ്ടികൾ നിരത്തിലിറക്കാതെ ഉടമകൾതന്നെ സൂക്ഷിക്കണമെന്നാണു കസ്റ്റംസ് നിർദേശിക്കുന്നത്.

ഭൂട്ടാൻ അതിർത്തി സംസ്ഥാനങ്ങൾക്കു പുറമേ ഹരിയാന, മഹാരാഷ്ട്ര, പഞ്ചാബ്, ഗുജറാത്ത്, ഡൽഹി സംസ്ഥാനങ്ങളിലെ വിവിധ ആർടിഒകളിലാണു ഈ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവിടങ്ങളിലേക്കു വിവരങ്ങൾ ആവശ്യപ്പെട്ടു കത്തയച്ചിട്ടുണ്ട്. ഭൂട്ടാൻ സർക്കാരിൽനിന്നു വിവരങ്ങൾ ലഭിക്കാൻ കേന്ദ്രവിദേശകാര്യ മന്ത്രാലയം വഴി ശ്രമിക്കുന്നുണ്ടെന്നും കസ്റ്റംസ് വൃത്തങ്ങൾ അറിയിച്ചു.

കഴിഞ്ഞ 13 വർഷത്തിനിടെ ഭൂട്ടാൻ സൈന്യം ലേലം ചെയ്തിട്ടുള്ളതു 117 വാഹനങ്ങൾ മാത്രമാണെന്നാണു വിവരം. ഭൂട്ടാൻ സൈന്യത്തിന്റേതെന്ന പേരിൽ ഹിമാചൽ പ്രദേശ്, അരുണാചൽ പ്രദേശ് തുടങ്ങിയ അതിർത്തി സംസ്ഥാനങ്ങളുടെ രജിസ്ട്രേഷനോടെ വിറ്റഴിച്ച വാഹനങ്ങൾ ഭൂരിഭാഗവും മറ്റു രാജ്യങ്ങളിൽനിന്നു ഭൂട്ടാൻ വഴിയോ അല്ലെങ്കിൽ, ഇന്ത്യൻ തുറമുഖങ്ങൾ വഴിയോ എത്തിച്ചതായിരിക്കാമെന്നാണു നിഗമനം.

അതേസമയം, വ്യാജ രജിസ്ട്രേഷൻ നമ്പറുകൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടുന്നതായും പിടിച്ചെടുത്ത ഭൂട്ടാൻ വാഹനങ്ങളുടെ പരിശോധന നടത്തവേ കണ്ടെത്തി.

ഇന്ത്യൻ രജിസ്ട്രേഷൻ പോലുമില്ലാതെ വ്യാജരേഖകൾ ഉപയോഗിച്ചു ഭൂട്ടാൻ വാഹനങ്ങൾ പല കൈമറിഞ്ഞു പോയിട്ടുണ്ടെന്നാണു സംഘത്തിന്റെ കണ്ടെത്തൽ. ഇതരസംസ്ഥാന രജിസ്ട്രേഷനുള്ള ഒരു വാഹനം മറ്റൊരു സംസ്ഥാനത്ത് എത്തിച്ചാൽ ഒരുമാസത്തിനു ശേഷം ആ സംസ്ഥാനത്തെ നികുതിയടച്ചിരിക്കണം.

ഒരുവർഷം കഴിഞ്ഞാൽ ആ സംസ്ഥാനത്തെ രജിസ്ട്രേഷനും എടുക്കണം. ഇതൊന്നുമില്ലാതെയാണു വ്യാജന്മാർ നിരത്തുകളിലോടുന്നത്. നിയമവിരുദ്ധമായ ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ ഇൻഷുറൻസ് ലഭിക്കില്ല.

# ലെയോ പാപ്പയുടെ ആദ്യ അപ്പസ്തോലിക പ്രബോധനം തയ്യാറായി

വത്തിക്കാൻ സിറ്റി: ലെയോ പതിനാലാമൻ മാർപാപ്പയുടെ ആദ്യ അപ്പസ്തോലിക പ്രബോധനം തയ്യാറായി. 'ഞാൻ നിന്നെ സ്നേഹിക്കുന്നു' (ദിലേക്സിതേ) എന്ന പേരിലുള്ള ഈ അപ്പസ്തോലിക പ്രബോധനം വത്തിക്കാൻ പ്രസ് ഓഫീസിൽ നടക്കുന്ന പത്രസമ്മേളനത്തിൽ ഔദ്യോഗികമായി 9-ന് വ്യാഴാഴ്ച പ്രകാശനം ചെയ്യും. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനത്തിൽ



അപ്പസ്തോലിക പ്രബോധനമായ ദിലേക്സി തേയിൽ ലെയോ പതിനാലാമൻ മാർപാപ്പ ഒപ്പുവെക്കുന്നു.

അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പ ഒപ്പുവെച്ചു. ഇതിന്റെ ചിത്രം വത്തിക്കാൻ പ്രസ് ഓഫീസ് പുറത്തുവിട്ടു. വത്തിക്കാൻ കാര്യാലയത്തിൽ പൊതുകാര്യ വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ആർച്ച്ബിഷപ് എഡ്ഗാർ പെഞ്ഞാപരയുടെ സാന്നിദ്ധ്യത്തിലായിരുന്നു ഒപ്പിട്ടത്. ലോകത്തിലെ ദരിദ്രരുടെ ആവശ്യങ്ങളിലേക്ക് വിരൽചൂണ്ടുന്ന പ്രബോധനമായിരിക്കും ഇതെന്ന് വത്തിക്കാൻ ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

കഴിഞ്ഞവർഷം ഒക്ടോബറിൽ ഫ്രാൻസിസ് മാർപാപ്പ പുറത്തിറക്കിയ 'ദിലേക്സിത് നോസ്' (അവൻ നമ്മെ സ്നേഹിച്ചു) എന്ന പേരിന്റെ തുടർച്ചയെ സൂചിപ്പിക്കാൻ ലെയോ മാർപാപ്പ ആഗ്രഹിക്കുന്നുവെന്നാണ് ആദ്യ അപ്പസ്തോലിക പ്രബോധനത്തിന്റെ തലക്കെട്ടിൽ നിന്ന് വ്യക്തമാകുന്നത്.

# ഡാർജിലിംഗിൽ മഴയും മണ്ണിടിച്ചിലും; നിരവധി മരണം



വടക്കൻ ബംഗാളിലെ ഡാർജിലിംഗിലുണ്ടായ മണ്ണിടിച്ചിലിൽ കുടുങ്ങിയയാളെ പുറത്തെടുത്ത് രക്ഷാപ്രവർത്തകർ വെള്ളം നൽകുന്നു.

ഡാർജിലിംഗ്: വടക്കൻ ബംഗാളിലെ ഡാർജിലിംഗിലും മിറിക്കിലും കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ നിരവധി പേർ മരിച്ചു. അനവധി വീടുകളും റോഡുകളും തകർന്നു. പല പ്രദേശങ്ങളും ഒറ്റപ്പെട്ട നിലയിലാണ്. നൂറുകണക്കിന് വിനോദസഞ്ചാരികൾ കുടുങ്ങി. പ്രധാന റൂട്ടുകളിലെല്ലാം ഗതാഗതം തടസപ്പെട്ട നിലയിലാണ്.

മരിച്ചവരിൽ ഏഴു കുട്ടികളും ഉൾപ്പെടുന്നു. ഒക്ടോബർ നാലിന് ശനിയാഴ്ച രാത്രി മുതൽ പ്രദേശത്ത് കനത്ത മഴയാണ്. എൻഡിആർഎഫിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. മണ്ണിടിച്ചിൽമൂലം അനവധി വീടുകൾ തകർന്ന ധർ ഗാവ്, നഗരകാത എന്നിവിടങ്ങളിൽനിന്ന് 40 പേരെ രക്ഷപ്പെടുത്തി. മിറിക്കിലെ നിരവധി കുടുംബങ്ങളെ സുരക്ഷിതസ്ഥാനങ്ങളിലേക്കുമാറ്റി. മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം നല്കുമെന്നു മുഖ്യമന്ത്രി മമത ബാനർജി അറിയിച്ചു. "സ്ഥിതിഗതികൾ ഗുരുതരമാണ്. 12 മണിക്കൂറിനിടെ 300 മില്ലിമീറ്റർ മഴയാണ് ഡാർജിലിംഗിൽ മാത്രം പെയ്തിറങ്ങിയത്. ഒട്ടേറെ വിനോദസഞ്ചാരികൾ കുടുങ്ങിയിട്ടുണ്ട്. അവർ എവിടെയാണോ അവിടെ തുടരുക. ഹോട്ടലുകൾ കൂടുതൽ തുക ഈടാക്കരുത്. ടൂറിസ്റ്റുകളുടെ സുരക്ഷ ഞങ്ങളുടെ ഉത്തരവാദിത്വമാണ്"- മമത പറഞ്ഞു. ദുരന്തബാധിത പ്രദേശങ്ങളിൽ മുഖ്യമന്ത്രി സന്ദർശനം നടത്തി. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചനം രേഖപ്പെടുത്തി.

# വയലാർ പുരസ്കാരം ഇ. സന്തോഷ് കുമാറിന്



തിരുവനന്തപുരം: വയലാർ രാമവർമ മെമ്മോറിയൽ ട്രസ്റ്റ് ഏർപ്പെടുത്തിയ ഈ വർഷത്തെ വയലാർ പുരസ്കാരം എഴുത്തുകാരനായ ഇ. സന്തോഷ് കുമാറിന്. തപോമയിയുടെ അച്ഛൻ എന്ന നോവലിനാണ് പുരസ്കാരമെന്ന് വയലാർ രാമവർമ മെമ്മോറിയൽ ട്രസ്റ്റ് പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അറിയിച്ചു. ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം. വയലാറിന്റെ ചരമദിനമായ ഈ മാസം 27-ന് നിശാഗന്ധിയിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. ടി.ഡി. രാമകൃഷ്ണൻ, എൻ.പി. ഹാഫിസ് മുഹമ്മദ്, പ്രിയ എ.എസ്. എന്നിവരായിരുന്നു ജഡ്ജിംഗ് കമ്മിറ്റി അംഗങ്ങൾ. മനുഷ്യമനസിനെ ഖനനം ചെയ്തെടുക്കുന്ന അസാധാരണ നോവലാണ് തപോമയിയുടെ അച്ഛൻ. അഭയാർത്ഥി പ്രശ്നം, പലായന പ്രശ്നം എന്നിവയാണ് ഇതിൽ കൈകാര്യം ചെയ്യുന്നത്. വടക്കുകിഴക്കൻ ഇന്ത്യയാണ് കഥ നടക്കുന്ന ഭൂപ്രദേശമെങ്കിലും ഇതൊരു പാൻ ഇന്ത്യൻ നോവലാണ്. അതിമനോഹരമായ ആഖ്യാനപാടവം പുസ്തകത്തെ വേറിട്ടുനിർത്തുന്നതായും അംഗങ്ങൾ പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 41
October 06, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

അഭിലാഷങ്ങൾ ആത്മാവിന്റെ നാഡീസ്പന്ദനങ്ങളാണ്.
**മന്റൺ**

നമ്മൾ നമ്മുടെ ജീവിതകർത്തവ്യം എന്താണെന്നു കണ്ടെത്തുകയും മരണം വരെ അതു തുടരുകയും വേണം.
**മഹാത്മാഗാന്ധി**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB
ACCREDITED BUSINESS
A+ Rating
Better Business Bureau

കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago

# വയനാടിന് അവഗണന മാത്രം

ഇന്ത്യയെ നടുക്കിയ പ്രകൃതിദുരന്തങ്ങളിലൊന്നായ വയനാട് ഉരുൾപൊട്ടലിന്റെ വേദനയിൽ കേരളം ഇപ്പോഴും വിങ്ങുകയാണ്. നൂറുകണക്കിന് ജീവനുകൾ നഷ്ടപ്പെടുകയും ഒരു ജനതയുടെ ജീവിതം കീഴ്മേൽ മറിയുകയും ചെയ്ത മുണ്ടക്കൈ, ചൂരൽമല മേഖലയിലെ ദുരന്തഭൂമിയുടെ പുനരധിവാസത്തിനും പുനർനിർമാണത്തിനുമായി കേന്ദ്രസർക്കാർ സ്വീകരിച്ച നിലപാട് അങ്ങേയറ്റം വിവേചനപരവും നിരാശാജനകവുമാണ്. കേരളം ആവശ്യപ്പെട്ടത് 2221.03 കോടി രൂപയായിരിക്കെ, കേന്ദ്രം ഇപ്പോൾ അനുവദിച്ചിരിക്കുന്നത് വെറും 260.56 കോടി രൂപ മാത്രം. അതേസമയം, അസമിന് 1270 കോടി രൂപയും അനുവദിച്ചു.

സമാനതകളില്ലാത്ത ദുരന്തമാണ് കഴിഞ്ഞവർഷം ജൂലൈ 30-നു മുണ്ടക്കൈ-ചൂരൽമല മേഖലയിലുണ്ടായത്. അതു കവർന്നത് 298 പേരുടെ ജീവനും അവിടെ ബാക്കിയായവരുടെ ജീവിതവുമാണ്. കൊടുംദുരന്തത്തിന്റെ കെടുതികളിൽനിന്ന് ഈ പ്രദേശത്തിനു കരകയറാൻ എത്ര സഹായം ലഭിച്ചാലും മതിയാവാത്ത സാഹചര്യമാണെങ്കിലും കേന്ദ്രത്തിന്റെ കൈത്താങ്ങിനു പ്രതീക്ഷിച്ച ബലമില്ലാതെപോയി. ഉരുൾപൊട്ടൽ മേഖലയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ സന്ദർശനം ഏറെ പ്രതീക്ഷയോടെയാണു ദുരന്തബാധിതരും കേരളവും കണ്ടത്. എന്നാൽ, മറ്റു സംസ്ഥാനങ്ങളെ കേന്ദ്രം കയ്യയച്ചു സഹായിച്ചപ്പോഴും അർഹമായ സഹായം കേരളത്തിനു ലഭിച്ചില്ല. ഡിസംബറിൽ ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ചെങ്കിലും ഏറെ വൈകിയതിനാൽ കേരളത്തിനു ഗുണമില്ലാതെയും പോയി.

ദുരന്തത്തെ 'എൽ ത്രീ' (അതിതീവ്ര ദുരന്തം) വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന മുഖ്യമന്ത്രിയുടെ ആവശ്യം തള്ളിക്കളഞ്ഞതോടെ, ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള രാജ്യാന്തര ഏജൻസികളിൽനിന്നുള്ള സാമ്പത്തിക സഹായത്തിനുള്ള അവസരവും കേരളത്തിന് നഷ്ടമായി. ഇതിനെല്ലാം പുറമെയാണ്, ദുരിതബാധിതർക്ക് ആശ്വാസമാകേണ്ടിയിരുന്ന ദേശസാൽകൃത ബാങ്കുകളിലെ കടം എഴുതിത്തള്ളാനും പുതിയ വായ്പ അനുവദിക്കാനും എൻഡിഎംഎ എക്സിക്യൂട്ടീവിന് അധികാരം നൽകിയിരുന്ന 2005-ലെ ഡിസാസ്റ്റർ ആക്ടിന്റെ സെക്ഷൻ 13 കേന്ദ്രം എടുത്തു കളഞ്ഞത്. ഇത് ദുരന്തത്തിനിരയായവർക്ക് മേൽ ഇരുട്ടടി പോലെയായി.

ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നു വ്യക്തമായ മറുപടി ഇനിയും ഉണ്ടായില്ല എന്നതും നിർഭാഗ്യകരമാണ്. ഭരണഘടന ഉറപ്പുനൽകുന്ന ഫെഡറൽ തത്വത്തിന്റെ താൽപര്യംകൂടി ഉൾപ്പെടുന്ന വിഷയമാണിതെന്നു കോടതി വാക്കാൽ അഭിപ്രായപ്പെട്ടിട്ടും അനിശ്ചിതത്വം തുടരുകയാണു കേന്ദ്രം. കേന്ദ്രസർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ചു ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്നു നേരത്തേ ഡിവിഷൻ ബെഞ്ച് നിർദേശിച്ചിരുന്നു. വയനാട് ദുരന്തബാധിതരുടെ വായ്പകൾ കേരള ബാങ്ക് എഴുതിത്തള്ളിയതും ഹൈക്കോടതി ചൂണ്ടിക്കാട്ടുകയുണ്ടായി.

ഇതിലും ക്രൂരമായ നടപടിയായിരുന്നു 2006 മുതലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യോമസേനയുടെ ഹെലികോപ്ടർ ഉപയോഗിച്ചതിന് എയർലിഫ്റ്റിങ് ചാർജായി 132 കോടി രൂപ കേരളത്തിന്റെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് തിരികെ ആവശ്യപ്പെട്ട കേന്ദ്ര സമീപനം. രാഷ്ട്രീയ വിവേചനമാണ് ഈ നടപടികൾക്ക് പിന്നിലെന്നാണ് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പ്രതികരിച്ചത്. പ്രളയ അപകടസാദ്ധ്യതാ പരിപാലന പദ്ധതിയനുസരിച്ച് തിരുവനന്തപുരം ഉൾപ്പെടെ 11 തലസ്ഥാന നഗരങ്ങൾക്ക് 2444.42 കോടി രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. എന്നാൽ, ഒരു ജനതയുടെ നിലനിൽപ്പിനായി അടിയന്തരമായി ആവശ്യപ്പെട്ട സഹായം നിഷേധിക്കപ്പെടുകയും അതിന്റെ പത്തിലൊന്ന് മാത്രം 'ഔദാര്യം' പോലെ അനുവദിക്കുകയും ചെയ്യുന്നത് നീതിയല്ല.

ദുരന്തമുഖങ്ങളിൽ രാഷ്ട്രീയം കലർത്താതെ, മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാൻ കേന്ദ്രസർക്കാർ ഇനിയെങ്കിലും തയാറാകണം. വയനാടിന്റെ കണ്ണീരൊപ്പാൻ കേരളം ആവശ്യപ്പെട്ട സഹായം പൂർണമായും അനുവദിക്കുക എന്നതാണ് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തോട് ചെയ്യാൻ കഴിയുന്ന ഏറ്റവും കുറഞ്ഞ നീതി.

പുനരധിവാസം എത്രയും വേഗം സാധ്യമാക്കുകയെന്നതാണു മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ ഏറ്റവും പ്രധാന ആവശ്യം. സമയബന്ധിതമായി ടൗൺഷിപ് പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പംതന്നെ ദുരന്തഭൂമിയുടെ പുനർനിർമാണവും വേഗത്തിലാക്കണം. അടിസ്ഥാന സൗകര്യങ്ങളെല്ലാം പുനഃസ്ഥാപിക്കാനും വൈകരുത്. ഇനിയുള്ള ഓരോ ഘട്ടവും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ കേരള സർക്കാരിനു കഴിയണം.

അതേസമയം, ഇതുപോലുള്ള വൻദുരന്തത്തിൽനിന്നുള്ള പുനരുജ്ജീവനം കേരള സർക്കാരിനു തനിച്ചു നടപ്പാക്കാൻ കഴിയുന്നതല്ല. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരിന്റെ നിർലോഭമായ സാമ്പത്തിക സഹായം അനിവാര്യമാണ്. മറ്റു സംസ്ഥാനങ്ങൾക്ക് അടിയന്തരസഹായം അനുവദിച്ച മാതൃകയിൽത്തന്നെ ഫണ്ട് അനുവദിക്കുകയെന്നതു കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തം തന്നെ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പാരസ്പര്യത്തിൽനിന്നേ ഈ മേഖലയ്ക്കു വീണ്ടും ജീവവായു നൽകാൻ കഴിയൂ. അതുകൊണ്ടുതന്നെ അർഹമായ സഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ ഇനിയും മടിച്ചുകൂടാ.

# യുവാക്കൾക്ക് 62,000 കോടിയുടെ പദ്ധതിയുമായി മോദി

ന്യൂഡൽഹി: തൊഴിലില്ലായ്മയും കുടിയേറ്റവും ബിഹാറിലെ യുവാക്കൾക്കിടയിൽ സൃഷ്ടിച്ചിരിക്കുന്ന ഭരണവിരുദ്ധ വികാരത്തെ മറികടക്കാനായി യുവാക്കളെ കേന്ദ്രീകരിച്ചുള്ള വിവിധ സംരംഭങ്ങൾ ഉദ്ഘാടനംചെയ്തു പ്രധാനമന്ത്രി നരേന്ദ്രമോദി.

യുവാക്കൾ പ്രാഥമിക ഗുണഭോക്താക്കളാകുന്ന 62,000 കോടി രൂപയുടെ സംരംഭങ്ങളാണു പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തത്. ഇന്ത്യയെങ്ങുമുള്ള യുവാക്കൾക്ക് ഗുണകരമാകുന്ന സംരംഭങ്ങൾക്കാണു പ്രധാനമന്ത്രി തുടക്കമിട്ടതെങ്കിലും അടുത്ത മാസം തെരഞ്ഞെടുപ്പ് നടക്കുന്ന ബിഹാറിലേക്കാണ് സർക്കാർ കണ്ണെറിയുന്നതെന്ന് സംരംഭങ്ങളുടെ ഊന്നലും മോദിയുടെ പ്രസംഗവും വ്യക്തമാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎം സേതുവാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത സംരംഭങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്. നവീകരിച്ച ഐടിഐകളിലൂടെ നൈപുണ്യവികസനവും തൊഴിൽക്ഷമത രൂപാന്തരവും സാധ്യമാക്കുന്ന പദ്ധതിക്ക് 60,000 കോടി രൂപയാണ് മുതൽമുടക്ക്. 200 ഹബ് ഐടിഐകളും 800 സ്പോക്ക് ഐടിഐകളും ഉൾപ്പെടെയുള്ള 1000 സർക്കാർ ഐടിഐകൾ പദ്ധതിക്കു കീഴിൽ ആധുനികവത്കരിക്കും.

ലോകബാങ്കിൽനിന്നും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും സാമ്പത്തികപിന്തുണയുള്ള സംരംഭത്തി



ന്റെ ആദ്യഘട്ടം ബിഹാറിലെ പാറ്റ്നയിലും ദർബാംഗയിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഇന്ത്യയിലെ 400 നവോദയ വിദ്യാലയങ്ങളിലും 200 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുമായി 1200 വൊക്കേഷണൽ നൈപുണ്യ ലാബുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം ബിഹാർ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് അഞ്ചുലക്ഷത്തിനടുത്ത് ബിരുദധാരികൾക്ക് രണ്ടു വർഷത്തേക്ക് സൗജന്യ നൈപുണ്യ പരിശീലനത്തോടൊപ്പം 1000 രൂപ പ്രതിമാസ വേതനം ലഭിക്കുന്ന പദ്ധതിക്കും യുവാക്കളെ ഉന്നമിട്ടുള്ള ബിഹാർ വിദ്യാർത്ഥി ക്രെഡിറ്റ് കാർഡ് പദ്ധതിക്കും മോദി തുടക്കമിട്ടു.

വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനായി പലിശയില്ലാതെ നാലു ലക്ഷം രൂപ വരെ വായ്പയെടുക്കാൻ അനുവദിക്കുന്നതാണു ബിഹാർ വിദ്യാർത്ഥി ക്രെഡിറ്റ് കാർഡ് പദ്ധതി.

ബിഹാറിന്റെ അഭിവൃദ്ധിക്കായുള്ള പദ്ധതികൾ പ്രഖ്യാപിച്ചതിനോടൊപ്പം തന്നെ ബിഹാറിലെ പ്രതിപക്ഷത്തെയും മോദി കടന്നാക്രമിച്ചു.

ബിഹാറിലെ വിദ്യാഭ്യാസത്തിന്റെ പരിതാപകരമായ സ്ഥിതിക്കും ബിഹാറിൽനിന്നുള്ള കുടിയേറ്റത്തിന്റെയും വലിയൊരു കാരണം ആർജെഡി ഭരണമാണെന്ന് മോദി കുറ്റപ്പെടുത്തി.

ബിഹാറിന്റെ മുൻ മുഖ്യമന്ത്രി കർപൂരി ഠാക്കൂറിന്റെ 'ജനനായക്' പദവി തട്ടിയെടുത്ത് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് നൽകുകയാണെന്നും മോദി വിമർശിച്ചു.

# കാരിത്താസ് ട്രസ്റ്റും ഡബ്ല്യു.എച്ച്.ഒയും തമ്മിൽ ധാരാണാപത്രം

കോട്ടയം: കേരളത്തിലെ പൊതുജനാരോഗ്യം ശക്തിപ്പെടുത്താൻ വേണ്ടി ലോകാരോഗ്യ സംഘടന (ഡബ്ല്യു എച്ച്.ഒ)യും കാരിത്താസ് ആശുപത്രി





ഇന്ത്യയിലെ ലോകാരോഗ്യ സംഘടനാ പ്രതിനിധി ഡോ. റോഡ്റിക്കോ എച്ച്. ഓഫ്രിനും കോട്ടയം കാരിത്താസ് ഹോസ്പിറ്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസിന്റെ ഡയറക്ടറായ റവ.ഡോ. ബിനു കുന്നത്തും ധാരണാപത്രത്തിൽ ഒപ്പുവെച്ചപ്പോൾ. ഡോ. രഞ്ജിനി രാമചന്ദ്രൻ, ജോസ് ജോം തോമസ്, ഡോ. വിനീത് മുനീഷ്ഗിൽ എന്നിവർ സമീപം.

ട്രസ്റ്റും തമ്മിൽ സാങ്കേതിക സഹകരണം ഉറപ്പാക്കുന്ന ധാരണാപത്രം ഒപ്പിട്ടു.

മധ്യതിരുവിതാംകൂർ ജില്ലകളെ കേന്ദ്രീകരിച്ച് കേരളത്തിന്റെ പൊതു ആരോഗ്യരംഗത്ത് ഗണ്യമായ മാറ്റം വരുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഈ ധാരണാപത്രം. ഡൽഹിയിലെ ലോകാരോഗ്യ സംഘടനയുടെ ആസ്ഥാനത്ത് ഇന്ത്യയിലെ ലോകാരോഗ്യ സംഘടനാ പ്രതിനിധിയുമായി ധാരണാപത്രം ഒപ്പിട്ടു. ഇന്ത്യയിലെ ലോകാരോഗ്യ സംഘടനാ പ്രതിനിധി ഡോ. റോഡ്റിക്കോ എച്ച്. ഓഫ്രിനും കോട്ടയം കാരിത്താസ് ഹോസ്പിറ്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസിന്റെ ഡയറക്ടറായ റവ.ഡോ. ബിനു കുന്നത്തുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. പ്രോജക്ട് ഏകോപനത്തിനായി കാരിത്താസ് ആശുപത്രിയിൽ ലോകാരോഗ്യ സംഘടനയുടെ സെന്റർ പ്രവർത്തിക്കും. രോഗകാരണങ്ങൾ കണ്ടെത്തൽ, പരിശീലനം എന്നിവയ്ക്കായി ഒരു സമന്വിത പൊതു ആരോഗ്യ ലബോറട്ടറി വികസിപ്പിക്കാൻ സഹായം നല്കുക, ആരോഗ്യരംഗത്തെ പുതു സംരംഭങ്ങൾ സമന്വയിപ്പിക്കുക എന്നിവയായിരിക്കും ലോകാരോഗ്യ സംഘടനയുടെ മുഖ്യചുമതല.

ലോകാരോഗ്യ സംഘടന കാരിത്താസ് ആശുപത്രിവഴി നടത്തുന്ന പൊതു ആരോഗ്യ ഇടപെടലുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ ഗവേഷണത്തിനും സാങ്കേതിക സഹായവും ലഭ്യമാക്കും.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# വയനാട് പുനരധിവാസം; കേരളത്തോടു വിവേചനം

ന്യൂഡൽഹി: ഉരുൾപൊട്ടൽ നാശം വിതച്ച വയനാട്ടിലെ പുനരധിവാസത്തിന് 260.56 കോടി രൂപ അനുവദിച്ച് കേന്ദ്രസർക്കാർ. ആഭ്യന്തരമന്ത്രി അമിത് ഷായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല സമിതിയാണ് (എച്ച്എൽസി) കഴിഞ്ഞവർഷം ഉരുൾപൊട്ടൽ ദുരന്തം വിതച്ച മുണ്ടക്കൈ, ചൂരൽമല പ്രദേശത്തിന്റെ പുനരധിവാസം, പുനരുദ്ധാരണം തുടങ്ങിയവയ്ക്കായി തുക അനുവദിച്ചത്. വയനാട് പുനരധിവാസത്തിനായി പിഡിഎൻഎ പ്രകാരം 2221 കോടി രൂപയുടെ പ്രത്യേക പാക്കേജാണു കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. നേരത്തേ വയനാട് പുനരധിവാസത്തിനു വായ്പയായി 562 കോടി രൂപ കേന്ദ്രം അനുവദിച്ചിരുന്നു. 2022-ൽ ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ആസാമിന് പുനരുദ്ധാരണത്തിനായി 1270.788 കോടി രൂപയും ഇതോടൊപ്പം അനുവദിച്ചിട്ടുണ്ട്.

ഈ രണ്ടു സംസ്ഥാനങ്ങൾക്കും പുറമെ മദ്ധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ബിഹാർ, ഛത്തീസ്ഗഡ്, ആന്ധ്രപ്രദേശ് തുടങ്ങി ഒമ്പത് സംസ്ഥാനങ്ങൾക്ക് 4545 കോടി രൂപയും കേന്ദ്രസർക്കാർ അനുവദിച്ചു. കൂടാതെ തിരുവനന്തപുരം, ഭോപ്പാൽ, ഭുവനേശ്വർ, ഗോഹട്ടി, ജയ്പുർ, കാൺപുർ, പാറ്റ്ന, റായ്പുർ, വിശാഖപട്ടണം, ഇൻഡോർ, ലക്നോ എന്നീ നഗരങ്ങൾക്കായി നഗര പ്രളയ അപകടസാധ്യതാ പരിപാലന പദ്ധതിയുടെ രണ്ടാംഘട്ട നടത്തിപ്പിനായി എച്ച്എൽസി അംഗീകാരം നൽകി. ഇതിനായി ദേശീയ ദുരന്ത ലഘൂകരണ ഫണ്ടിൽനിന്ന് ആകെ 2444.42 കോടി രൂപയുടെ ധനസഹായം നൽകും.

വെള്ളപ്പൊക്ക സാധ്യത കൂടുതലുള്ള ഏറ്റവും ജനസംഖ്യയുള്ള നഗരങ്ങൾ/സംസ്ഥാന തലസ്ഥാനങ്ങൾ എന്ന നിലയിലാണ് ഈ 11 നഗരങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നത്.

# കേരള ബാങ്കും ഓംബുഡ്സ്മാന്റെ പരിധിയിലായി

ന്യൂഡൽഹി: റിസർവ് ബാങ്കിന്റെ ഏകീകൃത പരാതി പരിഹാര സംവിധാനമായ ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാന്റെ പരിധിയിലേക്ക് കേരള ബാങ്കും വരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാന്റെ പരിധിയിലേക്കു കൊണ്ടുവരുന്നതിനുള്ള കരടുമാർഗരേഖ റിസർവ് ബാങ്ക് ഉടൻ പുറത്തിറക്കും. നിലവിൽ കേരള സഹകരണ സംഘം നിയമം പ്രകാരമുള്ള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ സ്കീമിലാണു കേരള ബാങ്ക് ഉൾപ്പെട്ടിരിക്കുന്നത്. കരടുശിപാർശ നടപ്പായാൽ സംസ്ഥാന സഹകരണ ബാങ്കുകൾക്കെതിരെയുള്ള പരാതികളിൽ 30 ദിവസത്തിനകം നടപടിയുണ്ടാകാതിരിക്കുകയോ പരാതി നിരസിക്കുകയോ ചെയ്താൽ ആർബിഐ ഓംബുഡ്സ്മാനെ നേരിട്ടു സമീപിക്കാം.

ബാങ്കുകൾ, ബാങ്കിങ് ഇതര സ്ഥാപനങ്ങൾ (എൻബിഎഫ്സി), ഡിജിറ്റൽ പേയ്മെന്റുകൾ എന്നിവയ്ക്കുണ്ടായിരുന്ന മൂന്ന് വ്യത്യസ്ത ഓംബുഡ്സ്മാൻ പദ്ധതികൾ ലയിപ്പിച്ചാണ് 2021-ൽ ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാൻ സംവിധാനം സജ്ജമാക്കിയത്. ഏതൊക്കെ ബാങ്കുകൾ സംവിധാനത്തിന്റെ പരിധിയിൽ വരുമെന്നും വെബ്സൈറ്റിലൂടെ അറിയാം. സംശയങ്ങൾക്ക് മലയാളം ഉൾപ്പെടെ 10 ഭാഷകളിൽ ടോൾഫ്രീ നമ്പർ സൗകര്യമുണ്ട്.

# ശശി തരൂർ വിദേശകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷനായി തുടരും

ന്യൂഡൽഹി: പാർലമെന്റിന്റെ 24 സ്ഥിരം സമിതികളും പുനഃസംഘടിപ്പിച്ചു. വിദേശകാര്യ സ്ഥിരം സമിതിയുടെ അദ്ധ്യക്ഷൻ ശശി തരൂർ അടക്കം എല്ലാ കമ്മിറ്റികളുടെയും തലവന്മാർ തുടരും. ഓപ്പറേഷൻ സിന്ദൂർ അടക്കമുള്ള വിഷയങ്ങളിൽ തരൂർ കോൺഗ്രസ് നിലപാടിൽ നിന്നു വ്യത്യസ്തമായി അഭിപ്രായപ്രകടനം നടത്തിയെങ്കിലും അദ്ദേഹത്തെ പാർട്ടി വീണ്ടും നോമിനേറ്റ് ചെയ്തു.



കോൺഗ്രസ് പാർലമെന്ററി പാർട്ടി അദ്ധ്യക്ഷയെന്ന നിലയിൽ സോണിയ ഗാന്ധിയാണു സ്പീക്കർക്കു കത്തു നൽകുന്നത്. തരൂരിനു പുറമേ ദിഗ്‌വിജയ് സിങ് (വിദ്യാഭ്യാസം), ചരൺജിത് സിങ് ഛന്നി (കൃഷി), സപ്തഗിരി ഉലാക (ഗ്രാമവികസനം) എന്നിവരെയും കോൺഗ്രസ് നിലനിർത്തി. എല്ലാ വർഷവും സെപ്റ്റംബറിലാണു സ്ഥിരം സമിതികൾ പുനഃസംഘടിപ്പിക്കുന്നത്. ബിസിനസ് സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള ജൻ വിശ്വാസ് ഭേദഗതി ബിൽ, പാപ്പരത്ത നിയമ ഭേദഗതി ബിൽ എന്നിവ പരിഗണിക്കാനായി പാർലമെന്റിന്റെ രണ്ട് സിലക്ട് കമ്മിറ്റികളും രൂപീകരിച്ചു. ജൻ വിശ്വാസ് ഭേദഗതി ബിൽ പരിഗണിക്കുന്ന കമ്മിറ്റിയിൽ കേരളത്തിൽ നിന്ന് എൻ.കെ. പ്രേമചന്ദ്രൻ അംഗമാണ്. ബിജെപിയുടെ തേജസ്വി സൂര്യയാണ് അദ്ധ്യക്ഷൻ. ഐബിസി സിലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ബിജെപിയുടെ ബൈജയന്ത് പാണ്ഡയാണ്. ഗുരുതര കുറ്റകൃത്യങ്ങളുടെ പേരിൽ പ്രധാനമന്ത്രി, മുഖ്യമന്ത്രിമാർ, മന്ത്രിമാർ എന്നിവർക്കു സ്ഥാനം നഷ്ടമാകുന്നതു വ്യവസ്ഥ ചെയ്യുന്ന മൂന്ന് ബില്ലുകൾ പരിഗണിക്കേണ്ട സമിതി ഇതുവരെ രൂപീകരിച്ചിട്ടില്ല.

# ഇന്ത്യയിൽനിന്നു യൂറോപ്പിലേക്കുള്ള ഡീസൽ കയറ്റുമതി റിക്കാർഡിലേക്ക്

മുംബൈ: സെപ്റ്റംബറിൽ യൂറോപ്പിലേക്കുള്ള ഇന്ത്യയുടെ ഡീസൽ കയറ്റുമതി എക്കാലത്തെയും ഉയർന്ന നിലയിൽ എത്തിയെന്ന് ഷിപ്പ് ട്രാക്കർമാരുടെയും വ്യാപാരികളുടെയും കണക്കുകൾ വ്യക്തമാക്കുന്നു. റിഫൈനറികളുടെ അറ്റകുറ്റപ്പണികളുടെ കാലയളവിൽ പാശ്ചാത്യ വിപണികളിലെ ശക്തമായ ലാഭം മുതലെടുത്തതാണ് കയറ്റുമതിയിലെ കുതിച്ചുചാട്ടത്തിനു കാരണം. സെപ്റ്റംബറിൽ ഇന്ത്യയിൽനിന്നു യൂറോപ്പിലെത്തിയത് 1.3 മില്യൺ മുതൽ 1.4 മില്യൺ ടൺ വരെ (9.7 മില്യൺ മുതൽ 10.4 മില്യൺ വരെ) ഡീസലാണ്. ഈ കണക്കുകൾ എൽഎസ്ഇജി, കെപ്ലർ, മറ്റ് രണ്ടു വ്യാപാര സ്രോതസുകളിൽനിന്നുള്ളതാണ്.

2017-ൽ ട്രാക്കിംഗ് ആരംഭിച്ചശേഷം ഇന്ത്യയിൽനിന്ന് യൂറോപ്പിലേക്കുള്ള കയറ്റുമതി ആദ്യമായാണ് ഈ നിലയിലെത്തുന്നത്. റഷ്യയിൽനിന്നാണ് ക്രൂഡ് ഓയിലിന്റെ മൂന്നിലൊന്നും ഇന്ത്യയിലേക്കു വരുന്നത്. ഇന്ത്യയിലെ റിഫൈനറികൾ, എണ്ണ ഉത്പാദനം വർധിപ്പിക്കുകയും മിച്ച ഉത്പന്നങ്ങൾ വിദേശത്തേക്ക് തിരിച്ചുവിടുകയും ചെയ്യുന്നു. ഗ്യാസോലിൻ, ഡീസൽ കയറ്റുമതി ഒന്നിലധികം വർഷത്തെ ഏറ്റവും ഉയർന്ന നിലയിലെത്തി. കെപ്ലർ ഷിപ്പ് ട്രാക്കിംഗ് ഡാറ്റ പ്രകാരം സെപ്റ്റംബറിലെ മൊത്തം ഡീസൽ കയറ്റുമതി ഏകദേശം മൂന്നു ബില്യൺ ടണ്ണിലെത്തി. ഇത് അഞ്ചു വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. ഓഗസ്റ്റിൽ ഒരു മെട്രിക് ടണ്ണിന് 30 ഡോളറായിരുന്നെങ്കിൽ സെപ്റ്റംബറിൽ 45 ഡോളറായി ഉയരുന്നുവെന്ന് എൽഎസ്ഇജിയുടെ കണക്കുകൾ പറയുന്നു. ഇത് വ്യാപാരികളെ ഉത്പന്നം യൂറോപ്പിലേക്ക് മാറ്റാൻ പ്രേരിപ്പിക്കുന്നു

# ഹിമാചലിലെ കോൾഡ് ഡെസേർട്ടിന് യുനെസ്കോ അംഗീകാരം

ന്യൂഡൽഹി: ഹിമാചൽപ്രദേശിലെ കോൾഡ് ഡെസേർട്ട് ബയോസ്ഫിയർ റിസർവിന് യുനെസ്കോയ്ക്കു കീഴിലുള്ള വേൾഡ് നെറ്റ്‌വർക്ക് ഓഫ് ബയോസ്ഫിയർ റിസർവ്സിന്റെ (ഡബ്ല്യുഎൻബിആർ) അംഗീകാരം. വിവിധരാജ്യങ്ങളിലായി ഡബ്ല്യുഎൻബിആർ പ്രഖ്യാപിച്ച 26 പുതിയ റിസർവുകളിലാണ് കോൾഡ് ഡെസേർട്ട് ഉൾപ്പെട്ടത്. ഹിമാചലിലെ ലാഹോർ-സ്പിതി ജില്ലയിലെ 7770 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചു കിടക്കുന്ന കോൾഡ് ഡെസേർട്ട് ലോകത്തെ ഏറ്റവും തണുപ്പേറിയ, വരണ്ട ആവാസ വ്യവസ്ഥകളിൽ ഒന്നാണ്. ശീതക്കാറ്റേറ്റു കിടക്കുന്ന പീഠഭൂമികൾ, മഞ്ഞുതാഴ്‌വരകൾ, തടാകങ്ങൾ, കൊടുമുടികൾക്കിടയിലെ മരുഭൂമികൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് ഈ മേഖലയ്ക്ക്. ഇതോടെ ഇന്ത്യയിലെ ഡബ്ല്യുഎൻബിആർ അംഗീകൃത ബയോസ്ഫിയർ റിസർവുകളുടെ എണ്ണം 13 ആയി.

# അഞ്ച് വർഷത്തിനുശേഷം ഇന്ത്യ–ചൈന വിമാനസർവീസ് പുനരാരംഭിക്കുന്നു

ന്യൂഡൽഹി: അഞ്ച് വർഷത്തെ ഇടവേളയ്ക്കുശേഷം ഇന്ത്യയും ചൈനയും നേരിട്ടുള്ള വിമാനസർവീസുകൾ പുനരാരംഭിക്കുന്നു. കിഴക്കൻ ലഡാക്കിലെ സംഘർഷത്തെത്തുടർന്ന് നിർത്തിവെച്ച, നേരിട്ടുള്ള വിമാനസർവീസുകൾ ഈ മാസം അവസാനത്തോടെ പുനരാരംഭിക്കാനാണ് ധാരണ.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡണ്ട് ഷി ചിൻപിംഗും തമ്മിൽ കൂടിക്കാഴ്ച നടത്തി ഒരു മാസത്തിനുശേഷമാണ് വിമാനസർവീസുകളുടെ കാര്യത്തിൽ വിദേശകാര്യമന്ത്രാലയത്തിന്റെ അറിയിപ്പ്. ടിയാൻജിനിൽ ഷാങ്ഹായ് സഹകരണ ഉച്ചകോടിക്കിടെയായിരുന്നു മോദിയും ഷി ചിൻപിംഗും നേരിൽക്കണ്ടത്. 2020-ൽ കോവിഡിനെത്തുടർന്നാണ് നേരിട്ടുള്ള വിമാനസർവീസുകൾ ഇരു രാജ്യങ്ങളും നിർത്തിവെച്ചത്. പിന്നാലെ കിഴക്കൻ ലഡാക്കിലെ അതിർത്തിപ്രശ്നം ഉയർന്നതോടെ നേരിട്ടുള്ള വിമാനസർവീസുകൾ അനിശ്ചിതമായി നിലച്ചു. കഴിഞ്ഞ ഒക്ടോബറിൽ കിഴക്കൻ ലഡാക്കിൽനിന്ന് ഇരുസേനയും പിന്മാറുകയും ഉഭയകക്ഷി ബന്ധം വീണ്ടും ശക്തമാവുകയും ചെയ്തതോടെ ചർച്ചകളും ഊർജിതമായി. കൊൽക്കത്തയിൽനിന്ന് ഗ്വാൻഷുവിലേക്കുള്ള സർവീസുകൾ 26-നു തുടങ്ങുമെന്ന് ഇൻഡിഗോ അറിയിച്ചു. ഡൽഹി-ഗ്വാൻഷു സർവീസുകളും പിന്നാലെ തുടങ്ങും.











# ചിക്കാഗോ സീറോമലബാർ കത്തീഡ്രലിൽ നടത്തപ്പെട്ട കപ്പിൾസ് റിന്യൂവൽ നൈറ്റ്

## ആത്മീയതയും സ്നേഹപൂർണമായ കൂട്ടായ്മയും നിറഞ്ഞ ഒരു സ്മരണീയ സന്ധ്യ



**ജോജോ വെള്ളാനിക്കൽ**
**(ജനറൽ കോ - ഓർഡിനേറ്റർ)**



**ആനി മാനാട്ട്**
**(ജനറൽ കോ - ഓർഡിനേറ്റർ)**

**ദീപ്തി വിവീഷ്**

അമേരിക്കയിലെ സീറോമലബാർ രൂപതയുടെ രജത ജൂബിലിയുടെ ഭാഗമായി ഇടവകതലത്തിൽ 2025 സെപ്റ്റംബർ 20-ാം തീയതി കപ്പിൾസ് ഗ്രാൻഡ് റിന്യൂവൽ നൈറ്റ് ചിക്കാഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രലിൽ നടത്തപ്പെട്ടു. പ്രായഭേദമെന്യേ ഇടവകയിലെ ദമ്പതിമാരുടെ നിറഞ്ഞ സാന്നിദ്ധ്യം ഈ സ്നേഹസംഗമത്തിന്റെ ആദ്യവസാനം വരെ ഉണ്ടായിരുന്നു. വൈകുന്നേരം അഞ്ചു മണിക്ക് ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയോടെയും അനുഗ്രഹ ശുശ്രൂഷകളോടെയും ഈ ആഘോഷത്തിന്റെ തുടക്കം കുറിച്ചു. പിതാവിനോടൊപ്പം റവ.ഫാ. മാത്യു പുളിന്താനം, കത്തീഡ്രൽ വികാർ റവ.ഫാ. തോമസ് കടുകപ്പള്ളിൽ, അസി. വികാർ ഫാ. യൂജിൻ എന്നിവരും സഹകാർമ്മികത്വം വഹിച്ചു. ശുശ്രൂഷകളുടെ ഭാഗമായി വിവാഹനാളിൽ ദമ്പതിമാർ എടുത്ത വിവാഹ പ്രതിജ്ഞ ജോയ് പിതാവ് ചൊല്ലിക്കൊടുക്കുകയും ദമ്പതിമാർ അത് ഏറ്റുചൊല്ലുകയും ചെയ്തു. ഒപ്പംതന്നെ പിതാവിന്റെ ആശീർവാദത്തോടെ ദമ്പതിമാർ അവരുടെ വിവാഹമോതിരങ്ങൾ പരസ്പരം അണിയുകയും ചെയ്തു. വിവാഹം ഒരു കൂദാശ മാത്രമല്ല ക്രിസ്തുവിന് സഭയോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതീകം കൂടിയാണെന്നും പിതാവിന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. ദമ്പതിമാരുടെ ഐക്യവും സ്നേഹവും നല്ല ഒത്തൊരുമയുള്ള കുടുംബത്തിന്റെ അടിത്തറയാണെന്നും കുടുംബങ്ങളുടെ കൂട്ടായ്മ ഒരു നല്ല ഇടവക രൂപീകരണത്തിനും രൂപതയുടെയും സഭയുടെയും വളർച്ചയ്ക്കും കാരണമാകുമെന്നുമുള്ള വിശ്വാസത്തിൽ നിന്നും ഇടവകയുടെ ഇടയനായി ഫാ. തോമസ് കടുകപ്പള്ളിലിന്റെ മനസ്സിൽ ഉടലെടുത്ത ആശയമായിരുന്നു ഈ ആഘോഷം സംഘടിപ്പിക്കാൻ പ്രചോദനമായത്.

പരിശുദ്ധ കുർബാനയ്ക്കുശേഷം പാരിഷ് ഹാളിൽ വെച്ച് ക്യാൻഡിൽ ലൈറ്റ് ഡിന്നറും ഫോട്ടോ ഷൂട്ടും നർമ്മം നിറഞ്ഞ ഉല്ലാസ പരിപാടികളും ദമ്പതികൾക്കായി ഒരുക്കിയിരുന്നു. ഇതോടൊപ്പം തന്നെ ദമ്പതിമാരുടെ ഒരു റാംപ് വോക്കിംഗ് സൗഹൃദ മത്സരവും നടത്തി. മുപ്പതിൽപ്പരം ദമ്പതികൾ പങ്കെടുത്ത ഈ പെർഫോമൻസിൽ ടോം ജോസ് ആൻഡ് ജിനു ജോസ് ദമ്പതികൾ ഒന്നാം സ്ഥാനം നേടുകയും സമ്മാനമായി ഒരു ഗോൾഡ് കോയിൻ കരസ്ഥമാക്കുകയും ചെയ്തു. ഫസ്റ്റ് റണ്ണർ അപ്പായി കുര്യാക്കോസ് ചിറമേൽ ആൻഡ് ജിഷ ചിറമേൽ, സെക്കൻഡ് റണ്ണർ അപ്പായി നിജിൽ മാത്യു ആൻഡ് അനീറ്റ നിജിൽ ദമ്പതികളും തെരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിലെ വിജയികളെ നിർണ്ണയിക്കുന്നതിനായി പ്രശസ്ത സിനിമാതാരവും നർത്തകിയുമായ ദിവ്യ ഉണ്ണിയും വ്യവസായ സംരംഭകനും ആൽകോർ സിഇഒയുമായ ജോർജ് മൊളാക്കലും പ്രത്യേകാതിഥികളായി പങ്കെടുത്തു. ഡിജിറ്റൽ വോട്ടിംഗിലൂടെ കാണികൾക്കും അവരുടെ അഭിപ്രായം രേഖപ്പെടുത്താൻ അവസരം ലഭിച്ചു.



ഇതിനോടനുബന്ധിച്ചു നടത്തിയ ദിവ്യാ ഉണ്ണിയുടെ നൃത്തവിരുന്ന് ഈ ആഘോഷസന്ധ്യയുടെ മാറ്റ് കൂട്ടി. ഈ പരിപാടിയുടെ ജനറൽ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിച്ചത് ജോജോ വെള്ളാനിക്കലും ആനി മാനാട്ടുമാണ്. ഇടവക കൈക്കാരന്മാരായ ബോബി ചിറയിൽ, സന്തോഷ് കാട്ടൂക്കാരൻ, ബിജി സി. മാണി, വിവീഷ് ജേക്കബ് എന്നിവരുടെ സമ്പൂർണ്ണ സഹകരണം ഇവരോടൊപ്പം ഉണ്ടായിരുന്നു. കത്തീഡ്രൽ ഇടവകയിലെ സിസ്റ്റേഴ്സ് പ്രാർത്ഥനയും പിന്തുണയും നല്കി ഇതിൽ ഭാഗമായി. അതോടൊപ്പം തന്നെ ഈ ആഘോഷം വളരെ മനോഹരമായി പൂർത്തിയാക്കാൻ വിവിധ കമ്മിറ്റികളിലായി പ്രവർത്തിച്ച വോളന്റിയർമാരുടെ നിസ്വാർത്ഥമായ സേവനങ്ങൾ എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ പരിപാടിയെ വിജയകരമാക്കാൻ സാമ്പത്തികസഹായം നല്കിക്കൊണ്ട് മുന്നോട്ടുവന്ന സ്പോൺസർമാരെയും നന്ദിയോടെ അനുസ്മരിക്കേണ്ടതുണ്ട്.

കൂടിച്ചേരലും പ്രാർത്ഥനയും ആഘോഷങ്ങളും നിറഞ്ഞ കപ്പിൾസ് ഗ്രാൻഡ് റിന്യൂവൽ നൈറ്റ് പങ്കെടുത്ത എല്ലാവർക്കും മറക്കാനാകാത്ത അനുഭവമായി മാറി. കുടുംബങ്ങളെ ആധാരമാക്കി ഇടവകയുടെയും രൂപതയുടെയും മുന്നേറ്റത്തിന് ഉറച്ച അടിത്തറ ഒരുക്കാൻ സമർപ്പിതമായി പ്രവർത്തിച്ച ഓരോരുത്തർക്കും ഈ യാത്രയിലേക്ക് കൈകോർത്തു നടന്ന എല്ലാ ദമ്പതിമാർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഈ പരിപാടിയുടെ വിജയം വിശ്വാസിസമൂഹം ആഴത്തിൽ ഏകോപിതമാകുന്നതിനായി, ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകതലത്തിൽ നടത്താനിരിക്കുന്ന നിരവധി ആത്മീയവും സാമൂഹികവുമായ പരിപാടികൾക്ക് പ്രചോദനം നല്കുന്നതാണ്.

**കപ്പിൾസ് നൈറ്റ് വോളന്റിയേഴ്സ്**

ജനറൽ കോ-ഓർഡിനേറ്റേഴ്സ്: ജോജോ വെള്ളാനിക്കൽ, ആനി മാനാട്ട്.



രജിസ്ട്രേഷൻ കമ്മിറ്റി: രഞ്ജിത് ചെറുവള്ളിൽ, ജേക്കബ് തോമസ്, സജി വർഗീസ്, ജോസഫ് സ്കറിയ, അനീഷ് ആന്റോ.

ലിറ്റർജി: ജോസ് കടവിൽ ആൻഡ് ടീം.

ക്വയർ: റോയ് നെടുങ്കോട്ടിൽ ആൻഡ് ടീം.

സ്പോൺസർഷിപ്പ് കമ്മിറ്റി: സുഭാഷ് ജോർജ്, ജിജു സ്റ്റീഫൻ.

ഡെക്കറേഷൻസ് ടീം: മിന്നി നെടുങ്കോട്ടിൽ, നിഷ സുഭാഷ്, അമ്പിളി ജോർജ്, ടിനു പുത്തൻവീട്ടിൽ, ലത ചിറയിൽ, റൂബി വെള്ളാനിക്കൽ, മനേഷ് അക്കത്തറ.

ഫുഡ് ആൻഡ് ഡൈനിങ് ടീം: സിസ്റ്റർ റോസ് ആൻഡ് ടീം., കുഞ്ഞുമോൾ തോബിയാസ്, ജാക്വിലിൻ വർഗീസ്, റോസമ്മ തേനിയപ്ലാക്കൽ, ജോളി ജോ, സുജിമോൾ ചിറയിൽ, മിന്നി നെടുങ്കോട്ടിൽ, റൂബി വെള്ളാനിക്കൽ, ദീപ്തി ജേക്കബ്, റോയ് ചാവടിയിൽ, മത്തച്ചൻ പള്ളിത്തറ, ജോണി മണ്ണഞ്ചേരിൽ, ജോണി വടക്കുംചേരി.

ഫോട്ടോഗ്രാഫി: ജിജു സ്റ്റീഫൻ, മിഥുൻ രാജു തളിയത്ത്, സുഭാഷ് ജോർജ്.

എന്റർടൈൻമെന്റ്സ്: ജോഷി കുഞ്ചെറിയ, ജോർജ് ജോസഫ്, ജൂഡി തോമസ്, റോസ് വടകര, ബ്രിസ്റ്റോ സേവ്യർ, കെവിൻ ഗോമസ്, ഡെക്സ്റ്റർ ആന്റണി.

ഓഡിയോ & വീഡിയോ: ബിജു സക്കറിയ, ടോം ജോസ്, മനേഷ് അക്കത്തറ

പബ്ലിസിറ്റി & സോഷ്യൽ മീഡിയ: രഞ്ജിത് ചെറുവള്ളിൽ, റോമിയോ കാട്ടൂക്കാരൻ, ജിതേഷ് ചുങ്കത്ത്.

ഡിജിറ്റൽ വോട്ടിംഗ്: ഡിറ്റോ മണവാളൻ, ജോസഫ് രഞ്ജു

ചൈൽഡ് കെയർ അറേഞ്ച്മെന്റ്: ഷാബു മാത്യു

**സ്പോൺസർമാരോടുള്ള ഹൃദയപൂർവ്വ നന്ദി:**

* ഡയമണ്ട് സ്പോൺസർ: വെർട്ടിക്സ് എഞ്ചിനീയറിങ് എൽഎൽസി - സ്മിത ബൈജു.

* പ്ലാറ്റിനം സ്പോൺസർമാർ: ഫെബിൻ മൂത്തേരിൽ, ഡോ. എഡ്വിൻ.

* ഗോൾഡ് സ്പോൺസർമാർ: ജോസ് ചാമക്കാല, ബിജി സി. മാണി, ജോജോ വെള്ളാനിക്കൽ, ആനി മാനാട്ട്, ആൻഡ്രൂസ് തോമസ്.

* സിൽവർ സ്പോൺസർമാർ: സുഭാഷ് ജോർജ്, തോമസ് ഔസേപ്പ് സിപിഎ, ബോബി ചിറയിൽ, ജോണി വടക്കുംചേരി.

* ബെസ്റ്റ് കോംപ്ലിമെന്റ്സ്: സാബു അച്ചേട്ട് (അച്ചീവ് റിയൽ എസ്റ്റേറ്റ്), ടോമി വെള്ളൂക്കുന്നേൽ, ടോം സണ്ണി ഈരൂരിക്കൽ, ജോമോൻ ചിറയിൽ.







# ഒൻപതുവയസ്സുകാരിയുടെ വലതുകൈ മുറിച്ചുമാറ്റി; ചികിത്സാ പിഴവെന്ന് പരാതി

പാലക്കാട്: കൈയിലെ എല്ലു പൊട്ടിയതിന് പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയ ഒൻപതുവയസ്സുകാരിക്ക് വലതുകൈ മുട്ടിനുതാഴെ മുറിച്ചുമാറ്റേണ്ടിവന്നു. പല്ലശ്ശന ഒഴിവുപാറയിൽ നിർമ്മാണത്തൊഴിലാളിയായ വിനോദിന്റെയും പ്രസീദയുടെയും മകൾ വിനോദിനിയുടെ കൈയാണ് മുറിച്ചത്. ജില്ലാ ആശുപത്രിയിലെ ചികിത്സാപ്പിഴവാണ് കാരണമെന്ന് രക്ഷിതാക്കളും ബന്ധുക്കളും പരാതി നൽകി.

സെപ്റ്റംബർ 24-ന് വൈകിട്ട് വീട്ടുമുറ്റത്ത് അനുജനോടൊപ്പം കളിക്കുന്നതിനിടെയാണ് വിനോദിനി വീണ് പരുക്കേറ്റത്. ചിറ്റൂർ സർക്കാർ ആശുപത്രിയിൽ പ്രഥമശുശ്രൂഷ നൽകി ജില്ലാ ആശുപത്രിയിലേക്ക് അയച്ചു. അവിടെ നടത്തിയ എക്സ്റേ പരിശോധനയിൽ കൈയിലെ രണ്ട് എല്ലുകൾ പൊട്ടിയതായി ഡോക്ടർ അറിയിച്ചു. ഒടിഞ്ഞ ഭാഗത്ത് പ്ലാസ്റ്റർ ഇടുകയും ചെയ്തു. എന്നാൽ, കണങ്കൈയിലെ മുറിവിന്റെ കാര്യത്തിൽ ഒന്നും ചെയ്തില്ലെന്ന് രക്ഷിതാക്കൾ പറയുന്നു.



വീട്ടിലെത്തിയ കുട്ടിക്ക് അസഹ്യമായ വേദനയായതോടെ പിറ്റേന്ന് വീണ്ടും ജില്ലാ ആശുപത്രിയിലെത്തി. വേദനയ്ക്കുള്ള മരുന്നും മറ്റും നൽകി 30-ന് വരാൻ പറഞ്ഞ് വീട്ടിലേക്കയച്ചു. ഇതിനിടെ കുട്ടിയുടെ കൈയ്ക്ക് വീക്കമുണ്ടായി. വേദന രൂക്ഷമാകുകയും പ്ലാസ്റ്ററിട്ട ഭാഗത്തുനിന്ന് ദുർഗന്ധം വമിക്കുകയും ചെയ്തു. 30-ന് വീണ്ടും ജില്ലാ ആശുപത്രിയിലെത്തി. പ്ലാസ്റ്റർ അഴിച്ചതോടെ ഉൾഭാഗം അഴുകി വ്രണമായതായും പഴുപ്പ് വന്നതായും കണ്ടു. ഉടനെ മറ്റ് ഏതെങ്കിലും ആശുപത്രിയിലേക്കു കൊണ്ടുപോകാൻ നിർദേശിച്ചു. തുടർന്നാണ് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് എത്തിച്ചത്. വലതുകൈയുടെ മുട്ടിനുതാഴെ ചലനശേഷി വീണ്ടെടുക്കാനാകാത്തവിധം നഷ്ടപ്പെട്ടുവെന്നും കൈ മുറിച്ചു മാറ്റുകയല്ലാതെ വഴികളില്ലെന്നും അവിടത്തെ ഡോക്ടർമാർ പറഞ്ഞു. ശസ്ത്രക്രിയ വൈകിയാൽ പഴുപ്പ് മുകളിലേക്കു കയറി കുട്ടിയുടെ ജീവനുതന്നെ അപകടമുണ്ടാകുമെന്നും അറിയിച്ചു. ഇതോടെ, മുറിച്ചുമാറ്റാനുള്ള അനുവാദം നൽകുകയായിരുന്നു. സംഭവത്തിൽ രക്ഷിതാക്കളും ബന്ധുക്കളും കേന്ദ്ര, സംസ്ഥാന ആരോഗ്യമന്ത്രിമാർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകി. സംഭവത്തിൽ അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യമന്ത്രി വീണാ ജോർജ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

# 40 ശതമാനം ജിഎസ്ടി വരുമാനം അഞ്ച് സംസ്ഥാനങ്ങളിൽനിന്ന്

മുംബൈ: ഇന്ത്യയിലെ ജിഎസ്ടി വരുമാനത്തിൽ 40 ശതമാനവും അഞ്ചു സംസ്ഥാനങ്ങളിൽനിന്ന്. ഇക്കൊല്ലം ഏപ്രിൽ മുതൽ സെപ്റ്റംബർവരെ ലഭിച്ച മൊത്തം വരുമാനത്തിൽ 40 ശതമാനംവരെ തുക മഹാരാഷ്ട്ര, കർണാടക, ഗുജറാത്ത്, തമിഴ്നാട്, ഹരിയാന സംസ്ഥാനങ്ങളിൽനിന്നാണ് ലഭിച്ചിരിക്കുന്നതെന്ന് ജിഎസ്ടി വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. വ്യവസായ, സേവന മേഖലകൾ കേന്ദ്രീകരിച്ചിരിക്കുന്ന സംസ്ഥാനങ്ങളായതാണ് ഇവിടെ ജിഎസ്ടി വരുമാനം ഉയരാൻ സഹായകമാകുന്നത്.

നടപ്പുസാമ്പത്തികവർഷം ആദ്യ ആറുമാസക്കാലത്ത് മാസം ശരാശരി 31,830 കോടി രൂപയാണ് മഹാരാഷ്ട്രയിലെ വരുമാനം. സംയോജിത ജിഎസ്ടിയുടെ വിതരണത്തിനു മുൻപുള്ള കണക്കുകളാണിത്. രണ്ടാമതുള്ള കർണാടകയ്ക്കിത് 14,532 കോടിയാണ്. ഐടി മേഖലയും ഉത്പാദന കേന്ദ്രമെന്ന പദവിയും കർണാടകയെ ഇതിനു സഹായിക്കുന്നു. ഗുജറാത്തിൽ 11,844 കോടിയും തമിഴ്നാട്ടിൽ 11,750 കോടിയും ഹരിയാനയിൽ 10,764 കോടിയും നേടി. ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, ഡൽഹി, തെലങ്കാന, ഒഡീഷ സംസ്ഥാനങ്ങളിൽ 5,000 കോടിക്കും 10,000 കോടിക്കും ഇടയിലാണ് വരുമാനമുള്ളത്. ഉപഭോഗം ഉയരുന്ന സംസ്ഥാനമായ ഉത്തർപ്രദേശിൽ 9,965 കോടി ശരാശരി മാസവരുമാനവുമുണ്ട്.

മാസം ശരാശരി 1,800 കോടിക്കും 4,000 കോടിക്കും ഇടയിൽ വരുമാനം നേടുന്ന സംസ്ഥാനങ്ങളുടെ ഗണത്തിലാണ് കേരളം, ആന്ധ്രാപ്രദേശ്, ബീഹാർ, പഞ്ചാബ് സംസ്ഥാനങ്ങൾ. 2,993 കോടിയാണ് കേരളത്തിന്റെ ശരാശരി വരുമാനം. കേന്ദ്ര ജിഎസ്ടിയിനത്തിൽ കേരളത്തിന് ആറു മാസംകൊണ്ട് 6,339 കോടി ലഭിച്ചു.

സംസ്ഥാന ജിഎസ്ടിയായി 7,883 കോടിയും സംയോജിത ജിഎസ്ടിയായി 3,690 കോടിയും ലഭിച്ചിട്ടുണ്ട്. സെസ് ഇനത്തിൽ 46 കോടിയാണ്. ആറുമാസത്തിനിടെ 17,959 കോടിയാണ് ആകെ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. സെറ്റിൽമെന്റിനുമുമ്പുള്ള കണക്കുകളാണിവ.

# എഴുത്തിനിരുത്തിൽ കീഴ്വഴക്കം തെറ്റിക്കരുതെന്ന് ഹൈക്കോടതി

കൊച്ചി: കോഴിക്കോട് വളയനാട് ദേവസ്വം കീഴ്വഴക്കം തെറ്റിക്കരുതെന്നു ഹൈക്കോടതി. കോഴിക്കോട് സാമൂതിരിയും ഭരണകർത്താക്കളും ഗ്രന്ഥപൂജയുടെയും എഴുത്തിനിരുത്തിന്റെയും വേദി വളയനാട് ക്ഷേത്രത്തിലേക്കു മാറ്റിയതിനെതിരെ കോഴിക്കോട് ഭക്തജന സമിതി സെക്രട്ടറി എ. ജയദേവൻ ഉണ്ണി, ഭക്തജന സമിതി പ്രസിഡണ്ട് പി. ജയരാജൻ എന്നിവരും തളിക്കുളങ്ങര സ്വദേശി സിറാജ് കുമാറും നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി.

ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. കോഴിക്കോട് സാമൂതിരിയുടെ കീഴിലുള്ള ക്ഷേത്രങ്ങളിലൊന്നായ കോഴിക്കോട് ശ്രീവളയനാട് ദേവസ്വത്തിൽ, കീഴേടമായ വട്ടോളി ക്ഷേത്രത്തിലാണ് വർഷങ്ങളായി ഗ്രന്ഥപൂജയും എഴുത്തിനിരുത്തും നടന്നുവരുന്നത്.

ഈ വർഷവും ക്ഷേത്രം ഭരണാധികാരികൾ അതേ രീതിയിൽതന്നെ നടത്താൻ തീരുമാനിക്കുകയും പ്രചാരണം നടത്തുകയും ചെയ്തു. ഇതിനു വിരുദ്ധമായി സാമൂതിരിയും ഭരണകർത്താക്കളും ഗ്രന്ഥപൂജയുടെയും എഴുത്തിനിരുത്തിന്റെയും വേദി വളയനാട് ക്ഷേത്രത്തിലേക്കു മാറ്റി. ഈ തീരുമാനത്തിനെതിരെ എ. ജയദേവൻ ഉണ്ണി, പി. ജയരാജൻ എന്നിവർ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്കു പരാതി നൽകി.

മുൻ വർഷങ്ങളിലേതുപോലെ വട്ടോളി ക്ഷേത്രത്തിൽതന്നെ ഗ്രന്ഥപൂജയും എഴുത്തിനിരുത്തും നടത്താൻ കമ്മീഷണർ ഉത്തരവിട്ടു. ഈ ഉത്തരവ് നടപ്പാക്കണമെന്നാവശ്യപ്പെട്ടാണ് പരാതിക്കാരായ ഹർജിക്കാരും തളിക്കുളങ്ങര സ്വദേശി സിറാജ് കുമാറും അഡ്വ. കെ. മോഹൻകണ്ണൻ മുഖേന ഹൈക്കോടതിയെ സമീപിച്ചത്.

ദേവസ്വം കമ്മീഷണറുടെ ഉത്തരവ് അതേപടി നടപ്പാക്കുമെന്ന കോഴിക്കോട് സാമൂതിരിയുടെ അഭിഭാഷകൻ കോടതിയെ ബോധിപ്പിച്ചു. ഇക്കാര്യം കോടതി രേഖപ്പെടുത്തി. വട്ടോളി ക്ഷേത്രത്തിൽ കുട്ടികളുടെ ബാഹുല്യം നേരിട്ടാൽമാത്രമേ ബാക്കി കുട്ടികളെ വളയനാട് ക്ഷേത്രത്തിൽ എഴുത്തിനിരുത്തുകയുള്ളൂവെന്നു സാമൂതിരിയുടെ അഭിഭാഷകൻ കോടതിയെ അറിയിച്ചു. ഹർജി മൂന്നാഴ്ചയ്ക്കുശേഷം പരിഗണിക്കും.

# യുഎഇയിൽ ഏറ്റവും സ്വാധീനമുള്ള പ്രവാസി എം.എ. യൂസഫലി

കൊച്ചി: പ്രമുഖ സാമ്പത്തിക പ്രസിദ്ധീകരണമായ ഫൈനാൻസ് വേൾഡ് പുറത്തുവിട്ട യുഎഇയിലെ ഏറ്റവും സ്വാധീനമുള്ള പ്രവാസികളുടെ പട്ടികയിൽ (ടോപ്പ് 100 എക്സ്പാറ്റ് ലീഡേഴ്സ്) മലയാളി വ്യവസായി എം.എ. യൂസഫലി ഒന്നാമത്.

യുഎഇയിൽ നൂതനമായ റീട്ടെയിൽ വൈവിധ്യവത്കരണമാണ് യൂസഫലി യാഥാർത്ഥ്യമാക്കിയതെന്ന് ഫിനാൻസ് വേൾഡ് വിലയിരുത്തി. ഉല്പന്നങ്ങൾക്ക് ഉറപ്പാക്കിയ വിലസ്ഥിരതാ നയങ്ങൾ, ഉപഭോക്തൃ സേവനങ്ങൾ, അടിസ്ഥാന സൗകര്യം, സുസ്ഥിരത പദ്ധതികൾ, ഡിജിറ്റൽവത്കരണം, വ്യാപാര വിപുലീകരണം എന്നിവ ഏറ്റവും മികച്ചതെന്നും അവർ അഭിപ്രായപ്പെട്ടു.

യുഎഇ ഭരണാധികാരികളുമായി അടുത്ത ബന്ധം പുലർത്തുന്ന യൂസഫലിയുടെ മാനുഷിക ഇടപെടലുകൾ, സാമൂഹിക പ്രതിബദ്ധതയോടു കൂടിയ പ്രവർത്തനങ്ങൾ, സാമൂഹിക ഉന്നമന ശ്രമങ്ങൾ, യുഎഇയുടെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്കു നല്കിവരുന്ന പിന്തുണ എന്നിവകൂടി വിലയിരുത്തിയാണ് റാങ്കിംഗ്.

യുഎഇയെ ഗ്ലോബൽ പവ്വർ ഹൗസാക്കി മാറ്റിയ ലീഡർമാർ എന്ന വിശേഷണത്തോടെയാണ് ടോപ്പ് 100 എക്സ്പാറ്റ് ലീഡേഴ്സ് പട്ടിക പ്രസിദ്ധീകരിച്ചത്. ഭാട്ടിയ ഗ്രൂപ്പ് ചെയർമാൻ അജയ് ഭാട്ടിയയാണ് പട്ടികയിൽ രണ്ടാമത്. അൽ ആദിൽ ട്രേഡിംഗ് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ധനഞ്ജയ് ദാതാറാണ് മൂന്നാമതുള്ളത്.

ജോയ് ആലുക്കാസ്, ഡോ. ഷംഷീർ വയലിൽ,ലുലു ഫിനാൻഷ്യൽ ഹോൾഡിംങ്സ് മാനേജിങ് ഡയറക്ടർ അദീബ് അഹമ്മദ്, ഷംലാൽ അഹമ്മദ്, സണ്ണി വർക്കി തുടങ്ങിയവരാണ് പട്ടികയിൽ ഇടം നേടിയ മറ്റു മലയാളികൾ.






# ഫോമാ സെൻട്രൽ റീജിയൻ ഗാന്ധിജയന്തി ആഘോഷിച്ചു

ബിജു മുണ്ടക്കൽ

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ആഘോഷിച്ചു. വൈകിട്ട് 4-ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട് ജോൺസൻ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരി ഉദ്ഘാടനം ചെയ്തു.

അഹിംസ, സത്യനിഷ്ഠ, സ്വയംപര്യാപ്തത എന്നിവയായിരുന്നു ഗാന്ധിയൻ ആശയങ്ങളുടെ ആധാരം എന്നും ഇന്നത്തെ ലോകത്തിൽ വർദ്ധിച്ചുവരുന്ന ഹിംസ, തീവ്രവാദം, യുദ്ധഭീഷണി എന്നിവയുടെ പശ്ചാത്തലത്തിൽ ഗാന്ധിയൻ ആശയങ്ങൾ വളരെ പ്രസക്തമാണെന്നും അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. ഫോമായുമായി തനിക്കുള്ള ദീർഘകാലത്തെ ബന്ധത്തെക്കുറിച്ച് അദ്ദേഹം ഓർമ്മിപ്പിക്കുകയും ഫോമായുടെ എല്ലാ പ്രവർത്തനങ്ങൾക്കും തന്റെ ആശംസകൾ അറിയിക്കുകയും ചെയ്തു.

ഗാന്ധിയൻ ആശയങ്ങൾ ചരിത്രത്തിന്റെ ഭാഗമല്ല, ഇന്നും സമൂഹത്തിന്റെ പല തലങ്ങളിലും പ്രായോഗികവും മാർഗ്ഗദർശകവുമാണെന്ന് ജോൺസൺ കണ്ണൂക്കാടൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഫോമായുടെ പ്രവർത്തനങ്ങൾക്ക് ചിക്കാഗോയിലെ മലയാളി സമൂഹം നല്കുന്ന എല്ലാ സഹകരണത്തിനും ജോൺസൺ കണ്ണൂക്കാടൻ നന്ദി അറിയിച്ചു.

ഫോമാ സെൻട്രൽ റീജിയൻ ചെയർമാൻ ആന്റോ കവലയ്ക്കൽ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോർജ് മാത്യു കുരിശിങ്കൽ, സെൻട്രൽ റീജിയൻ കോ-ഓർഡിനേറ്റർ സാബു കട്ടപ്പുറം, ബിസിനസ് സമ്മിറ്റ് കൺവീനർ ജോൺ പാട്ടപ്പതി, കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, ബിസിനസ് സമ്മിറ്റ് കോ-കൺവീനർ സണ്ണി വള്ളിക്കളം എന്നിവർ ആശംസകൾ അറിയിച്ചു. സെൻട്രൽ റീജിയൻ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു ഈ ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.









# ഫിലാഡൽഫിയയിൽ സംഗീതവിരുന്ന് ഒക്ടോബർ 19-ന്

ഫിന്നി രാജു

ഫിലാഡൽഫിയ: സംഗീതവും സൗഹൃദവും നിറഞ്ഞ സായാഹ്നത്തിനായി സ്നേഹസങ്കീർത്തനം എന്ന സംഗീതവിരുന്ന് ഒക്ടോബർ 19-ന് ഞായറാഴ്ച വൈകുന്നേരം 5.30-ന് ഫിലാഡൽഫിയയിലെ Syro Malabar Catholic Church Auditorium, 608 Welsh Road, Philadelphia, PA 19115-ൽ അരങ്ങേറുന്നു.

പ്രശസ്ത ഗായകൻ റോയ് പൂത്തൂർ മുഖ്യഗായകനായി വേദിയിൽ എത്തും. കൂടാതെ മെറിൻ ഗ്രിഗറിയും മറിയ കൊളാടിയും ഗാനങ്ങൾ ആലപിച്ച് സംഗീതസന്ധ്യയെ മനോഹരമാക്കും.

ഗായകരെ അനുഗമിക്കുന്ന തത്സമയ ഓർക്കസ്ട്രയിൽ യെസുദാസ് ജോർജ് (കീബോർഡ്), ജേക്കബ് സാമുവൽ (ബേസ് ഗിറ്റാർ), ഹരികുമാർ പന്തളം (തബല), എബി ജോസഫ് (ഫ്ളൂട്ട്) എന്നിവർ പങ്കെടുക്കുന്നു.

സ്നേഹസങ്കീർത്തനം പോപ്പുലർ സിൽക്സ് & പോപ്പുലർ ഓട്ടോ സർവീസിന്റെ ആഭിമുഖ്യത്തിലാണ് നടക്കുന്നത്. ഗിൽബർട്ട് ജോർജുകുട്ടിയുടെ നേതൃത്വത്തിൽ കാർവിങ് മൈൻഡ്സ് എന്റർടൈൻമെന്റ് സംഘടിപ്പിക്കുന്ന ഈ നോൺ-ഡിനോമിനേഷണൽ സംഗീതപരിപാടി എല്ലാ സംഗീത പ്രേമികൾക്കും തുറന്നിരിക്കുന്നു. റോയ് പുത്തൂർ, മെറിൻ, മറിയ എന്നിവർ ആദ്യമായി ഫിലാഡൽഫിയയിൽ ഗാനങ്ങൾ ആലപിക്കുന്നത് കമ്യൂണിറ്റിക്ക് ഒരിക്കലും മറക്കാനാകാത്ത അനുഭവമായി മാറുമെന്ന് സംഘാടകർ വ്യക്തമാക്കി.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ബിനു മാത്യു 267 893 9571, സുനോജ് മല്ലപ്പള്ളി 267 463 3085, അഭിലാഷ് ജോൺ 267 701 3623, റോഷൻ പ്ലാമൂട്ടിൽ 484 470 5229, സാംസൺ ഹെവൻലി ബീറ്റ്സ് 267 469 1892, അലക്സ് ബാബു  267 670 5997.

പ്രോഗ്രാം ടിക്കറ്റുകൾ പ്രശസ്തമായ Global Travel Experts ഫിലാഡൽഫിയ Bustleton ഓഫീസിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് റെജി ഫിലിപ്പ് 215 778 8008-നെ ബന്ധപ്പെടാവുന്നതാണ്.



# ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ദേശീയ കൺവൻഷന് ഫൊക്കാനയുടെ ആശംസകൾ




ന്യൂയോർക്ക്: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) ദേശീയ കൺവൻഷൻ ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സിയിലെ എഡിസണിലുള്ള പ്രസിദ്ധമായ ഷെറാട്ടൺ ഹോട്ടലിൽ വെച്ച് നടത്തുമ്പോൾ അത് മാധ്യമലോകത്ത് തന്നെ ഒരു നവ്യാനുഭവം സൃഷ്ടിക്കുകയാണ്. ഐപിസിഎൻഎ ദേശീയ കൺവൻഷന് ഫൊക്കാനയുടെ സ്നേഹാശംസകൾ നേരുന്നതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

ലോകത്തുള്ള ന്യൂസുകൾ തങ്ങളുടെ ഭാഷയിൽ നമ്മളിൽ എത്തിക്കുകയും നോർത്ത് അമേരിക്കയിൽ മലയാളികളുടെ കാര്യത്തിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തുകയും നമ്മുടെ സംസ്കാരത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുകയും നമ്മുടെ നേട്ടങ്ങളും കോട്ടങ്ങളുമൊക്കെ വിശകലനം ചെയ്യുകയും ചെയ്യുന്ന ഐപിസിഎൻഎയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. മാധ്യമ സംസ്കാരത്തെ തന്നെ മാറ്റിയെഴുതിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ ലോക നിലവാരത്തിലേക്ക് അമേരിക്കൻ മലയാള മാധ്യമ പ്രവർത്തനത്തെ കൈപിടിച്ചുയർത്തുകയും ഏഴുകടലിനക്കരെയുള്ള നമ്മുടെ രാജ്യവുമായി ഒരു പാലമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഐപിസിഎൻഎയുടെ പ്രവർത്തനത്തെ അനുമോദിക്കുന്നു.

വാർത്തകളിൽ അറിവുകളാണുള്ളത്. വാർത്തകളും വിവരങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയും അത് പകരപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വിവരങ്ങൾ നമ്മളിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ്. ഇന്ത്യയിൽ മാധ്യമപ്രവർത്തനം ഒരു തൊഴിലായി സ്വീകരിക്കുമ്പോൾ അമേരിക്കയിൽ മിക്ക മാധ്യമപ്രവർത്തകരും മറ്റു ജോലിമേഖലകളിൽ പ്രവർത്തിക്കുന്നവരും ഒരു സെക്കൻഡ് ജോലിയായി മാധ്യമപ്രവർത്തനം നടത്തുന്നവരുമാണ്. മലയാള ഭാഷയോടും മാധ്യമരംഗത്തോടുമുള്ള സ്നേഹം ഒന്നുകൊണ്ട് മാത്രമാണ് പലരും മലയാളി പത്രപ്രവർത്തകനും മാധ്യമരംഗത്ത് ഇന്നും സജീവമായി നിലനിൽക്കുന്നത്.

കേരളത്തിലെ ഒട്ടുമിക്ക മുഖ്യധാരാ മാധ്യമങ്ങളുടെയും പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഐപിസിഎൻഎ നടത്തുന്ന മാധ്യമസമ്മേളനം പ്രശംസനീയമാണ്. അനന്തമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന വിനിമയ ശൃംഖലകളുടെ അനുദിനം വികസിക്കുന്ന ഒരു തുടർച്ചയാണ് മാധ്യമം. മാധ്യമവും മാധ്യമപ്രവർത്തനവും നമ്മുടെ സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി ഉള്ളതാണ്. രാഷ്ട്രോന്നതിക്കും സമൂഹോന്നതിക്കും വേണ്ടിയാണ് മാധ്യമ പ്രവർത്തനം എന്നു വരുമ്പോൾ ഗുണമേന്മയുള്ള മാധ്യമപ്രവർത്തനം നമുക്ക് ആവശ്യമാണ്.

ശ്രീകുമാർ ഉണ്ണിത്താൻ

ഈ മാധ്യമപ്രവർത്തനത്തെ നമ്മൾ കാത്തുസൂക്ഷിച്ചു നിലനിർത്തുന്നില്ലെങ്കിൽ നമുക്ക് കാണാനും വായിക്കാനും കേൾക്കാനും ഇതൊന്നും അധികകാലം ഉണ്ടാവുകയുമില്ല.

ഐപിസിഎൻഎയുടെ ദേശീയ കൺവൻഷന് ഫൊക്കാനയുടെ ആശംസകൾ നേരുന്നതിനൊപ്പം ഫൊക്കാനയുടെ പ്രവർത്തനങ്ങൾ മലയാളികളിൽ എത്തിക്കുന്നതിലുള്ള നന്ദിയും അറിയിക്കുകയാണ്.

# ഓപ്പറേഷൻ സിന്ദൂർ: പാകിസ്ഥാൻ സൈന്യത്തിന് വൻനാശമെന്ന് വ്യോമസേനാ മേധാവി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ പാക്കിസ്ഥാൻ സൈന്യത്തിനു വ്യാപക നാശം നേരിട്ടതായി വ്യോമസേനാ മേധാവി എയർ മാർഷൽ എ.പി. സിംഗ്. ഇന്ത്യൻ സേനയുടെ ആക്രമണത്തെ തുടർന്ന് അറ്റകുറ്റപ്പണികളിലായിരുന്ന നാലോ അഞ്ചോ എഫ് 16 യുദ്ധവിമാനങ്ങൾ പാക്കിസ്ഥാനു നഷ്ടമായി.

ഇന്ത്യ നടത്തിയ ദീർഘദൂര മിസൈൽ ആക്രമണത്തിൽ എഫ് 16, ജെഎഫ് 17 വിഭാഗത്തിൽപ്പെടുന്ന പാക്കിസ്ഥാന്റെ അഞ്ച് പുതുതലമുറ യുദ്ധവിമാനങ്ങൾ നശിപ്പിക്കപ്പെട്ടതായും വ്യോമസേനാ മേധാവി സ്ഥിരീകരിച്ചു. കൂടാതെ സി 130 വിമാനത്തിൽപ്പെടുന്ന ഒരു ട്രാൻസ്പോർട്ട് വിമാനം, വ്യോമതാവളങ്ങൾ, വ്യോമ പ്രതിരോധ സംവിധാനങ്ങൾ നാല് ഇടങ്ങളിലായി സ്ഥാപിച്ചിരുന്ന റഡാറുകൾ, രണ്ടു കമാൻഡ് ആൻഡ് കൺട്രോൾ സെന്ററുകൾ, ഒരു ഉപരിതല മിസൈൽ സംവിധാനം തുടങ്ങിയവ ഇന്ത്യൻ ആക്രമണത്തിൽ പാക്കിസ്ഥാനു നഷ്ടപ്പെട്ടു. വ്യത്യസ്ത സ്റ്റേഷനുകളിലായി മൂന്നു ഹാംഗറുകൾ ഇന്ത്യ ലക്ഷ്യമിട്ടിരുന്നു. പാകിസ്താന്റെ അതിർത്തി കടന്ന് 300 കിലോമീറ്റർ ദൂരത്തിൽ നടത്തിയ ദീർഘദൂര മിസൈൽ ആക്രമണത്തിന്റെ വ്യക്തമായ തെളിവുകൾ ഇന്ത്യയുടെ പക്കലുണ്ടെന്നും സിംഗ് വ്യക്തമാക്കി. 93-ാമത് വ്യോമസേനാ ദിനത്തോടനുബന്ധിച്ച് നടത്തിയ വാർത്താസമ്മേളനത്തിലായിരുന്നു വ്യോമസേനാ മേധാവിയുടെ വെളിപ്പെടുത്തൽ.

ഇന്ത്യക്കു വലിയ നാശം നേരിട്ടെന്നും നിരവധി യുദ്ധവിമാനങ്ങൾ തകർന്നുവെന്നുമുള്ള പാകിസ്ഥാന്റെ അവകാശ വാദങ്ങളെ 'മനോഹർ കഹാനിയാം' (സാങ്കല്പിക കഥകൾ) എന്നാണു വ്യോമസേനാ മേധാവി വിശേഷിപ്പിച്ചത്. ഇന്ത്യയുടെ 15 യുദ്ധവിമാനം തകർത്തെന്നു പാകിസ്ഥാൻ പറയുന്നു. അവർ അങ്ങനെതന്നെ വിശ്വസിക്കട്ടെ. ഇനി യുദ്ധത്തിനു വരുമ്പോൾ ആ 15 കുറച്ചിട്ടുള്ള കണക്കായിരിക്കും പാകിസ്ഥാന്റെ പക്കലുണ്ടാകുക. തങ്ങളുടെ പൗരന്മാരോട് എന്തെങ്കിലും പറയുന്നതിനുവേണ്ടിയാണ് പാകിസ്ഥാൻ സൈന്യം ഇത്തരം പ്രസ്താവനകൾ നടത്തുന്നത്.

ഇന്ത്യയുടെ വ്യോമതാവളങ്ങളിൽ എന്തെങ്കിലും ആക്രമണം നടന്നതിന്റേയോ വിമാനങ്ങൾ നശിപ്പിക്കപ്പെട്ടതിന്റെയോ ചിത്രങ്ങൾ കാണിക്കാൻ പാകിസ്ഥാന് കഴിഞ്ഞിട്ടില്ല. പാകിസ്ഥാനിൽ ഇന്ത്യ നടത്തിയ ആക്രമണത്തിന്റെ നിരവധി ദൃശ്യങ്ങൾ സൈന്യം പുറത്തുവിട്ടതായും സിംഗ് പറഞ്ഞു.

അതേസമയം, ഇന്ത്യക്ക് ഏതെങ്കിലും തരത്തിലുള്ള നാശമുണ്ടായതായി വ്യക്തമാക്കാൻ അദ്ദേഹം തയാറായില്ല. വളരെ വ്യക്തമായ ലക്ഷ്യത്തോടെ ആരംഭിച്ചതും വേഗത്തിൽ അവസാനിപ്പിച്ചതുമായ ഒരു യുദ്ധമായിട്ടാണ് 'ഓപ്പറേഷൻ സിന്ദൂറി'നെ വ്യോമസേന മേധാവി വിശേഷിപ്പിച്ചത്. നാലു ദിവസത്തെ സംഘർഷത്തിനുശേഷം ഒരു പാഠമായി അത് നിലനിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.


വ്യോമസേനാ മേധാവി എയർ മാർഷൽ എ.പി. സിംഗ്







# മുൻ മാധ്യമശ്രീ അവാർഡ് ജേതാവ് ജോണി ലൂക്കോസ് പ്രസ്ക്ലബ് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ

ന്യൂയോർക്ക്: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര കോൺഫറൻസിന് അടുത്ത വ്യാഴാഴ്ച തുടക്കം കുറിക്കുമ്പോൾ അതിഥികളായെത്തുന്നവരിൽ പ്രസ്ക്ലബിന്റെ തന്നെ മാധ്യമശ്രീ അവാർഡ് നേടിയിട്ടുള്ള ജോണി ലൂക്കോസുമുണ്ട്. 2006 മുതൽ മനോരമ ന്യൂസ് ചാനലിൽ ന്യൂസ് ഡയറക്ടറാണ് ജോണി. കേരളത്തിലെ മാധ്യമരംഗത്തെ നിയന്ത്രിക്കുന്നവരിൽ ഒരാളെന്ന നിലയിൽ പ്രക്ഷേപണ ചരിത്രത്തോടൊപ്പം നടക്കുന്ന ഒരാൾ എന്നു പറയാം.

**ഷോളി കുമ്പിളുവേലി**


മാധ്യമസമ്മേളനം ന്യൂജേഴ്സിയിലെ എഡിസൺ ഹോട്ടൽ സമുച്ചയത്തിൽ 9 മുതൽ 11 വരെയാണ് നടക്കുന്നത്. പ്രവേശനം പൂർണമായും സൗജന്യമാണ്. രാവിലെ പ്രഭാതഭക്ഷണം മുതൽ വൈകിട്ട് വിഭവസമൃദ്ധമായ അത്താഴവിരുന്നുൾപ്പെടെ എല്ലാം നല്കുന്നതാണ്.

എഴുന്നൂറിലേറെ എപ്പിസോഡുകൾ പിന്നിട്ട നേരെ ചൊവ്വേ എന്ന അഭിമുഖപരിപാടി ജോണി ലൂക്കോസിനു മാത്രം കഴിയുന്ന അപൂർവ സൗമ്യത കൊണ്ട് ഏറെ ശ്രദ്ധിക്കപ്പെടുന്നു. കടന്നാക്രമണത്തിന്റെ ശൈലിക്ക് പകരം സൗമ്യമായ ചോദ്യങ്ങളിലൂടെ ആവശ്യമുള്ള വിവരങ്ങൾ ലഭ്യമാക്കുമ്പോൾ പ്രേക്ഷകന് സന്തോഷം, ഇന്റർവ്യൂവിന് ഇരയായ വ്യക്തിക്കും സന്തോഷം.

കോട്ടയം ജില്ലയിൽ അതിരമ്പുഴ പാറപ്പുറത്ത് ലൂക്കായുടെയും അന്നമ്മയുടെയും മകനായി ജനനം. ഇംഗ്ലീഷ് സാഹിത്യത്തിൽ കോട്ടയം സിഎംഎസ് കോളജിൽനിന്ന് ബിരുദാനന്തര ബിരുദം. വിദ്യാർത്ഥിരാഷ്ട്രീയത്തിൽ സജീവമായിരുന്നു. സിഎംഎസ് കോളജ് യൂണിയൻ ചെയർമാനായി.

1983 മുതൽ മലയാള മനോരമയിൽ ജില്ലാ ലേഖകനായി കോട്ടയത്തും തൃശൂരിലും പ്രവർത്തിച്ചു. പിന്നീട് തിരുവനന്തപുരം യൂണിറ്റിൽ ന്യൂസ് എഡിറ്റർ, മലയാള മനോരമയിൽ ഒട്ടേറെ അഭിമുഖ ഫീച്ചറുകൾ പ്രസിദ്ധപ്പെടുത്തി.

ജാഫ്ന മോചിപ്പിക്കാൻ ശ്രീലങ്കൻ സൈന്യം എൽ.ടി.ടി.ഇ. യുമായി നടത്തിയ യുദ്ധം ശ്രീലങ്കയിൽ നിന്ന് റിപ്പോർട്ടു ചെയ്തു. ഭാഷാപോഷിണിക്കു വേണ്ടി മാർക്സിസ്റ്റ് ചിന്തകൻ പി. ഗോവിന്ദപ്പിള്ളയുമായി നടത്തിയ ഒരഭിമുഖത്തിലാണ് ഇ.എം.എസിനെക്കുറിച്ച് ഗോവിന്ദപ്പിള്ള ചില പരാമർശങ്ങൾ നടത്തിയതും അതു പിന്നെ സി.പി.എമ്മിൽ നിന്ന് അദ്ദേഹം സസ്പെൻഡ് ചെയ്യപ്പെടാൻ കാരണമായതും. ഈ അഭിമുഖം പിന്നീട് ഗ്രന്ഥരൂപത്തിലും ഇറങ്ങി. സംസ്ഥാന സർക്കാർ അവാർഡുകൾ ഉൾപ്പെടെ അൻപതിലേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.




# കെ.സി.എസ്. ചിക്കാഗോയുടെ ഗോൾഡീസ് മീറ്റ് ശ്രദ്ധേയമായി


അറ്റോർണി ടീന നെടുവാമ്പുഴ


ഡോ. അജിമോൾ ജെയിംസ്

**ഷാജി പള്ളിവീട്ടിൽ**

ചിക്കാഗോ: കെ.സി.എസ്. ചിക്കാഗോ ഗോൾഡീസ് മീറ്റ് 2025 ഒക്ടോബർ 1-ന് ഡെസ്പ്ലെയിൻസിലെ ക്നാനായ സെന്ററിൽ വെച്ച് കൂടുകയുണ്ടായി.

ഏതാണ്ട് 40-ൽ അധികം ഗോൾഡീസ് അംഗങ്ങളെ കൂട്ടായ്മയുടെയും ചിന്തയുടെയും പ്രചോദനത്തിന്റെയും ഒരു സായാഹ്നത്തിനായി ഒരുമിപ്പിച്ചു. അവരുടെ അനുഭവങ്ങളും പ്രിയപ്പെട്ട ഓർമ്മകളും പങ്കുവെച്ചതിനാൽ ഒത്തുചേരൽ ഊഷ്മളതയും ചിരിയും അർത്ഥവത്തായ സംഭാഷണങ്ങളും കൊണ്ട് നിറഞ്ഞു.

ബോഡി മൈൻഡ് ആൻഡ് സോൾ എന്നീ വിഷയങ്ങളെക്കുറിച്ച് ഡോ. അജിമോൾ ജെയിംസ് പുത്തൻപുരയിൽ നടത്തിയ മികച്ച അവതരണം സായാഹ്നത്തിന്റെ ഒരു പ്രധാന ഹൈലൈറ്റ് ആയിരുന്നു. അത് സമഗ്രമായ ക്ഷേമത്തെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നല്കി. കൂടാതെ കെ.സി. എസ് ട്രഷറർ അറ്റോർണി ടീന നെടുവാമ്പുഴ, ഗോൾഡീസിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്നാനായ പാരമ്പര്യത്തിനുള്ളിൽ യുവതലമുറയെ നയിക്കുന്നതിൽ അവരുടെ സുപ്രധാന പങ്കിനെക്കുറിച്ചും ഊന്നിപ്പറയുന്ന ഒരു പ്രചോദനാത്മക പ്രഭാഷണം നടത്തി.

ഗോൾഡീസ് നേതാക്കളായ കുര്യൻ നെല്ലാമറ്റം, ടോമി പുല്ലുകാട്ട്, മേയമ്മ വെട്ടിക്കാട്ട്, ഫിലിപ്പ് എലക്കാട്ട് എന്നിവർ മീറ്റിങ്ങിന് നേതൃത്വം നല്കിയത് സുഖകരവും ആകർഷകവുമായ അന്തരീക്ഷം ഉറപ്പാക്കി.

ഒത്തുചേരൽ വീണ്ടും ഒന്നിക്കാനുള്ള അവസരം മാത്രമല്ല, വിശ്രമജീവിതം കൂടുതൽ ആസ്വാദ്യകരവും സംതൃപ്തവുമാക്കുവാനുള്ള വഴികൾ പര്യവേക്ഷണം ചെയ്യാനുള്ള അവസരവുമാണെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ഒക്ടോബറിലെ യോഗം ഗോൾഡീസ് കൂട്ടായ്മയുടെ ശക്തിയും കെ.സി. എസ് സമൂഹത്തിന്റെ സാംസ്കാരികവും ആത്മീയവുമായ ജീവിതത്തിന് അവർ നല്കുന്ന തുടർച്ചയായ സംഭാവനയും ഒരിക്കൽക്കൂടി തെളിയിച്ചു.



വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇനി ലോകം നിങ്ങളെ അറിയട്ടെ

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



മത്തായിച്ചൻ
MATHAICHAN
ROOFING & SIDING
We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling
JBR RESTORATION SERVICES - LICENSED
CITGO bp Shell AMOCO
Hotel, Motel, Gas Station
Roofing & Repairing
FREE ESTIMATE
Call Mathew:
630-205-5585

# പുതുചരിത്രം രചിച്ച് 'സഖി- ഫ്രണ്ട്സ് ഫോർ എവർ'; ഫോമായുടെ പ്രഥമ ത്രിദിന വനിതാ സംഗമം

എ.എസ്. ശ്രീകുമാർ

പെൻസിൽവേനിയ: അമേരിക്കൻ മലയാളികളുടെ കേന്ദ്ര സംഘടനയായ ഫോമായുടെ ചരിത്രത്തിൽ ഇതാദ്യമായി വിമൻസ് ഫോറം സംഘടിപ്പിച്ച 'സഖി ഫ്രണ്ട്സ് ഫോർ എവർ' എന്ന വിമൻസ് സമ്മിറ്റ് വനിതാ ശാക്തീ









കരണത്തിന്റെ വിളംബരമായി. ടൂറിസ്റ്റുകളുടെ ഇഷ്ട കേന്ദ്രമായ പെൻസിൽവേനിയയിലെ പോക്കനോസ് മലയടിവാരത്തിലെ വുഡ്ലാന്റ്സ് റിസോർട്ടിൽ സെപ്റ്റംബർ 26, 27, 28 തീയതികളിൽ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും വിശിഷ്ടാതിഥികളു



ടെയും സാന്നിദ്ധ്യത്തിൽ നടന്ന വിപുലമായ ഈ വനിതാ മെഗാ സംഗമം വിവിധ മേഖലകളിൽപ്പെട്ട 200-ലധികം വനിതകളുടെ സജീവവും ക്രിയാത്മകവുമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

വനിതകളുടെ മുന്നേറ്റത്തിനും അവരുടെ മാനസികോല്ലാസത്തിനും പ്രാധാന്യം നൽകുന്ന പരിപാടികൾ വർണാഭമായി കോർത്തിണക്കിയ സംഗമത്തിൽ ഉദ്ഘാടന സമ്മേളനത്തിനു പുറമെ വിവിധ സെഷനുകളും വിനോദ പരിപാടികളും ഗെയിമുകളും അരങ്ങേറി. വിശിഷ്ടാതിഥിയായ പ്രമുഖ ചലച്ചിത്ര നടിയും നർത്തകിയും ടെലിവിഷൻ അവതാരകയുമായ സ്വാസിക ഭദ്രദീപം കൊളുത്തിയാണ് ത്രിദിന കൂട്ടായ്മ ഉദ്ഘാടനം ചെയ്തത്.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, വിമൻസ് ഫോറം ചെയർപേഴ്സൺ സ്മിത നോബിൾ, സെക്രട്ടറി ആശ മാത്യു, ട്രഷറർ ജൂലി ബിനോയ്, വൈസ് ചെയർപേഴ്സൺ ഗ്രേസി ജെയിംസ്, വിഷിൻ ജോ, ജോയിന്റ് സെക്രട്ടറി സ്വപ്ന സജി സെബാസ്റ്റ്യൻ, ജോയിന്റ് ട്രഷറർ മഞ്ജു പിള്ള തുടങ്ങിയവരും നിലവിളക്ക് തെളിയിച്ചു.

കീനോട്ട് പ്രസംഗം നടത്തിയ സുപ്രീംകോതി ആക്ടിങ് ജസ്റ്റിസ് ആദരണീയയായ രാജ രാജേശ്വരി (റിച്ച്മണ്ട് കൗണ്ടി) വിമൻസ് ഫോറത്തിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളെ ശ്ലാഘിച്ചു. ഐടി പ്രൊഫഷണലും ഫാഷൻ ഷോകളുടെ കൊറിയോഗ്രാഫറും ഡിസൈൻ രംഗത്തെ നിറസാന്നിദ്ധ്യവുമായ ശേഖറിന്റെ 'ബോൾഡ് വാക്ക് ചലഞ്ച്' എന്ന മോട്ടിവേഷൻ സെഷൻ പുതിയ അനുഭവമായി. സമൂഹത്തിലെ സുപ്രധാന സ്ഥാനങ്ങൾ അലങ്കരിക്കുന്ന സ്ത്രീ രത്നങ്ങൾ മനോഹരമാക്കിയ സഖി- ഫ്രണ്ട്സ് ഫോർ എവർ ഫോമായുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണെന്നും വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ സംഘടനയ്ക്കെന്നും മുതൽക്കൂട്ടാണെന്നും പ്രസിഡണ്ട് ബേബി മണക്കുന്നേൽ വ്യക്തമാക്കി. ഈ മെഗാ ഇവന്റിന് ഫോമായുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും റീജണൽ കമ്മിറ്റികളുമെല്ലാം ഹൃദ്യമായ പിന്തുണയേകി.

വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന സെമിനാറുകൾ, ചർച്ചകൾ, ക്ലാസുകൾ, 'മസ്കരേഡ്' എന്ന പരിപാടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള 'ബോൺ ഫയർ നൈറ്റ്' തുടങ്ങിയവ സംഗമത്തിലെ ഹൈലൈറ്റുകളായിരുന്നു.

ഫാഷൻ മേക്കപ്പ് രംഗത്തെ പ്രമുഖർ നയിച്ച ക്ലാസ്സുകൾ, ചർമ്മ സംബന്ധമായ വിഷയങ്ങളും അത് പരിഹരിക്കുന്നതിനുതകുന്ന നുറുങ്ങു പ്രതിവിധികളും വിശദമാക്കിയ പഠന കളരികൾ, ആത്മവിശ്വാസത്തോടുകൂടി സമൂഹത്തിൽ സംസാരിക്കാനും പെരുമാറാനും പ്രതിസന്ധികളെ തരണം ചെയ്യാനും സഹായിക്കുന്ന ഗ്രൂമിംഗ് സെഷൻ, ബിസിനസ് രംഗത്തെ പ്രമുഖരുടെ ക്ലാസ്സുകൾ തുടങ്ങിയവ സംഗമത്തെ സമ്പന്നമാക്കി.

വനിതാ മെഗാ സംഗമത്തിന്റെ ഗംഭീര വിജയത്തിനായി സ്പോൺസർഷിപ്പിലൂടെ സാമ്പത്തിക പിന്തുണ നൽകിയ ബഹുമാന്യ വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കുമുള്ള അകൈതവമായ നന്ദി ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയും വിമൻസ് ഫോറവും രേഖപ്പെടുത്തി.

മൂന്നു ദിവസത്തെ സുഖകരമായ താമസവും രുചികരമായ ഭക്ഷണവും ഏവർക്കും അനുഭവവേദ്യമായി. വിമൻസ് ഫോറം സജ്ജീകരിച്ച 'ചായപ്പീടിക'യിലെ നാടൻ ചായയും നാലുമണി പലഹാരങ്ങളും ഗൃഹാതുര ഓർമ്മയായി. ഡയാന സ്കറിയ (ചിക്കാഗോ), ഫ്ളോറിഡയിൽ നിന്നുള്ള നീനു, സ്വപ്ന നായർ, പ്രിൻസി (ഹൂസ്റ്റൺ) എന്നിവർ വിവിധ ദിവസങ്ങളിൽ നടന്ന വ്യത്യസ്തമായ പരിപാടികളുടെ എംസിമാരായി പ്രവർത്തിച്ചു.

# തദ്ദേശ തെരഞ്ഞെടുപ്പ്: വോട്ടർ തിരിച്ചറിയൽ കാർഡ് നമ്പർ നീക്കം ചെയ്തു

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽനിന്നു കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ തിരിച്ചറിയൽ കാർഡ് നമ്പർ (എപിക് നമ്പർ) നീക്കിയതോടെ ഇരട്ടവോട്ടുകൾ നീക്കാൻ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയുടെ ശ്രമങ്ങൾക്കു തിരിച്ചടി.

ഒരേ എപിക് നമ്പർ ഉപയോഗിച്ച് ഒരാളുടെ തന്നെ പേര് ഒരു തദ്ദേശ സ്ഥാപനത്തിലെ പല വാർഡുകളിലും ഒരേ വാർഡിലെ പല ബൂത്തുകളിലുമായി പട്ടികയിൽ കണ്ടെത്തിയിരുന്നു.

കോൺഗ്രസിന്റെ മിഷൻ 2025-ന്റെ ഭാഗമായി തിരുവനന്തപുരം കോർപറേഷനിലെ പട്ടികയിൽ നടത്തിയ തെരച്ചിലിലാണ് ഇതു വ്യാപകമായി കണ്ടെത്തിയത്. ഇതിന്റെ നടപടികൾ നടന്നുവരവേയാണ്, വോട്ടർ പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പോർട്ടലിൽ സേവനങ്ങൾ പെട്ടെന്നു നിലച്ചത്. തുടർന്ന് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ വീണ്ടും അവസരം നൽകി ഒരാഴ്ചയ്ക്കുശേഷം പോർട്ടലിന്റെ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ എപിക് നമ്പർ മുഴുവൻ പട്ടികയിൽനിന്നു മുന്നറിയിപ്പില്ലാതെ നീക്കി.

എല്ലാ വോട്ടർമാർക്കും സവിശേഷ തിരിച്ചറിയൽ നമ്പറും നൽകി. SEC എന്ന ഇംഗ്ലീഷ് അക്ഷരങ്ങളും ഒൻപത് അക്കങ്ങളും ചേർന്നതാണു സവിശേഷ തിരിച്ചറിയൽ നമ്പർ. എപിക് നമ്പർ ഉപയോഗിച്ചുള്ള തെരച്ചിൽ സംവിധാനം ഉള്ളതായി പോർട്ടലിൽ 'സേർച്ച് ബാർ' ഉണ്ടെങ്കിലും സേവനം മരവിപ്പിച്ചിരിക്കുകയാണ്.

സംസ്ഥാന, തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ പേരോ എപിക് നമ്പറോ ഉപയോഗിച്ച് പോർട്ടലിലെ വോട്ടർ പട്ടികയിൽ വോട്ടറെ തെരയാൻ നിർവാഹമില്ലാത്തത് ദുരൂഹത വർധിപ്പിക്കുന്നു.

# വെരി റവ. പൗലോസ് ആദായി കോർ-എപ്പിസ്കോപ്പാ പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ

രാജു മൈലപ്ര

ഒരു പുരോഹിതന്റെ ജീവിതത്തിലെ അനുഗ്രഹപ്രദമായ ഒരു മംഗള മുഹൂർത്തമാണ്, തന്റെ വൈദികവൃത്തിയിൽ അര നൂറ്റാണ്ട് തികയുന്ന സന്ദർഭം.

ഓരോ വൈദികന്റെയും ജീവിതം ഒരു ദൈവനിയോഗമാണ്. ദൈവം തെളിയിച്ച പാതയിലൂടെ സഞ്ചരിച്ച്, സഭയേയും സമൂഹത്തേയും അർപ്പണബോധത്തോടുകൂടി ആത്മാർത്ഥമായി സേവിച്ചതിന്റെ സാക്ഷിപത്രമാണ് ഈ സുവർണ്ണ ജൂബിലി.

തന്റെ ആത്മീയജീവിതത്തിൽ അത്തരമൊരു നാഴികക്കല്ല് പിന്നിടുകയാണ് വെരി റവ. പൗലോസ് ആദായി കോർ-എപ്പിസ്കോപ്പാ.



ആദായി അച്ചൻ ഭാര്യ മേരി ആദായിക്കൊപ്പം

ദൈവീക പാരമ്പര്യം പേറുന്ന മഹത്തായ ഒരു പുരാതന കുടുംബത്തിലാണ് അച്ചന്റെ ജനനം. മലങ്കര ഓർത്തഡോക്സ് അങ്കമാലി ഭദ്രാസനത്തിലുൾപ്പെട്ട, കടാതി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഇടവകാംഗമായ, ഊന്നുകൽ തോലാനി കുന്നേൽ കുടുംബത്തിലെ ആദരണീയനായ റ്റി.ജെ. ആദായി അച്ചന്റേയും മറിയാമ്മ ആദായിയുടെയും മകനായി 1947 ഒക്ടോബർ ഒന്നാം തീയതിയായിരുന്നു ബഹുമാനപ്പെട്ട അച്ചന്റെ ജനനം.

മാതാപിതാക്കളുടെയും ഗുരുജനത്തിന്റെയും ശിക്ഷണത്തിൽ, അവരുടെ ഉപദേശങ്ങൾ സ്വീകരിച്ച്, എല്ലാവർക്കും പ്രിയങ്കരനായി വളർന്ന ബാലന്റെ പ്രാഥമിക വിദ്യാഭ്യാസം ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ ഊന്നുകല്ലിലും തുടർന്ന് പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലുമായിരുന്നു.

കോതമംഗലം മാർ അത്തനേഷ്യസ് കോളജിലെ പഠനം പൂർത്തിയാക്കിയ ശേഷം, കോട്ടയം ഓർത്തഡോക്സ് വൈദീക സെമിനാരിയിൽനിന്നും വൈദിക പരിശീലന വിദ്യാഭ്യാസം പൂർത്തിയാക്കി.

തുടർന്ന്, 1966 ജൂൺ 29-ന് വയലിപറമ്പിൽ അഭിവന്ദ്യ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയിൽനിന്നും ശെമ്മാശപട്ടം സ്വീകരിച്ചു.


അങ്ങിനെ തലമുറ തലമുറകളായി കൈമാറി വന്ന ആത്മീയ ദീപം, ബഹുമാനപ്പെട്ട ആദായി അച്ചന്റെ ഭദ്രമായ കൈകളിൽ എത്തിച്ചേർന്നു. പാവനമായ ആ പാരമ്പര്യം ഇന്നും കെടാവിളക്കായി അച്ഛൻ തന്റെ ഹൃദയത്തോടു ചേർത്തു പിടിക്കുന്നു.

1975 സെപ്റ്റംബർ 29-ന് മാർ തിയോഫിലീസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ വിവാഹിതനായ ആദായി അച്ഛന്റെ സഹധർമ്മിണി, തിരുവല്ല മുത്തൂർ കണക്കാട്ട് കുടുംബത്തിൽ കെ.സി. ഫിലിപ്പിന്റെയും അന്നമ്മ ഫിലിപ്പിന്റെയും മകളായ മേരി ഫിലിപ്പാണ്. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹത്തിന്റെ സഹധർമ്മിണി താങ്ങും തണലുമായി ഒപ്പമുണ്ട്.

തന്റെ ആത്മീയ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ കശ്ശീശാ പട്ടം, 1975 ഒക്ടോബർ 9-ന് 28-ാമത്തെ വയസ്സിൽ, അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായിൽനിന്നും സ്വീകരിച്ചു.

ഏറ്റെടുത്ത ഏതു ചുമതലയും ഉത്തരവാദിത്വത്തോടെ സത്യസന്ധമായി സമയബന്ധിതമായി നിർവഹിക്കണമെന്ന് നിർബന്ധമുള്ള ബഹുമാനപ്പെട്ട ആദായി അച്ചൻ പൗരോഹിത്യ പദവി ലഭിച്ച ശേഷം ഓർത്തഡോക്സ് സഭയുടെ വിവിധ ഇടവകകളിലും പ്രസ്ഥാനങ്ങളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1967 മുതൽ 1988 വരെ അഭിവന്ദ്യ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറി, അങ്കമാലി ഭദ്രാസന മുഖപത്രമായ 'സഭാചന്ദ്രിക' ഓഫീസ് മാനേജർ, 1975-77 കാലഘട്ടത്തിൽ കുമളി ചക്കുപള്ളം സെന്റ് തോമസ് ഇടവക വികാരി, തുടർന്ന് 1977-ൽ ബോംബെ ചെമ്പൂർ സെന്റ് ഗ്രിഗോറിയോസ് ഇടവക വികാരി, 1978-86 വരെ ദാദർ സെന്റ് മേരീസ് പള്ളി അസിസ്റ്റന്റ് വികാരി, തുടർന്ന് 1986-1988 വരെ അതേ പള്ളിയുടെ വികാരിയായും സേവനമനുഷ്ഠിച്ചു.



വെരി റവ. പൗലോസ് ആദായി കോർ-എപ്പിസ്കോപ്പാ

ഓർത്തഡോക്സ് സഭയോടും ഭദ്രാസനത്തോടുമുള്ള കൂറും വിശ്വാസവും എക്കാലവും പുലർത്തി ബഹുമാനപ്പെട്ട ആദായി അച്ചൻ, മറ്റു സഹോദരീ സഭകളോടും സാമുദായിക സംഘടനകളോടും സൗഹാർദ്ദപരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്.

മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, സത്യസന്ധമായ അഭിപ്രായങ്ങൾ തുറന്നു പറയുന്നതിൽ അദ്ദേഹം മടി കാണിക്കാറില്ല.



ആദായി അച്ചനും കുടുംബവും


1988-ലാണു ബഹുമാനപ്പെട്ട ആദായി അച്ചൻ കുടുംബസമേതം അമേരിക്കയിലെത്തുന്നത്.

അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന ആദരണീയനും ഗുരുശ്രേഷ്ഠനുമായ അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയോടൊപ്പം ഭദ്രാസന സെക്രട്ടറിയായി ഏഴുവർഷവും വനിതാ സമാജം വൈസ് പ്രസിഡണ്ടായി ഒരു ദശാബ്ദക്കാലവും ബഹുമാനപ്പെട്ട ആദായി അച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

ഇടുക്കി, ബോംബെ, അമേരിക്ക എന്നീ സ്ഥലങ്ങളിൽ 25 വർഷവും അമേരിക്കൻ ഭദ്രാസന സെക്രട്ടറിയായി ഏഴുവർഷവും നൽകിയ മാതൃകാപരമായ സേവനങ്ങൾക്കുള്ള അംഗീകാരമായി 2000 സെപ്റ്റംബർ 30-ന് ശനിയാഴ്ച, അമേരിക്കൻ ഭദ്രാസനത്തിൽപ്പെട്ട സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽവെച്ച്, ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനി സഭയുടെ ഉന്നതവും ശ്രേഷ്ഠവുമായ കോർ എപ്പിസ്കോപ്പാ പദവി നൽകി ബഹുമാനപ്പെട്ട ആദായി അച്ചനെ ആദരിച്ചു.

ഇടവക ജനങ്ങളുടെ ക്രിയാത്മകമായ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും അച്ചൻ അർഹിക്കുന്ന പ്രാധാന്യം നൽകാറുണ്ട്. അവരുടെ ചെറുതും വലുതുമായ എല്ലാ ആത്മീയ കാര്യങ്ങളിലും അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ട്.

ഗൗരവമേറിയ വിഷയങ്ങൾ, തന്റെ സ്വതസിദ്ധമായ നർമ്മ ശൈലിയിൽ അവതരിപ്പിച്ചു സഭാംഗങ്ങളുടെ ചിന്താമണ്ഡലത്തിലെത്തിക്കുവാനുള്ള ആദായി അച്ചന്റെ കഴിവ് പ്രശംസനീയമാണ്. തന്റെ കുടുംബജീവിതത്തിൽ ദൈവം അനുഗ്രഹിച്ചു നൽകിയ മകൻ കെൻസ് ആദായി (ഭാര്യ: റാണി, മക്കൾ: മിറിയം, മീഖായേൽ, മെറീസാ); മകൾ കെസി ആദായി (ഭർത്താവ്: റവ. ഫാദർ ജോർജ് ചെറിയാൻ, മക്കൾ: എസ്തേർ, ഏലിശുബാ, എപ്രേം എന്നിവരുടെ സാന്നിദ്ധ്യത്തിലും സാമീപ്യത്തിലും ബഹുമാനപ്പെട്ട ആദായി അച്ഛനും മേരി ആദായി കൊച്ചമ്മയും സന്തുഷ്ടമായ ജീവിതം നയിക്കുന്നു.



ലേഖകൻ

തന്നിൽ അർപ്പിതമായിരിക്കുന്ന വൈദീക പദവിയിലൂടെ, തന്റെ മാതൃകാപരമായ ദൈവികശുശ്രൂഷ ഇനിയും അനേകം നാൾ തുടരുവാൻ സർവ്വശക്തനായ ദൈവം തമ്പുരാൻ, ബഹുമാനപ്പെട്ട പൗലോസ് ആദായി കോർ-എപ്പിസ്കോപ്പയെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# ചിക്കാഗോ കെസിഎസ് യുവജനവേദി ഓണാഘോഷവും രജതജൂബിലിയും




ചിക്കാഗോ: കെ.സി.എസ് യുവജനവേദി 2025 ഓണാഘോഷവും രജതജൂബിലിയും സന്തോഷപൂർവം ആഘോഷിച്ചു.

രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി ക്നാനായ യുവതി യുവാക്കളെയും അഭ്യുദയകാംക്ഷികളെയും ഒരുമിച്ചു കൊണ്ടുവന്ന ഈ പരിപാടി, സന്തോഷം, പാരമ്പര്യം, സമൂഹമനഃസ്ഥിതി എന്നിവയാൽ നിറഞ്ഞ ഒരു അന്തരീക്ഷം സൃഷ്ടിച്ചു.

കെ.സി.എസ്. വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശേരി പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു.

കെ.സി.എസ് സെക്രട്ടറി ഷാജി പള്ളിവീട്ടിൽ, ജോ. സെക്രട്ടറി ക്രിസ് കടപ്പുറം, ട്രഷറർ ടീന നെടുവാമ്പുഴ എന്നിവരും പങ്കെടുത്തു.



ആഘോഷത്തിന്റെ ഭാഗമായി വർണ്ണാഭമായ പൂക്കളം, ഓർമ്മകൾ പകർത്തുന്നതിനുള്ള ഉജ്ജ്വലമായ ഫോട്ടോ ബൂത്ത്, വൈവിധ്യമാർന്ന സാംസ്കാരിക പ്രകടനങ്ങൾ എന്നിവ ഉണ്ടായിരുന്നു.

യുവജനവേദിയുടെ ആദ്യ ഡയറക്ടർ ടോണി പുല്ലാപ്പള്ളിൽ ചടങ്ങിൽ പങ്കെടുക്കുകയും ചിക്കാഗോയിൽ യുവജനവേദി സ്ഥാപിതമായതിനെക്കുറിച്ചുള്ള ഹൃദയംഗമമായ ചിന്തകൾ പങ്കുവെക്കുകയും ഈ ഊർജസ്വലമായ സംഘടനയ്ക്ക് ജന്മം നല്കിയ ദർശനവും സാഹചര്യങ്ങളും അദ്ദേഹം അനുസ്മരിച്ചു.

**ഷാജി പള്ളിവീട്ടിൽ**

ദിവസത്തിന്റെ ആവേശം വർദ്ധിപ്പിച്ചുകൊണ്ട് യുവജനവേദി പ്രസിഡണ്ട് ബ്ലെസ്സി തെക്കേമാലിൽ ഗെയിമുകളും ഒരു ഡിജെ സെഷനും ഉൾപ്പെടെയുള്ള രസകരമായ പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചു. അത് ഒത്തുചേരലിന് ഊർജ്ജവും ഉത്സാഹവും പകർന്നു. സൗഹൃദത്തിന്റെ ബന്ധങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് യുവതിയുവാക്കൾ ക്നാനായ ചൈതന്യത്തിൽ ഓണവും സിൽവർ ജൂബിലിയും ആഘോഷിച്ചുകൊണ്ട് പരിപാടി വളരെ ഗംഭീരമായി അവസാനിച്ചു.

ഓണാഘോഷത്തിന്റെയും യുവജനവേദിയുടെ രജതജൂബിലിയുടെയും ഈ ഇരട്ട ആഘോഷം ഗംഭീര വിജയമായിരുന്നു. ഇത് ചിക്കാഗോയിലെ കെ.സി.എസ് സമൂഹത്തിന്റെ ഊർജ്ജസ്വലത, ഐക്യം, സാംസ്കാരിക സമ്പന്നത എന്നിവ പ്രതിഫലിപ്പിക്കുന്നു എന്ന കെ.സി.എസ് വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശേരിൽ പ്രസ്താവിക്കുകയുണ്ടായി.

# ചിക്കാഗോ വോളിബോൾ ടൂർണമെന്റ്: ടോമി അംബേനാട്ട് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ

**ഷിബു മുളയാനിക്കുന്നേൽ**


ചിക്കാഗോ: ഫൊക്കാന മിഡ് വെസ്റ്റ് റീജിയന്റെ നേതൃത്വത്തിൽ കൈരളി ലയൺസിന്റെ സഹകരണത്തോടുകൂടി നവംബർ 29-ന് നൈൽസിലുള്ള ഫീൽഡ്മാൻ വോളിബോൾ (8800 W.Kathy Ln, Niles) സ്റ്റേഡിയത്തിൽ നടക്കുന്ന വോളിബോൾ ടൂർണമെന്റിന്റെ കമ്മിറ്റി ചെയർമാനായി ടോമി അംബേനാട്ടിനെ തെരഞ്ഞെടുത്തു. ഒട്ടേറെ തീപാറുന്ന മത്സരങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ചിക്കാഗോയിലേക്ക് ഫൊക്കാനയുടെ നേതൃത്വത്തിൽ നടത്തുന്ന ഈ വാശിയേറിയ മത്സരങ്ങൾ എല്ലാ വോളിബോൾ പ്രേമികളെയും ആവേശത്തിലെത്തിക്കും. അവസാനം നടക്കുന്ന വാശിയേറിയ പ്രദർശന മത്സരത്തിൽ കൊമ്പുകോർക്കുന്നത് പഞ്ചാബ് ടീമും കേരള ടീമും തമ്മിലായിരിക്കും.



ടോമി അംബേനാട്ട്


മാത്യു തട്ടാമറ്റം


ഷിബു മുളയാനിക്കുന്നേൽ


പ്രവീൺ തോമസ്


സാജൻ തോമസ്


സതീശൻ നായർ

ചിക്കാഗോ വോളിബോൾ അസോസിയേഷന്റെയും ചിക്കാഗോ ബ്രദേഴ്സ് ക്ലബിന്റെയും പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുള്ള ടോമി അംബേനാട്ട് മികച്ച സംഘാടകൻ കൂടിയാണ്. തുടർന്ന് വിവിധ കമ്മിറ്റികളെ തെരഞ്ഞെടുത്തു.

ടൂർണമെന്റ് കമ്മിറ്റി വൈസ് ചെയർമാൻ-മാത്യു തട്ടാമറ്റം, പബ്ലിസിറ്റി കമ്മിറ്റി കൺവീനർ-ഷിബു മുളയാനിക്കുന്നേൽ, എന്റർടെയ്ൻ കമ്മിറ്റി കൺവീനർ-ജോസ് ജോർജ്, കോ-കൺവീനേഴ്സ്: ബോബി വർഗീസ്, നിരൻ മുണ്ടിയിൽ, അഖിൽ മോഹൻ, ബിന്ദു കൃഷ്ണൻ, ഫുഡ് കമ്മിറ്റി-ലീസ് ടോം മാത്യു, പ്രജിൽ അലക്സാണ്ടർ, സൂസൻ ചാക്കോ, ലിനു ജോസഫ്, ജോൺസൺ കാരിക്കൽ, രവി കുട്ടപ്പൻ, പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ്: വിജി നായർ, സുജ ജോൺ, മാത്യു ചാണ്ടി, സേവ്യർ ഒറവനാകളത്തിൽ, ടൈം മാനേജ്മെന്റ്-മനോജ് വഞ്ചിയിൽ, സായി പുല്ലാപ്പള്ളിൽ, ഫസ്റ്റ് എയ്ഡ് കമ്മിറ്റി-മാറ്റ് വിലങ്ങാട്ടുശേരി, സുനീന ചാക്കോ.

നിരവധി നാഷണൽ മത്സരങ്ങൾ നടത്തി വിജയിപ്പിച്ചിട്ടുള്ള ചിക്കാഗോ കൈരളി ലയൺസിന്റെ സഹകരണത്തോടു കൂടിയാണ് ഫൊക്കാന ചിക്കാഗോ വോളി ടൂർണമെന്റ് നടത്തുന്നത്. എല്ലാ വോളിബോൾ പ്രേമികളെയും നവം. 29-ന് 12 മുതൽ നൈൽസിലുള്ള ഫീൽഡ് മാൻ റിക്രിയേഷൻ സെന്ററിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# സോഫിയാമ്മ മാത്യു അന്തരിച്ചു



മാഞ്ചസ്റ്റർ (ന്യൂജേഴ്സി): സോഫിയാമ്മ മാത്യു (ഓമന-82) മാഞ്ചസ്റ്ററിൽ അന്തരിച്ചു. 25 വർഷക്കാലം ന്യൂജേഴ്സിയിലെ വിവിധ ആശുപത്രികളിൽ (ന്യൂയോർക്ക് സൈക്യാട്രിക് സെന്റർ, ജേഴ്സി സിറ്റി മെഡിക്കൽ സെന്റർ, റോബർട്ട് വുഡ് ജോൺസൺ മെഡിക്കൽ സെന്റർ) ഐസിയു രജിസ്റ്റേർഡ് നേഴ്സ് ആയി ജോലി ചെയ്തിരുന്നു. റോബർട്ട് വുഡ് ജോൺസൺ മെഡിക്കൽ സെന്ററിൽ നിന്ന് മികച്ച നേഴ്സിനുള്ള പുരസ്കാരവും നേടിയിട്ടുണ്ട്.

മൗണ്ട് ഒലീവ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ സ്ഥാപക അംഗങ്ങളിൽ ഒരാൾ കൂടിയാണ്. ഇടവകയിലെ എല്ലാ പ്രസ്ഥാനങ്ങളിലും സജീവമായിരുന്നു. മർത്തമറിയം വനിതാ സമാജത്തിൽ 40 വർഷക്കാലം സജീവമായി നിലനിന്നതിന്റെ പേരിൽ അഭിവന്ദ്യ നിക്കളാവോസ് തിരുമേനിയിൽ നിന്നും പുരസ്കാരവും വാങ്ങിയിട്ടുണ്ട്.


പള്ളത്ത് കളപ്പുരയ്ക്കൽ വീട്ടിലെ മത്തായി കെ. മാത്യുവാണ് (തമ്പാൻ) ഭർത്താവ്. ജനറൽ മോട്ടോഴ്സിലായിരുന്നു ജോലി. മക്കൾ: ഡോ. അജിത് മാത്യു, ദീനാ മാത്യു. മരുമക്കൾ: ജന്നിഫർ മാത്യു, ക്രിസ്റ്റഫർ മോഡ്ജൻസ്കി. കൊച്ചുമക്കൾ: ഗാവിൻ, എല്ലാ, ലൈലാ, ലിയാം. ഓമനയ്ക്ക് മൂന്ന് സഹോദരിമാരും രണ്ട് സഹോദരന്മാരുമുണ്ട്.

വേയ്ക്ക് സർവ്വീസ് ഒക്ടോബർ 10 വെള്ളിയാഴ്ച 3 മുതൽ 7 വരെ ക്വീൻ ഹോപ്പിംഗ് ഫ്യൂണറൽ ഹോമിൽ, (26 MULE ROAD, TOMS RIVER, ന്യൂജേഴ്സി-08755).

ഫ്യൂണറൽ സർവ്വീസ് ഒക്ടോബർ 11, ശനിയാഴ്ച 10 മണിക്ക് ലേസി യുണൈറ്റഡ് മെത്തഡിസ്റ്റ് പള്ളിയിൽ, (203 LACEY ROAD, FORKED RIVER, ന്യൂജേഴ്സ്-08731). അടക്കം സെന്റ് ജോസഫ്സ് സെമിത്തേരി (62 CEDAR GROVE ROAD TOMS RIVER, NJ-08753)

വാർത്ത: ജോർജ് തുമ്പയിൽ


THE MAIN FEAST OF THE B.V. MARY
ALONG WITH FEAST OF ST. CARLO ACUTIS AND JUBILEE YEAR RETREAT
KNANAYA CATHOLIC FORANE CHURCH, HOUSTON.
2025
October
8 - 19
Sponsors: Youth Ministry
Dear Parishioners,
We will celebrate the Feast of the Blessed Virgin Mary and the Jubilee Year Spiritual Renewal Retreat from October 8–19, 2025. Sponsored by our Youth Ministry, the celebration will include the first feast of St. Carlo Acutis on October 12, retreats for youth and adults, and a festival by our children and youth.
Our chief guest will be Mar Andrews Thazhath, Archbishop of Trichur and President of CBCI, and Bishop Mar Joy Alappatt will celebrate the Raasa Qurbana. We warmly invite all parishioners and friends to join us in these grace-filled celebrations.
For parishioners
Fr. Abraham Mutholath (Vicar)
Fr. Joshi Valiyaveetil (Associate)
Trustees:
Jayachan Thayilputhanpurayil
Shaju Mukalel
Babu Parayamkalayil
Joppan Poovapadath
James Idukkuthara
Members of the Youth Ministry
Houston, September 20, 2025
SCHEDULE
October 8, 2025 (Wednesday)
9:00 AM: Holy Qurbana and Novena
6:00 PM: Adoration and Rosary
6:30 PM: Flag Hoisting, Ladinge
7:00 PM: Qurbana, Novena
October 9 - 10, 2025 (Thursday, Friday)
9:00 AM: Holy Qurbana and Novena
6:00 PM: Adoration and Rosary
7:00 PM: Holy Qurbana (Malankara on Friday), Novena
Rev. Fr. Binny Nedumpurath
(Vicar, Syro-Malankara Church, Houston)
October 11, 2025 (Saturday)
8:30 AM: Adoration and Rosary
9:30 AM: Holy Qurbana (English) & Novena
10:30 AM - 5:00 PM Youth Retreat
(High School and up)
Led by Jerin and Neethu, Bro. Prince Vithayathil
(Missionaries of Apostolic Grace, U.K.)
October 12, 2025 (Sunday)
7:30 AM: Qurbana, Novena
8:30 AM: Rosary
9:30 AM: Holy Qurbana (English)
with feast of St. Carlo Acutis
10:30 AM - 5:00 PM: Youth Retreat continues
(High School and up)
11:30 AM: Holy Qurbana
October 13 - 16, 2025 (Monday - Thursday)
6:00 PM: Adoration and Rosary
7:00 PM: Qurbana, Novena
8:00 PM - 9:15 PM Adult Retreat
Led by Bro. Prince Vithayathil
(Founder, Missionaries of Apostolic Grace, U.K.)
October 17, 2025 (Friday)
6:00 PM: Adoration and Rosary
7:00 PM: Ladinge, Holy Qurbana
Rev. Fr. Daey Kunnath
(Vicar, St. Mary's Syro-Malabar Church, Pearland)
Homily: Rev. Fr. Sebastian Valiyaparambil
(Vicar, St. Joseph's Syro-Malabar Church)
October 18, 2025 (Saturday)
6:00 PM: Adoration, Ladinge
7:00 PM: Ladinge, Holy Qurbana
MAR ANDREWS THAZATH
(CBCI President & Archbishop of Trichur)
Homily: Rev. Fr. Boban Vattampuram
(Vicar, Knanaya Catholic Parish, San Antonio)
8:00 PM: Rosary Procession, Benediction
Rev. Fr. Bins Chethalil
(Vicar, Knanaya Catholic Parish, Dallas)
October 19, 2025 (Sunday)
7:30 AM: Qurbana
9:30 AM: Solemn Raasa Qurbana
His Excellency MAR JOY ALAPPATT
(Bishop, St. Thomas Syro-Malabar Diocese of Chicago)
Homily: ARCHBISHOP MAR ANDREWS THAZHATH
Concelebrants:
Rev. Fr. Sunny Plamoottil
Rev. Fr. Luke Padikkaveettil
Rev. Fr. Abraham Mutholath
Rev. Fr. Joshy Valiyaveettil
11:45 AM: Solmen Procession
12:30 PM: Benediction
6:30 PM: CULTURAL FESTIVAL
Inauguration: MAR ANDREWS THAZHATH
Biblical and Knanaya Migration Ballet
By Catechism Children and Youth
D.J.: Youth
At Stafford Civic Center Auditorium
(1415 Constitution Ave., Stafford, TX 77477)
October 20, 2025 (Monday)
9:00 AM: Holy Qurbana
6:00 PM: Adoration & Rosary
7:00 PM: Memorial Qurbana for the deceased.
During the feast days, faithful will be given the opportunity to do "Adimavaykal, Mudi Ezhunnalickal, and to offer Nercha. Church Address: 6400 W. Fuqua St., Missouri City, TX 77489.



# ബോധ്ഗയയിൽ ബോധിവൃക്ഷ തണലിൽ

യാത്ര



കെ.വി. മോഹൻകുമാർ

സിദ്ധാർത്ഥ ഗൗതമൻ ബോധിവൃക്ഷത്തിനു കീഴിൽ ജ്ഞാനോദയം നേടിയ ഇടം - ബോധ് ഗയ.

കേന്ദ്ര സാഹിത്യ അക്കാദമിയുടെ 'അന്താരാഷ്ട്ര സാഹിത്യോത്സവ'ത്തിൽ പങ്കെടുക്കാൻ പാറ്റ്നയിലേക്ക് ക്ഷണം കിട്ടിയപ്പോഴേ എന്റെ മനസ്സിൽ ബോധ് ഗയ തെളിഞ്ഞു. ആറുവർഷം മുൻപ് നേപ്പാൾ സന്ദർശന വേളയിൽ ബുദ്ധൻ പിറവി കൊണ്ട ലുംബിനി കണ്ടതുമുതൽ മനസ്സിലെ മോഹമായിരുന്നു ബോധ്ഗയ. കപിലവസ്തുവിൽ നിന്ന് എല്ലാമുപേക്ഷിച്ചു പുറപ്പെട്ട സിദ്ധാർത്ഥൻ എത്തിയത് ഗയയിലേക്കായിരുന്നു. അന്നു ബോധോദയം പ്രാപിക്കാൻ തണലേകിയ ബോധിവൃക്ഷം ഇന്നില്ല. അവിടെയാണ് മഹാ ബോധിക്ഷേത്രം. യഥാർത്ഥ ബോധി വൃക്ഷത്തിന്റെ പരമ്പരയിൽ പെട്ട മറ്റൊരു പടുകൂറ്റൻ ബോധി വൃക്ഷം അവിടെയുണ്ട്.

ബിസി മൂന്നാം നൂറ്റാണ്ടിൽ അശോക ചക്രവർത്തിയാണ് ഗയയിൽ ആദ്യത്തെ ക്ഷേത്രം നിർമ്മിച്ചത്. ബുദ്ധമതസ്ഥർ പരിപാവനമായി കരുതുന്ന വജ്രസിംഹാസനവും (Vajrasana) ക്ഷേത്ര സമുച്ചയത്തിലുണ്ട്. സിദ്ധാർത്ഥൻ ബോധോദയം പ്രാപിച്ച ശേഷം ഏതാണ്ട് 200 വർഷം കഴിഞ്ഞാണ് (ബിസി 250-ൽ) അശോക ചക്രവർത്തി ഗയ സന്ദർശിച്ചത്. അന്നു നിർമ്മിച്ച ക്ഷേത്രത്തിന്റെ ചിത്രം സാഞ്ചിയിലെ മഹാ സ്തൂപത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്.

എന്നാൽ ഇന്നു നാം കാണുന്ന ക്ഷേത്രം ആറാം നൂറ്റാണ്ടിൽ ഗുപ്ത സാമ്രാജ്യത്തിന്റെ കാലത്ത് നിർമ്മിച്ചതാണ്.

ഇപ്പോൾ മഹാ ബോധി ക്ഷേത്രത്തിന്റെ പരിസരങ്ങളിലായി വിവിധ രാജ്യങ്ങൾ അവരുടെ തനതായ വാസ്തുവിദ്യാശൈലികളെ പ്രതിഫലിപ്പിക്കുന്ന ക്ഷേത്രങ്ങളും ആശ്രമങ്ങളും നിർമ്മിച്ചിട്ടുണ്ട്.

ബോധ്ഗയ സന്ദർശിക്കണമെന്ന ആഗ്രഹം പാറ്റ്ന യാത്ര പ്ലാൻ ചെയ്തപ്പൊഴേ ഞാനും ഡോ. ഖദീജാ മുംതാസും പങ്ക് വച്ചിരുന്നു. ദേശാഭിമാനി വാരികയുടെ ചീഫ് എഡിറ്റർ പ്രൊഫ. കെ.പി. മോഹനൻ മാഷും സുഹൃത്ത് കെ.പി. രാമനുണ്ണിയുടെ ഭാര്യ രാജിയും ഒപ്പം കൂടി. അങ്ങനെ താമസിച്ചിരുന്ന റോയൽ ബീഹാർ ഹോട്ടലിൽ നിന്ന് ഒരു ക്യാബ് ഏർപ്പാടാക്കി. ഹോട്ടലിൽ നിന്ന് 120 കിലോമീറ്റർ ദൂരമുണ്ടായിരുന്നു ബോധ് ഗയയിലേക്ക്.

ക്ഷേത്രത്തിലേക്ക് കടക്കുന്നതിനു മുന്നേ മൊബൈൽ ഫോൺ കൗണ്ടറിൽ ഏൽപ്പിക്കേണ്ടിയിരുന്നതിനാൽ ഫോട്ടോ എടുക്കാനായില്ല. അതൊരു നിരാശയായി! അകത്ത് ചില ബുദ്ധ സന്യാസിമാരുടെ കൈകളിൽ മൊബൈൽ ഫോൺ കണ്ടു.

2002-ൽ മഹാബോധിക്ഷേത്രം ലോകപൈതൃകപ്പട്ടികയുടെ ഭാഗമായി. ബോധ് ഗയയുടെ മുഖ്യ കവാടത്തിനു പുറത്ത് പരിസര പ്രദേശങ്ങൾ ഒരു വിനോദ സഞ്ചാര കേന്ദ്രത്തിനോ പുണ്യഭൂമിക്കോ യോജിച്ചതായി തോന്നിയില്ല. പാട്നയിലെ തെരുവുകളിൽ പൊതുവെ അനുഭവപ്പെട്ട വൃത്തിഹീനതയും തിരക്കും ഇവിടെയും കണ്ടു .നേപ്പാളിൽ സിദ്ധാർത്ഥന്റെ ജന്മദേശമായ ലുംബിനി എത്ര പരിപാവനമായും ഭംഗിയോടെയുമാണ് സംരക്ഷിക്കുന്നത്!

പിറ്റേന്ന് കേരളത്തിൽ നിന്നുള്ള എഴുത്തുകാർക്ക് രാജ്ഭവനിൽ അത്താഴവിരുന്ന് നൽകിയ സന്ദർഭത്തിൽ ഇക്കാര്യം ഞാൻ ബഹു. ഗവർണർ ആരിഫ് മുഹമ്മദ് ഖാനുമായി പങ്കുവച്ചു. അദ്ദേഹവും അതിനോട് യോജിച്ചു.' ബോധ്ഗയയുടെ കാര്യത്തിൽ സർക്കാരും ടൂറിസം വകുപ്പും അൽപം കൂടി ശ്രദ്ധപതിപ്പിച്ചിരുന്നെങ്കിൽ!' ഞാൻ അദ്ദേഹത്തോട് സൂചിപ്പിച്ചു.







# അടയാളം

കവിത



സിനി തോമസ്

ഒട്ടിപ്പിടിച്ചിരിക്കാൻ തോന്നുന്ന
നനുത്ത മഴയിൽ അവിചാരിതമായി
തമ്മിൽ തമ്മിൽ വച്ചു മാറാമെന്ന്
രണ്ട് മറുകുകൾ തീരുമാനിച്ചു ,

കാണാമറത്ത് ഒളിച്ചിരുന്ന അവളും
വലതു കവിളിലെ
നുണക്കുഴിയിൽ നിന്നും അവനും

ഒരു വാക്കും മിണ്ടാതെ
നഷ്ടപ്പെടാൻ വയ്യാതെ
പലതും പറയാതെ
അടക്കുമ്പോൾ
കൈയിൽ മടക്കിപ്പിടിക്കുന്ന
സ്നേഹത്തിനരികെ
അവൾ ചേർന്നിരിക്കും..

ആരുടേയും കണ്ണിൽപ്പെടാതെ
പരിഭവങ്ങളും സങ്കടങ്ങളും
തിരികി വച്ചിരിക്കുന്ന
ഹൃദയത്തിനരികെ അവനും...

മഴ മാറിവെയിൽ തെളിയും...
ആ ദിവസം വരും
വാക്കുകളുടെ നാടുകൾ താണ്ടി
മറുകുകൾ മുറിച്ചു കടക്കും...

കണ്ണു നിറഞ്ഞു തുളുമ്പും...
ഉള്ളം കൈയിലെ ഇടവഴികളിലൂടെ
വഴി തെറ്റാതെ തിരിച്ചെത്താൻ
അവനും അവളും
ചുണ്ടുകളിൽ അടയാളം വയ്ക്കും

# എസ്. ഹരീഷിന്റെ അമേരിക്കൻ കുറിപ്പുകൾ



എസ്. ഹരീഷ്

നമ്മുടെ ജീവിതകാലത്ത് നടന്ന ലോകത്തെ പിടിച്ചു കുലുക്കിയ സംഭവങ്ങളിൽ പ്രധാനപ്പെട്ടതാണ് 9/11 ഭീകരാക്രമണം. 2001-ൽ അന്നേദിവസം ആ സംഭവം ഭീതിയോടെ ടിവിയിൽ കണ്ടതോർക്കുന്നു.

ഇരട്ട ഗോപുരങ്ങൾ ഉണ്ടായിരുന്ന എട്ടേക്കർ സ്ഥലം ഇപ്പോൾ 9/11 മെമ്മോറിയൽ ആണ്. നാനൂറ് ഓക്ക് മരങ്ങൾ നട്ടുവളർത്തിയ പാർക്ക്. അതിന് നടുവിൽ വെള്ളം താഴേക്കും മുകളിലേക്കും നിരന്തരം പ്രവഹിപ്പിക്കുന്ന, ഇളംനിറത്തിൽ




പ്രകാശിക്കുന്ന രണ്ട് കുളങ്ങൾ. അവയുടെ ചെമ്പിൽ തീർത്ത ഭിത്തികളിൽ അന്ന് കൊല്ലപ്പെട്ട 2977 ആളുകളുടെ പേര് കൊത്തിവെച്ചിട്ടുണ്ട്. അവരുടെ ഉറ്റവർ അവിടെ എത്തി പൂക്കൾ വെക്കാറുണ്ട്. അതിൽകൂടി കണ്ണോടിച്ചപ്പോഴാണ് യാദൃശ്ചികമായി സ്നേഹ ആൻ ഫിലിപ്പ് എന്ന പേര് കണ്ടത്. ഗൂഗിൾ ചെയ്തു നോക്കിയപ്പോൾ സ്നേഹ മലയാളിയാണ്. ആലുവാക്കാരി. ഡോക്ടർ. മരണപ്പെടുമ്പോൾ മുപ്പത്തൊന്ന് വയസ്സ്. അവരുടെ തിരോധാനം ഒരുപാട് നിയമയുദ്ധങ്ങൾക്ക് ഇടയാക്കിയിരുന്നു. ഭീകരാക്രമണത്തിന് തലേന്ന് അവരെ വേൾഡ് ട്രേഡ് സെന്ററിനടുത്ത് കണ്ടതായി രേഖയുണ്ട്. മരിച്ച ആയിരങ്ങളെപ്പോലെ സ്നേഹയുടേയും ഒരു അവശിഷ്ടവും കണ്ടെത്തിയിട്ടില്ല. പോലീസും സ്വകാര്യ ഡിറ്റക്ടീവുകളും പ്രത്യേകമായി അന്വേഷിച്ച കേസാണിത്. അവസാനം അവരുടെയൊക്കെ നിഗമനം ശരിവെച്ച് കോടതി സ്നേഹയെ ആ ദുരന്തത്തിന്റെ 2751-ാമത്തെ ഇരയായി അംഗീകരിച്ചു. സ്നേഹയ്ക്ക് ആദരാഞ്ജലികൾ.

*********

പാതിരാത്രിയിലെ ടൈം സ്ക്വയർ കൊടും വൈബാണ്. പലവംശങ്ങളും രാജ്യങ്ങളും നിറങ്ങളും ഒഴുകിനീങ്ങുന്നു. തുറന്ന വണ്ടികളിൽ ആരവത്തോടെ വന്നിറങ്ങുന്നവർ, പരസ്യചിത്രീകരണത്തിനായി ചുവടുവെയ്ക്കുന്നവർ, പ്രണയജോഡികൾ, തിരക്കിനിടെ നിലത്തിരുന്ന് ചെസ്സ് കളിക്കുന്നവർ, ദൂരനാടുകളിലെ സുന്ദരിപ്പട്ടവും കിരീടവുമായി വന്ന് ഫോട്ടോയ്ക്ക് പോസുചെയ്യുന്നവർ, തെരുവ് ഫോട്ടോഗ്രാഫർമാർ..

ശാരീരിക അഭ്യാസവും നൃത്തവും നടത്തുന്നവരുടെ ചുറ്റും കൂടി കൈയടിക്കുന്നവർ... സ്വന്തം പെയിന്റിംഗുകൾ പ്രദർശിപ്പിക്കുന്നവരുണ്ട്. ജോർജ് കോഹന്റെ പ്രതിമയ്ക്ക് താഴെനിന്ന് തെക്കേ അമേരിക്കൻ ഛായയുള്ള ഒരാൾ കവിത മാതിരി എന്തോ ചൊല്ലുന്നുണ്ട്. സംഗീതമാകട്ടെ നിലയ്ക്കുന്നേയില്ല. മദ്യശാലകൾ നിറഞ്ഞു കവിയുന്നു. ദിവസം നാലുലക്ഷത്തോളം മനുഷ്യർ സന്ദർശിച്ചു പോകുന്ന ടൈം സ്ക്വയറിൽ ചൂട്



ഭക്ഷണത്തിന്റെയും പെർഫ്യൂമുകളുടേയും സുഗന്ധത്തിന് മുകളിൽ കഞ്ചാവിന്റെ മണം നീലാകാശം പോലെ പടർന്നു കിടക്കുന്നു. അഞ്ച് ഡോളറിന് റോൾ ചെയ്ത സാധനം കിട്ടും.

ഇവിടെ ഒരു പരിചയക്കാരും ഒപ്പമില്ലാതെ തനിയെ നിൽക്കുന്നതാണ് വലിയസന്തോഷം.

*********

ചിക്കാഗോയിലെ ഓക്ക് പാർക്ക് പ്രദേശത്തെ ഡൗൺ ടൗണിൽ നിന്ന് അല്പം അകലെയാണ് ഹെമിങ്വേ ജനിച്ച വീട്. വിക്ടോറിയൻ രീതിയിൽ നിർമ്മിച്ച പഴയ വീടുകളും മനോഹരമായ പള്ളികളും നിറഞ്ഞ പ്രദേശമാണിത്. നഗര പ്രാന്തമാണെങ്കിലും ധാരാളം മരങ്ങൾ. കിളികളുടേയും വലിപ്പം കൂടിയ അണ്ണാന്മാരുടേയും ചിലപ്പുകളൊഴിച്ചാൽ നിശബ്ദമാണ് പരിസരം. ഞങ്ങൾ ചെല്ലുമ്പോൾ വേറെ സന്ദർശകർ ആരുമില്ല. വഴിയരികിലെ മേപ്പിൾ മരത്തിന്റെ ചുവട്ടിൽ നിന്ന് വീടുവരെ തടിപാകിയ പാതയുണ്ട്. വീടും 1890-ലെ രീതിയിൽ ഏറെക്കുറെ പൂർണമായി തടികൊണ്ട് നിർമ്മിച്ചതാണ്. താഴെ സെല്ലാർ. പടികൾ കയറിച്ചെന്നാൽ അഴികൾ പാകിയ വരാന്ത. അകം പഴയകാലത്തേത് പോലെ നിലനിർത്തിയിട്ടുണ്ട്. മുകൾ നിലയിലെ മുറിയിലാണ് ഹെമിങ്വേ ജനിച്ചത്. അടുത്തുതന്നെയുള്ള ഓക്ക് പാർക്ക് ആൻഡ് റിവർ ഫോറസ്റ്റ് സ്കൂളിലാണ് അദ്ദേഹം പഠിച്ചത്. അദ്ദേഹവും സഹോദരിയും അവിടെ സ്കൂൾ ക്വയറിൽ അംഗങ്ങളായിരുന്നു.

വലിയ എഴുത്തുകാരന്റെ ജന്മസ്ഥലമായതുകൊണ്ടായിരിക്കണം ഓക്ക് പാർക്ക് ഡൗൺ ടൗണിലെ കടകളൊക്കെ ആർട്ടിന് പ്രാധാന്യം നൽകി ക്രമീകരിച്ചതു പോലെയുണ്ട്. ഹെമിങ്വേവുടെ പേരുള്ള ബാറുകളും റെസ്റ്റോറന്റുകളും കാണാം. പാർക്കിംഗ് സ്ഥലത്തെ ഭിത്തികളിൽ പോലും അജ്ഞാതർ വരച്ച നല്ല ചിത്രങ്ങൾ.



കഥ



മഞ്ജു റോസ്

# പാദങ്ങളെ മുത്തമിട്ട് തിരമാലകൾ

മയക്കു മരുന്നടിച്ചു കിറുങ്ങിയെങ്കിലും അവൻ നീലത്തടാകത്തിലെ ആമ്പൽ പൂവ് പോലെ സുന്ദരനായിരുന്നു.

കടലിന്റെ കരവലയത്തിലകപ്പെട്ട മണൽത്തരികൾ ആഴങ്ങളിലേയ്ക്ക് അലിഞ്ഞുചേർന്നു.

തണുപ്പിലും അവന്റെ മനസ്സ് ചുട്ടുപൊള്ളി. കണ്ണുകൾ ചുവന്നു. കാറ്റടിച്ചു. തിരമാലകൾ ആർത്തുല്ലസിച്ചു.

ഉറക്കെ കരയുന്ന അവനു ചുറ്റും തിരകളെ പുണരാനെത്തിയ ജനങ്ങൾ വളഞ്ഞു.

സന്ധ്യയെ പുൽകിക്കൊണ്ട് രാത്രി ആഗതയായി. ജനങ്ങൾ പിരിഞ്ഞു. രാത്രിയുടെ വിജനതയിൽ അവനു കൂട്ടായി ആകാശത്തിലെ നക്ഷത്രങ്ങൾ കണ്ണു ചിമ്മി.

അടുത്ത ദിവസം തിരകളെ മുത്തമിടാൻ പാദങ്ങളണഞ്ഞു. തിരമാലകൾ അവനെ ആശ്ലേഷിക്കുന്നത് അവർ കണ്ടു. അവന്റെ കണ്ണുകളിലെ ചുവപ്പ് നിറം സൂര്യൻ കവർന്നെടുത്തു.

രൂക്ഷഗന്ധം കടൽ ഒപ്പിക്കൊണ്ടുപോയി. അവന്റേതായി നേരത്തെ ശ്വാസം മാത്രം.

ആശുപത്രി കിടക്കയിൽ കണ്ണു ചിമ്മിയ അവനു മുമ്പിൽ വെളുത്ത വസ്ത്രമണിഞ്ഞ് അവളെത്തി.

മരുന്നും നേർത്ത ചിരിയും നൽകി. അവന്റെ കണ്ണിലെ ചുവപ്പ് മാഞ്ഞു.

ദിനങ്ങൾ കൊഴിയവേ അവളുടെ ചിരി മൊത്തമായി അവനെടുത്തു. ഡോക്ടർ ഉരുവിട്ട ഡിസ്ചാർജ് എന്ന വാക്ക് അവന്റെ ചെവിയിൽ തുളച്ചു കയറി. അവന്റെ ഭാവമാറ്റം അവൾ ശ്രദ്ധിച്ചിരുന്നു.

പിറ്റേന്ന് കുത്തിവയ്ക്കുമ്പോൾ അവൾ ചോദിച്ചു. 'എന്തേ പോകുന്നതിൽ സന്തോഷം ഇല്ലേ?'

'ഇവിടെ ഇങ്ങനെ കിടന്നാൽ മതിയോ?'

ചോദ്യം സൂചിമുനയായി.

വേദനയോടെ അവൻ പറഞ്ഞു. 'എനിക്ക് വീടില്ല'.

അവൾക്കതറിയാമായിരുന്നു. വീണ്ടും ചോദിച്ചുകൊണ്ടിരുന്നു പോകുന്നതിൽ സന്തോഷമില്ലേ എന്ന്.

ആ ചോദ്യത്തിലെ അസന്തോഷം അവനു രസിച്ചു. അവന്റെ ശ്വാസം ഉയർന്നുപൊങ്ങി.

അവൻ നിലവിളിച്ചു. അവൾ ഭയപ്പെട്ടുപോയി.

'എന്റെ രോഗം മാറിയില്ല'. അവൻ കരഞ്ഞു.

ഡോക്ടറെ വിളിക്കാനാഞ്ഞ അവളുടെ കൈപിടിച്ച് നെഞ്ചോട് ചേർത്തു. 'രോഗം മാറ്റാൻ നിനക്കു മാത്രമേ കഴിയൂ.' ഉരുവിട്ടുകൊണ്ടവൻ ബോധരഹിതനായി. കഥ ഇവിടെ അവസാനിക്കുന്നില്ല. വർഷങ്ങൾ പിന്നിട്ടപ്പോൾ അവന്റെ പാദവും പിന്നാലെ അവളോടൊപ്പം കുഞ്ഞു പാദങ്ങളുമായി കടൽ തിരമാലകളെ മുത്തമിടാൻ എത്തി. കടൽ ആർത്തു ചിരിച്ചു. മറ്റൊരു പാദത്തെ തേടിക്കൊണ്ട് അലയടിച്ചു.

# നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം ഫാമിലി കോൺഫറൻസ് ആലോചനായോഗം നടത്തി

ജോർജ് തുമ്പയിൽ/ഉമ്മൻ കാപ്പിൽ

ക്രിസ്തുവിന്റെ സുവിശേഷത്തോട് പരമാവധി വിശ്വസ്തത പുലർത്തുകയും അതു മറ്റുള്ളവരെ അറിയിക്കുകയുമാണ് സഭയുടെ ദൗത്യം. മനുഷ്യജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സുവിശേഷത്തിന്റെ പ്രസക്തി



വ്യക്തമാക്കി കാണിക്കുവാൻ സഭയ്ക്ക് ബാധ്യതയുണ്ട്. എന്നാൽ, കാലചക്രം തിരിയുന്നത് പ്രശ്നാകുലമായ ലോകത്തിലാണ്. പ്രശ്നങ്ങൾ നിറഞ്ഞതാണല്ലോ മനുഷ്യജീവിതം. ഈ പശ്ചാത്തലത്തിലാണ് സുവിശേഷവും ബൈബിൾ കോൺഫറൻസുകളും ഫാമിലി കോൺഫറൻസുകളും നടത്തപ്പെടുന്നത്. ആനുകാലിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സുവിശേഷതത്വങ്ങളുടെ വെളിച്ചത്തിൽ മാർഗ്ഗനിർദേശം നല്കുകയും ചെയ്യുന്നത് സഭയുടെ കടമയുമാണ്.

ഈ പശ്ചാത്തലത്തിലാണ് 2026-ലെ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ ആദ്യയോഗം ന്യൂജേഴ്സി മിഡ്‌ലാൻഡ് പാർക്ക് സെയിന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ സെപ്റ്റംബർ 21-ന് നടന്നത്. സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. എല്ലാ വർഷവും കോൺഫറൻസുകൾ വേണമോ എന്ന കാര്യവും യോഗത്തിൽ ഉയർന്നുവന്നു. എന്നാൽ, യുവജനങ്ങളുടെ പങ്കാളിത്തം കൂടിവരുന്നു എന്ന ഒറ്റ ചിന്തയുടെ അടിസ്ഥാനത്തിൽ വേണം എന്ന ചിന്തയായിരുന്നു പങ്കെടുത്ത എല്ലാവർക്കും.

പിന്നെയുണ്ടായിരുന്നത് എന്ന്, എപ്പോൾ വേണം എന്ന ചിന്തയായിരുന്നു. മുമ്പ് വിജയകരമായി നടത്തിയ പല റിസോർട്ടുകളും ഭദ്രാസനത്തിന്റെ സ്വന്തം റിട്രീറ്റ് സെന്ററും പരിഗണിച്ചു. വിവിധ സൗകര്യങ്ങൾ, ഭക്ഷണ ക്രമീകരണങ്ങൾ, സാമ്പത്തിക വശങ്ങൾ എന്നിവ കണക്കിലെടുത്ത് ലങ്കാസ്റ്ററിലെ വിൻധം റിസോർട്ട് അടുത്ത കോൺഫറൻസിന്റെ വേദിയായി തെരഞ്ഞെടുത്തു. കോൺഫറൻസ് തീയതി പിന്നീട് നിശ്ചയിക്കും.



2026-ലെ കോൺഫറൻസിന്റെ കോ-ഓർഡിനേറ്റർ ഫാ. അലക്സ് കെ. ജോയി സ്വാഗതം ആശംസിച്ചു. 2025 കോൺഫറൻസിന്റെ അവലോകനം ഫാ. അബു പീറ്റർ (മുൻ കോ-ഓർഡിനേറ്റർ) നടത്തി. ജോൺ താമരവേ



ലിൽ (2025 ട്രഷറർ) ഫിനാൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു.

ജെയ്സൺ തോമസ് (സെക്രട്ടറി) റിപ്പോർട്ട് അവതരിപ്പിച്ചു. 2026 കോർ ടീമിൽ ഫാ. അലക്സ് കെ. ജോയി (കോ-ഓർഡിനേറ്റർ), ജെയ്സൺ തോമസ് (സെക്രട്ടറി), ജോൺ താമരവേലിൽ (ട്രഷറർ), റിങ്കിൾ ബിജു (ജോയിന്റ് സെക്രട്ടറി), ആശാ ജോർജ് (ജോയിന്റ് ട്രഷറർ), റെബേക്ക പോത്തൻ (സുവനീർ എഡിറ്റർ) എന്നിവർ അംഗങ്ങളാണ്.

കോൺഫറൻസിന്റെ സുഗമമായ പ്രവർത്തനത്തിന് വിവിധ സബ് കമ്മിറ്റികൾ വരുംദിവസങ്ങളിൽ രൂപീകരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വർഗീസ് ഡാനിയലും ചർച്ചകളിൽ സജീവമായിരുന്നു.

സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെ കോൺഫറൻസിന്റെ ആദ്യ മീറ്റിംഗിന് സമാപനമായി. ഭാരവാഹികൾ മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുമായും ആശയവിനിമയം നടത്തി.



# കോട്ടയത്തെ ആമ്പൽ വസന്തം അവിസ്മരണീയം

ജെയിംസ് ജോസഫ് കാരക്കാട്ട്



കോട്ടയത്ത് മലരിക്കലോ! അതല്ലെങ്കിൽ. കൊല്ലാട് എന്ന സ്ഥലത്തുള്ള ആമ്പൽ വസന്തം കാണാൻ പോകണമെന്ന മോഹം ജൂലൈയിൽ മനസ്സിൽ മൊട്ടിട്ടതാണ്.

നീണ്ട കാത്തിരിപ്പിനുശേഷം ഇക്കഴിഞ്ഞ വെള്ളിയാഴ്ച (സെപ്റ്റംബർ26) മൊട്ട് വിടർന്ന് പൂവായി.

രാവിലെ ആറര മണിക്ക് മനുഷ്യനെ മയക്കുന്ന മഴയെ കൂസാതെ, ഞാൻ ജാനിയുമൊത്ത് കൊല്ലാട് 'ആമ്പലിന്റെ കാവലാൾ' എന്നറിയപ്പെടുന്ന അനിലിന്റെ വീട്ടുമുറ്റത്തെത്തി.

അവിസ്മരണീയമായ ഒരനുഭൂതി ആയിരുന്നു ആമ്പൽ വസന്തം. ആമ്പൽ വസന്തത്തിൽ താല്പര്യമുള്ളവരുടെ അറിവിലേക്ക്:

കോട്ടയം റെയിൽവേ സ്റ്റേഷനിൽ നിന്ന് ഏകദേശം ഏഴ് കിലോമീറ്റർ ദൂരെയാണ് കൊല്ലാട് എന്ന സ്ഥലത്തുള്ള ഈ ആമ്പൽ വസന്തം. പുതുപ്പള്ളിയിൽ നിന്ന് നാല് കിലോമീറ്റർ ദൂരം, കഞ്ഞിക്കുഴിയിൽ നിന്നും നാല് കിലോമീറ്റർ വരും.

സ്നേഹക്കൂട് എന്ന അനാഥാലയത്തിനടുത്ത്, തൃക്കോവിൽ മഹാദേവ ക്ഷേത്രത്തിൽ നിന്ന് താഴോട്ടുള്ള വഴി (50 മീറ്റർ) തീരുന്നിടത്ത് വലതുവശത്ത് ചെടികൾ കൊണ്ട് വേലി തീർത്ത വളപ്പിലാണ് വഞ്ചി സവാരിക്കാരൻ അനിലിന്റെ വീട്. അദ്ദേഹത്തിന്റെ വീടിനപ്പുറം 200 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന കൊല്ലാട് കിഴക്കുപുറം പാടശേഖരത്തിലാണ് പ്രകൃതി ഈ ആമ്പൽ വിസ്മയം ഓരോ വർഷവും ഒരുക്കുന്നത്.

കൊടൂർ ആറ്റിൽ നിന്നു കയറി നിറയുന്ന വെള്ളം മോട്ടോർ ഉപയോഗിച്ച് വറ്റിച്ച് കഴിഞ്ഞ് ഒക്ടോബർ-നവംബർ മാസങ്ങളിൽ



നെൽകൃഷി ചെയ്യുകയും ഫെബ്രുവരി-മാർച്ചിൽ കൊയ്ത്ത് നടത്തുകയുമാണ് ഈ പാടശേഖരത്തെ പതിവ്. കൊയ്ത്തു കഴിയുന്നതോടെ പാടശേഖരം വീണ്ടും ജലാവൃതമാകുന്നു. ഏപ്രിൽ ആകുമ്പോഴേക്കും

(ശേഷം 34-ാം പേജിൽ)

# നൈന കോൺഫറൻസ് വിജയത്തിനു പിന്നിലെ സംഘാടക മികവുമായി പിയാനോ

**ആഷാ മാത്യു**

ന്യൂയോർക്ക്: നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് അമേരിക്ക (നൈന)യുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ് കോൺഫറൻസ് വിജയകരമാക്കിത്തീർത്തതിന്റെ പിന്നിൽ പിയാനോയുടെ സംഘാടക മികവ്. നൈനയുടെ സജീവ പ്രാദേശിക ചാപ്റ്ററുകളിൽ ഒന്നായ പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ (പിയാനോ) ആയിരുന്നു സെപ്റ്റംബർ 19, 20 തീയതികളിൽ നടന്ന കോൺഫറൻസിന്റെ മുഖ്യ സംഘാടകർ.

നൈനയുടെ അഞ്ചാമത് കോൺഫറൻസ് ഇന്ത്യൻ വംശജരായ നേഴ്സുമാരെ ശാക്തീകരിക്കുന്നതിനും അവരുടെ സംഭാവനകൾ എടുത്തുകാണിക്കുന്നതിനും നേഴ്സിങ് തൊഴിലിനെ ബാധിക്കുന്ന പ്രധാന വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുമെല്ലാമുള്ള വേദിയായപ്പോൾ കോൺഫറൻസിനെ തങ്ങൾ ഉദ്ദേശിച്ച രീതിയിൽ സപ്പോർട്ട് ചെയ്യാൻ കഴിഞ്ഞതിന്റെ സംതൃപ്തിയിലാണ് പിയാനോ ഭാരവാഹികൾ. പിയാനോ പ്രസിഡണ്ട് ബിന്ദു ഏബ്രഹാം, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ബ്രിജിറ്റ് വിൻസെന്റ് തുടങ്ങിയവർ എല്ലാ രീതിയിലും പരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിൽ സജീവമായി പ്രവർത്തിച്ചു.

വൈസ് പ്രസിഡണ്ട് സൂസൻ സാബു, സെക്രട്ടറി അനോഖ റോയി, ജോ. സെക്രട്ടറി സിമി തോമസ്, ട്രഷറർ ലൈലാ മാത്യു, ജോ. ട്രഷറർ ജിഷാ തോമസ്, ഓഡിറ്റർ മറിയാമ്മ തോമസ്, എപിആർഎൻ ചെയർ ലീന തോമസ്, എപിആർഎൻ കോ ചെയർ ജാൻസി ജോർജ്, ടിന, ബ്രിജിറ്റ് പാറപ്പുറത്ത്, അഡ്വൈസറി ബോർഡ് ചെയർ സാറാ ഐപ്, അഡ്വൈസറി ബോർഡ് മെംബർ സന്തോഷ് സണ്ണി, ജോർജ് നടവയൽ, എജ്യൂക്കേഷൻ ചെയർ ഷേർലി ജീവൻ, എജ്യൂക്കേഷൻ കോ ചെയർ ടിന്റു ജോർജ്, ജെയ്സി ഐസക്, റിസർച്ച് ആൻഡ് പ്രൊഫഷണൽ ഡെവലപ്മെന്റ് ചെയർ സെൽവ സുനിൽ, അവാർഡ്സ് ആൻഡ് സ്കോളർഷിപ് ചെയർ ജ്യോതി സിജു, റിസർച്ച് ആൻഡ് പ്രഫഷഷണൽ ഡെവലപ്മെന്റ് കോ ചെയർ ജെസ്സീക്ക മാത്യു, ആനി ജോബി, ബൈലോ ചെയർ ഡെയ്സി മാനുവൽ, പബ്ലിക് റിലേഷൻ ചെയർ ജോർജ് നടവയൽ, കൾച്ചറൽ പ്രോഗ്രാം ചെയർ നിമ്മി ദാസ്, കൾച്ചറൽ പ്രോഗ്രാം കോ ചെയർ ആഷാ തോമസ്, ഫണ്ട് റെയ്സിങ് ആൻഡ് ചാരിറ്റി ചെയർ സ്വീറ്റി സൈമൺ, വെബ്സൈറ്റ് ആൻഡ് കമ്യൂണിക്കേഷൻ ചെയർ ബിന്ദു ജോർജ്, മെംബർഷിപ് ചെയർ മെർലി പാലത്തിങ്കൽ, കോ-ചെയർ മോളി രാജൻ തുടങ്ങി പിയാനോയുടെ മറ്റ് ഭാരവാഹികളെല്ലാം തന്നെ നേതൃനിരയിലും മറ്റു പ്രവർത്തനങ്ങളിലും സജീവസാന്നിദ്ധ്യമായി.

പുതിയ ഭരണസമിതിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ വെച്ച് തന്നെ നൈനയുടെ അഞ്ചാമത് കോൺഫറൻസിനെക്കുറിച്ചും അത് വിജയകരമാക്കിത്തീർക്കേണ്ടതിനെക്കുറിച്ചും പിയാനോ ഭാരവാഹികൾ സംസാരിച്ചിരുന്നു. അതിനുള്ള പ്ലാനുകൾ പിന്നീട് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തു. നൈനയുടെ എപിആർഎൻ ചെയറും കഴിഞ്ഞ രണ്ടു വർഷമായി പിയാനോയുടെ ഒരു വിംഗ് ആയി പ്രവർത്തിക്കുകയും ചെയ്യുന്ന ഡോ. ബിനു ഷാജിമോൻ കോൺഫറൻസിനെക്കുറിച്ച് അംഗങ്ങളോട് വിശദമായി സംസാരിച്ചിരുന്നു. പിയാനോ മുൻ പ്രസിഡണ്ടും നിലവിൽ അഡ്വൈസറി ബോർഡ് ചെയറും നൈനയുടെ ഇവന്റ് ഫണ്ട് റെയിസിങ് കോ-ഓർഡിനേറ്ററുമായ സാറാ ഐപ് നൈന കോൺഫറൻസിന് ആവശ്യമായ ഫണ്ടിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും നേരത്തെ ബോദ്ധ്യപ്പെടുത്തിയിരുന്നു. വളരെ നേരത്തെ തന്നെ കോൺഫറൻസിനെക്കുറിച്ച് പ്ലാൻ ചെയ്യുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം കൃത്യമായി കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്തതു വഴി നൈനയുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസിന്റെ വൻ വിജയത്തിന് അണിയറ പ്രവർത്തകരാകാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് പിയാനോ അംഗങ്ങൾ.

ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക: പ്രാക്ടീസ്, ലീഡർഷിപ്പ്, ഇന്നവേഷൻ എന്നിവയിലൂടെ നേഴ്സിങ് മികവ് മെച്ചപ്പെടുത്തുക എന്ന പ്രമേയത്തിൽ രണ്ട് ദിവസങ്ങളിലായി നടന്ന കോൺഫറൻസിൽ വിദഗ്ദ്ധരുടെ പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ, വിവിധ സെഷനുകൾ എന്നിവ അരങ്ങേറി. പിയാനോ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ബ്രിജിന്റ് വിൻസെന്റ്, പിയാനോ വൈസ് പ്രസിഡണ്ട് സൂസൻ സാബു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാല നൈറ്റ് കോൺഫറൻസിലെ ഹൈലൈറ്റുകളിലൊന്നായിരുന്നു. പിയാനോ അംഗങ്ങളായ സൂസൻ സാബു, ഷേർലി ജീവൻ, ടിന്റു ജോർജ്, ജെസ്സീക്ക മാത്യു തുടങ്ങിയവരായിരുന്നു മാസ്റ്റർ ഓഫ് സെറിമണി. കാലിഫോർണിയ മുതൽ ന്യൂയോർക്ക് വരെയുള്ള മുപ്പതോളം സംസ്ഥാനങ്ങളിൽ നിന്നുള്ള നേഴ്സുമാരുടെ പങ്കാളിത്തം കോൺഫറൻസിന്റെയും നൈനയുടെയും കരുത്ത് വെളിപ്പെടുത്തുന്നതായിരുന്നു.

അമേരിക്കൻ നേഴ്സസ് അസോസിയേഷന്റെ നേഴ്സിങ് പ്രോഗ്രാം ഡയറക്ടർ ഡോ. കാറ്റി ബോസ്റ്റൺ-ലിയറി, ജെഫേഴ്സൺ ഹെൽത്തിലെ ചീഫ് നേഴ്സിങ് ഓഫീസർ ഡോ. ക്ലെയർ മൂണി, ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ചീഫ് നേഴ്സിങ് ഓഫീസർ ഡോ. ചൗഡ്രോൺ കാർട്ടർ ഷോർട്ട് എന്നിവർ കോൺഫറൻസിൽ മുഖ്യപ്രഭാഷകരായി. ക്ലിനിക്കൽ മികവ്, നേഴ്സിങ് നേതൃത്വം, ആരോഗ്യ സംരക്ഷണ മേഖലയിലെ വികസനത്തിന്റെ ഭാവി എന്നിവയെക്കുറിച്ച് ഇവർ ഓരോരുത്തരും ഫലപ്രദമായ സെഷനുകൾ നടത്തി, ജാരെഡ് സോളമൻ, മിസ്റ്റർ സേത്ത് ബ്ലൂസ്റ്റൈൻ (ഇലക്ഷൻ കമ്മീഷണർ), ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ കോളജ് ഓഫ് പബ്ലിക് ഹെൽത്തിലെ നേഴ്സിങ് ഡിപ്പാർട്ടുമെന്റ് ചെയർപേഴ്സൺ ഡോ. അമിത അവധാനി തുടങ്ങിയവരുടെ സാന്നിദ്ധ്യവും കോൺഫറൻസിന് നിറം പകർന്നു.

നൈനയുടെ പ്രസിഡണ്ട് ഉമാമഹേശ്വരി വേണുഗോപാലിന്റെ നേതൃത്വത്തിലാണ് കോൺഫറൻസ് ഭംഗിയായി നടന്നത്. നൈന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ലിഫി ചെറിയാൻ, നാഷണൽ കൺവീനറും വൈസ് പ്രസിഡണ്ടുമായ താര ഷാജൻ, പിയാനോ പ്രസിഡണ്ടും ചാപ്റ്റർ കൺവീനറുമായ ബിന്ദു ഏബ്രഹാം, നൈന എപിഎൻ ചെയർമാനും കൺവീനറുമായ ഡോ. ബിനു ഷാജിമോൻ, നൈന ഫണ്ട് റെയ്സിങ് ചെയർപേഴ്സൺ സാറാമ്മ ഐപ്പ് എന്നിവർ നേതൃനിരയിലെ ശക്തമായ സാന്നിദ്ധ്യമായി.
















# സഹാറാ മരുഭൂമിയിലൂടെ ഒരു യാത്ര


ഡോ. ജോർജ് മാത്യു

**ലോ**കത്തിലെ ഏറ്റവും വലിയ മരുഭൂമിയായ സഹാറ വടക്കേ ആഫ്രിക്കയിൽ പടിഞ്ഞാറു മൊറോക്കോ മുതൽ കിഴക്ക് ഈജിപ്റ്റ് വരേയും വടക്ക് മെഡിറ്ററേനിയൻ സമുദ്രം മുതൽ തെക്ക് സെൻട്രൽ ആഫ്രിക്കവരെയും 11 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. 9.2 മില്യൻ സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള ഈ ഭൂപ്രദേശം അമേരിക്കൻ ഐക്യനാടുകളെക്കാളും ആസ്ട്രേലിയ ഭൂഖണ്ടത്തേക്കാളും വലുതാണ്.

ഒരു കാലത്ത് തടാകങ്ങളും പുൽമേടുകളും വൃക്ഷ ലതാദികളും നിറഞ്ഞതായിരുന്നു ഈ ഭൂപ്രദേശം. ഭൂമിയുടെ അച്ചുതണ്ടിന്റെ കറക്കത്തിലുള്ള വ്യതിയാനം മൂലം ഉളവാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഇന്ന് മണൽകാടുകളും (Sand Dunes) പാറക്കെട്ടുകളും നിറഞ്ഞ മരുഭൂമിയായി മാറ്റപ്പെട്ടു. ഇവിടെ നിന്നും കണ്ടെത്തിയ ഫോസിലുകളും ഭൂമിക്കടിയിലെ എണ്ണ നിക്ഷേപവും ഒരു കാലത്ത് ഇവിടെ ജീവിച്ചിരുന്ന ജീവികളുടേയും സസ്യങ്ങളുടെയും സാന്നിധ്യം വിളിച്ചറിയിക്കുന്നു.

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നും മറ്റ് ഉപഗ്രഹങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും ഫോട്ടോകളിലും അറ്റ്ലാന്റിക് സമുദ്രത്തിന് കുറുകെ സഞ്ചരിക്കുന്ന മണൽ കാറ്റുകളെ വ്യക്തമായി കാണുവാൻ സാധിക്കും. ഈ മണൽ കാറ്റുകൾ തെക്കെ അമേരിക്കയിലെ ആമസോൺ കാടുകളിൽ വരെ സഞ്ചരിക്കുകയും അവയെ പോഷക സമൃദ്ധമാക്കി കാടുകളുടെ വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. തവിട്ട് നിറത്തിലും ചുവപ്പ് നിറത്തിലുമുള്ള മണൽ മലകൾ, മൗറിത്താനിയായിലെ പ്രസിദ്ധമായ സഹാറായുടെ കണ്ണുകൾ (Eye of Sahara) എന്നിവയും ബഹിരാകാശത്തുനിന്ന് ദർശിക്കുവാൻ സാധിക്കും.

പകൽ കഠിന ചൂടും ($52^{o}c$), രാത്രി അസ്ഥി മരവിപ്പിക്കുന്ന തണുപ്പും (മൈനസ് $4^{o}c$) അനുഭവപ്പെടുന്ന സഹാറായിൽ മനുഷ്യവാസം വളരെ വിരളമാണ്. മരുഭൂമിയിൽ അങ്ങിങ്ങായി കാണുന്ന മരുപ്പച്ചകൾക്ക് ചുറ്റും താമസിക്കുന്ന 'ബർബർ' ഗോത്രവർഗ്ഗക്കാരും മരുഭൂമിയിലെ വാഹനമായ ഒട്ടകപ്പുറത്ത് സഞ്ചരിച്ച് വ്യാപാരം നടത്തുന്ന നാടോടി കച്ചവടക്കാരുടേയും ജീവിതം ഉഗ്രവിഷമുള്ള പാമ്പുകളും തേളുകളും നിറഞ്ഞ ഈ മരുഭൂമിയിൽ ദുസ്സഹമാണ്.



ലേഖകൻ

മരുഭൂമിയിൽ ധാരാളമായി കാണുന്ന ഉപ്പു പാറകൾ ഒരു കാലത്ത് സ്വർണ്ണത്തോളം വിലയേറിയതായിരുന്നു. ഈ പ്രദേശത്ത് താമസിക്കുന്നവർ ഈ ഉപ്പു പാളികളും, ഔഷധ സസ്യങ്ങളും വ്യാപാരികൾക്ക് കൈമാറി പകരം അവർക്ക് ആവശ്യമുള്ള നിത്യോപയോഗ വസ്തുക്കൾ അവരിൽ നിന്നും വാങ്ങിക്കുകയും ചെയ്യുന്നു. മരുഭൂമിയിലെ കൊള്ളക്കാരെ ഭയന്ന് കൂട്ടമായി സഞ്ചരിക്കുന്ന ഈ വ്യാപാരികളിൽ (Caravan) നിന്ന് ശേഖരിക്കുന്ന വസ്തുക്കൾ മൊറോക്കോയിലെ മരക്കേശ് പട്ടണത്തിലും മാലിയിലെ റ്റിമ്പറ്റൂവിലും മറ്റും എത്തിച്ച് യൂറോപ്പിലും മറ്റ് രാജ്യങ്ങളിലും കച്ചവടം നടത്തിയിരുന്നു. എ.ഡി. 1352-ൽ മൊറോക്കോയിലെ താൻജിറിൽ ജനിച്ച ലോക സഞ്ചാരിയായിരുന്ന ഇബ്നു ബത്തുത്ത തന്റെ യാത്രാവിവരണങ്ങളിൽ ഈ കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പല നൂറ്റാണ്ടുകളായി ഈ പ്രദേശം വിദേശാധിപത്യത്തിൽ കഴിയേണ്ടി വന്നിട്ടുണ്ട്. ആദ്യം ഫിനിഷ്യരും പിന്നീട് റോമാക്കാരും ഇവിടം കൈയടക്കിയിരുന്നു. അതിനുശേഷം അറേബ്യൻ മരുഭൂമിയിൽ നിന്നു കടന്നുവന്ന അറബികൾ ഇവിടം കൈയ്യടക്കുകമാത്രമല്ല അവരുടെ മതമായ ഇസ്ലാം മതത്തിലേക്കു പ്രാദേശിക ഗോത്രവർഗ്ഗക്കാരെ പരിവർത്തനം ചെയ്യിക്കുകയും ചെയ്തു. പിന്നീട് വന്ന സ്പാനിഷുകാരും ഫ്രഞ്ചുകാരും അവരുടെ കോളനികൾ ഈ പ്രദേശത്തു സ്ഥാപിച്ചു. എന്നാൽ 1950-കളിൽ ഈ പ്രദേശം സ്വതന്ത്രമായി.

സഹാറായിലെ സൂര്യോദയവും, അസ്തമനവും പ്രത്യേകത നിറഞ്ഞതാണ്. അതു നേരിട്ടു കാണുവാനും മരുഭൂമിയിൽ രാത്രി താമസിക്കുവാനും, 'ബർബർ' ഗോത്രവർഗ്ഗക്കാരുടെ ആചാര രീതികൾ മനസ്സിലാക്കുവാനും ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് ജനങ്ങൾ ഈ മരുഭൂമിയിലേക്ക് കടന്നുവരികയും ടെന്റുകളിൽ താമസിക്കുകയും ചെയ്യാറുണ്ട്. ഈയിടെ ചില ദിവസങ്ങൾ സഹാറായിലൂടെ യാത്രചെയ്യുവാനും മരുഭൂമിയിൽ താമസിക്കുന്ന 'ബർബർ' ഗോത്രക്കാരുടെ ജീവിതരീതികൾ കണ്ടു മനസ്സിലാക്കാനും എനിക്കിടയായി. ഒരു കാലത്ത് ക്രിസ്തീയ വിശ്വാസം പുലർത്തിയിരുന്ന 'ബർബർ' ഗോത്രവർഗ്ഗങ്ങൾ ഭൂരിപക്ഷവും ഇന്ന് ഇസ്ലാം മത വിശ്വാസികളാണ് എന്നാൽ അവരുടെ മുൻകാലങ്ങളിലെ പല നല്ല കാര്യങ്ങളും ഇന്നും അവർ പിൻതുടരുന്നുണ്ട്. യെശയ്യാ പ്രവചനത്തിൽ പറയുന്നതുപോലെ "മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും, നിർജന പ്രദേശം ഉല്ലസിച്ചു പനിനീർ പുഷ്പം പോലെ പൂക്കും; മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു തോടുകളും പൊട്ടിപുറപ്പെടും മരീചിക ഒരു പൊയ്കയായും വരണ്ട നിലം നീരുറവകളായും തീരും" (യെശയ്യ 35: 1-10). പ്രവാചകൻ പറയുന്നതുപോലുള്ള മാറ്റങ്ങൾ ഈ മരുഭൂമിയിൽ നടക്കുവാനുള്ളകാലം ആസന്നമായിരിക്കുകയാണ്. ആ ദിനങ്ങൾക്കായി നമുക്ക് കാത്തിരിക്കാം.




# ശേഖരൻ അപ്പുക്കുട്ടൻ ചിക്കാഗോ ഗീതാമണ്ഡലം പ്രസിഡണ്ട്

ചിക്കാഗോ: നോർത്ത് അമേരിക്കൻ ഹൈന്ദവ മലയാളി സംഘടനകളുടെ മാതാവായ ചിക്കാഗോ ഗീതാമണ്ഡലത്തിന്റെ 49-ാമത് വാർഷിക പൊതുയോഗത്തിൽ ഗീതാമണ്ഡലം സ്ഥാപക അംഗവും രക്ഷാധികാരിയും സംഘടനയുടെ വിവിധ പദവികൾ വഹിക്കുകയും ചെയ്തിട്ടുള്ള വൈക്കം സ്വദേശിയായ ശേഖരൻ അപ്പുക്കുട്ടനെ പുതിയ പ്രസിഡണ്ടായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

ഹൈന്ദവ വിശ്വാസങ്ങളും ആചാരങ്ങളും പരിപാലിക്കുന്നതിൽ ഒട്ടും വിട്ടുവീഴ്ചയില്ലാത്ത വ്യക്തിത്വമാണ് ശേഖരൻ അപ്പുക്കുട്ടന്റേത്. വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തിരിക്കുന്നത് സനാതന ധർമ്മ പ്രചാരണത്തിന് മുന്നിൽ പ്രവർത്തിക്കുന്ന ഡോ. വിശ്വനാഥിനെയാണ്. ജനറൽ സെക്രട്ടറിയായി ബൈജു മേനോനെയും ജോ. സെക്രട്ടറിയായി പ്രജീഷിനെയും ട്രഷററായി ശങ്കർ ശങ്കരനെയും ജോ. ട്രഷററായി രവി നായരെയും തെരഞ്ഞെടുത്തു. രമ നായർ, ബിജു കൃഷ്ണൻ, അശോകൻ കൃഷ്ണൻ, രവി ദിവാകരൻ, രവി മുണ്ടക്കൽ, രവി കുട്ടപ്പൻ, രാജീവ് പൊന്നിശേരി, സന്തോഷ് നായർ, ശിവ ഗുരുസ്വാമി എന്നിവരെ ഡയറക്ടർ ബോർഡിലേക്കും തെരഞ്ഞെടുത്തു.

ഹൈന്ദവ മൂല്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും നിലയുറച്ച് പ്രവർത്തിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുവാനും അതോടൊപ്പം ആത്മീയഗ്രന്ഥങ്ങൾ പഠിക്കുവാനും പ്രചരിപ്പിക്കുവാനും ഹൈന്ദവജനതയെ സജ്ജമാക്കുക എന്നതാണ് തന്റെ പ്രഥമ ദൗത്യം എന്നും ഗോൾഡൻ ജൂബിലിയിലേക്കു പോകുന്ന സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകരുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും ശേഖരൻ അപ്പുക്കുട്ടൻ അഭ്യർത്ഥിച്ചു.



ശേഖരൻ അപ്പുക്കുട്ടൻ

തദവസരത്തിൽ ഗീതാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്കായി തുടർന്നും സമൂഹത്തിലെ എല്ലാ സജ്ജനങ്ങളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നതായും ജനറൽ സെക്രട്ടറി ബൈജു മേനോൻ പറഞ്ഞു.



# ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയണൽ കൺവൻഷൻ ഫാ. ഡേവിസ് ചിറമേൽ മുഖ്യാതിഥി

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയണൽ കൺവൻഷൻ ഒക്ടോബർ 25-ന് ശനിയാഴ്ച റോക്ക്‌ലാൻഡ് കൗണ്ടിയിലെ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് (400 Willow Grove Road, Stoney point, Rockland County) വിവിധ പരിപാടികളോടെ നടത്തുമ്പോൾ മുഖ്യാതിഥിയായി ഫാ. ഡേവിസ് ചിറമേൽ പങ്കെടുക്കുന്നു.

ഫൊക്കാന റീജിയണൽ കൺവൻഷനോടനുബന്ധിച്ച് ഫുഡ്ഫെസ്റ്റിവൽ, യൂത്ത് ഫെസ്റ്റിവൽ, സ്പെല്ലിങ് ബീ കോമ്പറ്റീഷൻ, ചീട്ടുകളി മത്സരം, ഫൊക്കാന കിക്കോഫ് തുടങ്ങിയ നിരവധി പരിപാടികളോടെയാണ് റീജിയണൽ കൺവൻഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. വൈകിട്ട് നടക്കുന്ന പൊതുസമ്മേളനത്തിൽ ഫാ. ഡേവിസ് ചിറമേൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണ്. വളരെ സരസമായി തൃശൂർ ശൈലിയിൽ സംസാരിക്കുന്ന അച്ചന്റെ പ്രസംഗങ്ങൾക്ക് ആരാധകർ ഏറെയാണ്. സാമൂഹിക സേവനപ്രവർത്തനങ്ങൾ കൊണ്ട് പ്രശസ്തനായ അദ്ദേഹം കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ എന്ന അവയവദാനവുമായി ബന്ധപ്പെട്ട സന്നദ്ധ സംഘടനയുടെ സ്ഥാപകനും ചെയർമാനുമാണ് ഫാ. ഡേവിസ് ചിറമേൽ. സ്വന്തം കിഡ്നി ദാനം നല്കിയാണ് അദ്ദേഹം ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.



മനുഷ്യർക്ക് ഹൃദയത്തിൽ നിറയെ അലിവുണ്ടാകണമെന്നും നമ്മളെക്കൊണ്ട് മറ്റുള്ളവർക്ക് എന്തു ഗുണം കിട്ടുമെന്ന് ഓരോരുത്തരും ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണമെന്നും അങ്ങനെയുള്ള മനുഷ്യരിൽ ദൈവത്തിന്റെ കടാക്ഷം ഉണ്ടാകുമെന്നും അച്ചൻ എപ്പോഴും പറയാറുണ്ട്. അതു തന്നെയാണ് ഫാ. ഡേവിസ് ചിറമേൽ തന്റെ പ്രവർത്തനങ്ങളിലൂടെ ലോകത്തിനു കാട്ടുന്നതും. പലരുടെയും മുന്നിൽ അദ്ദേഹം പല രൂപത്തിൽ ദൈവത്തിന്റെ പ്രതീകമായി സഹായവുമായി എത്താറുണ്ട്. ദൈവം ചെയ്യേണ്ടുന്ന കർമ്മങ്ങൾ തന്നെയാണ് അദ്ദേഹം സമൂഹത്തിൽ ചെയ്യുന്നത്.

ഒക്ടോബർ 25-ാം തീയതി ശനിയാഴ്ച നടക്കുന്ന റീജിയണൽ കൺവൻഷനിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി റീജിയണൽ വൈസ് പ്രസിഡണ്ട് ആന്റോ വർക്കി, റീജിയണൽ കോ-ഓർഡിനേറ്റർ ഷീല ജോസഫ്, റീജിയണൽ സെക്രട്ടറി അഭിലാഷ് പുളിക്കത്തൊടി, റീജിയണൽ ട്രഷറർ ഷൈമി ജേക്കബ്, റീജിയണൽ ജോ. സെക്രട്ടറി സാജൻ മാത്യു, റീജിയണൽ സ്പോർട്സ് കോ-ഓർഡിനേറ്റർ ലിജോ ജോൺ, യൂത്ത് ഫെസ്റ്റിവൽ കോ-ഓർഡിനേറ്റർ റോയി ആന്റണി, റീജിയണൽ വിമൻസ് ഫോറം കോ-ഓർഡിനേറ്റർ ഷൈനി ഷാജൻ എന്നിവർ അറിയിച്ചു.

# സീറോമലബാർ നാഷണൽ ഫാമിലി കോൺഫറൻസിന്റെ ജൂബിലി സ്മരണിക ബിഷപ് മാർ ജോയി ആലപ്പാട്ട് പ്രകാശനം ചെയ്തു

**ജോസ് മാളേയ്ക്കൽ**



ഫിലാഡൽഫിയ: ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയിലെ പ്രമുഖ അത്മായസംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്എംസിസി) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബർ 27 മുതൽ 29 വരെ ദേശീയതലത്തിൽ ഫിലാഡൽഫിയയിൽ നടന്ന സീറോമലബാർ കുടുംബസംഗമത്തിന്റെ ജൂബിലി സ്മരണിക ആതിഥേയ ഇടവകയായ ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ പള്ളിയിൽ ഫാമിലി കോൺഫറൻസിന്റെ മുഖ്യ രക്ഷാധികാരിയും ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷനുമായ ബിഷപ് മാർ ജോയി ആലപ്പാട്ട് റിലീസ് ചെയ്തു.



കോൺഫറൻസിന്റെ ഒന്നാം വാർഷികദിനമായ 2025 സെപ്റ്റംബർ 28-ന് ഞായറാഴ്ച ദിവ്യബലിക്കുശേഷം ക്രമീകരിക്കപ്പെട്ട ഹ്രസ്വമായ ചടങ്ങിൽ വെച്ചാണ് സ്മരണികപ്രകാശനം നിർവഹിക്കപ്പെട്ടത്. ദിവ്യബലിയിൽ സഹകാർമ്മികരായ ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, റവ.ഫാ. ജോസ് വരിക്കപ്പള്ളിൽ, റവ.ഫാ. ജസ്റ്റിൻ പനച്ചിക്കൽ, സുവനീർ കമ്മിറ്റി അംഗങ്ങൾ, കൈക്കാരന്മാർ, വിശ്വാസിസമൂഹം എന്നിവർ ജൂബിലി സ്മരണിക പ്രകാശനകർമ്മത്തിനു സാക്ഷികളായി.

എസ്എംസിസി ജൂബിലിയോടനുബന്ധിച്ച് മൂന്നു ദിവസങ്ങളിലായി നടത്തപ്പെട്ട വിവിധ പ്രോഗ്രാമുകളുടെ ചിത്രങ്ങൾ, ശ്രദ്ധേയമായ സെമിനാർ വിഷയങ്ങളിലൂന്നിയ ഈടുറ്റ ലേഖനങ്ങൾ, ഫാമിലി കോൺഫറൻസ് റിപ്പോർട്ട്, വിശിഷ്ട വ്യക്തികളുടെ ആശംസാസന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി ബഹുവർണ്ണ കളറിൽ തയ്യാറാക്കിയ സ്മരണിക ഓർമ്മയിൽ സൂക്ഷിച്ചുവെക്കാനാകുന്ന നിരവധി നിമിഷങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം എസ്.എം.സി.സിയുടെ ആരംഭവും വളർച്ചയും സംബന്ധിച്ച അറിവുകളും അനുവാചകർക്ക് നല്കുന്നു.

കോൺഫറൻസ് രജിസ്ട്രേഷൻ ചെയർമാനും ജൂബിലി വെബ്സൈറ്റ്, ജൂബിലി സംബന്ധമായ ഡിജിറ്റൽ മീഡിയ പരസ്യ പ്രസിദ്ധീകരണങ്ങൾ എന്നിവ തയ്യാറാക്കിയ സിബിച്ചൻ ചെമ്പ്ളായിൽ ആയിരുന്നു സുവനീറിന്റെ ചീഫ് എഡിറ്റർ. 2009-ൽ പ്രസിദ്ധീകരിച്ച എസ്.എം.സി.സി. പത്താം വാർഷിക സ്മരണികയുടെ ചീഫ് എഡിറ്ററും സിബിച്ചൻ തന്നെയായിരുന്നു. ഡോ. ജെയിംസ് കുറിച്ചി കോ-ഓർഡിനേറ്ററായ സുവനീർ കമ്മിറ്റിയിൽ ജോർജ് മാത്യു സിപിഎ, ജോസ് മാളേയ്ക്കൽ, ജോർജ് വി. ജോർജ്, ജോജോ കോട്ടൂർ, സജി സെബാസ്റ്റ്യൻ, ജോസ് തോമസ്, റോഷിൻ പ്ലാമൂട്ടിൽ, ജയിൻ സന്തോഷ്, ഷാജി മിറ്റത്താനി, സിബിച്ചൻ ചെമ്പ്ളായിൽ എന്നിവർ അംഗങ്ങളായിരുന്നു.

എസ്എംസിസിയുടെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബറിൽ നടന്ന ദേശീയ കുടുംബസംഗമം വടക്കേ അമേരിക്കയിലെ സീറോമലബാർ കത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരുന്നു. ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യ രക്ഷാധികാരിയും എസ്എംസിസി നാഷണൽ ഡയറക്ടർ റവ. ഫാ. ജോർജ് എളംബാശേരിൽ, ആതിഥേയ ഇടവക വികാരി റവ.ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും ജോർജ് മാത്യു സിപിഎ (ചെയർപേഴ്സൺ), ഡോ. ജെയിംസ് കുറിച്ചി, മേഴ്സി കുര്യാക്കോസ് (കോ-ചെയർപേഴ്സൺ), ജോസ് മാളേയ്ക്കൽ (ജനറൽ സെക്രട്ടറി), ഷോണിമ മാറാട്ടിൽ (ജോ. സെക്രട്ടറി), ജോർജ് വി. ജോർജ് (ട്രഷറർ), ജോജോ കോട്ടൂർ, ജോൺസൺ കണ്ണൂക്കാടൻ (നാഷണൽ കോ-ഓർഡിനേറ്റർമാർ) എന്നിവരും ഫിലാഡൽഫിയ ഇടവക കൈക്കാരന്മാരായ സജി സെബാസ്റ്റ്യൻ, ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, ജെറി കുരുവിള, വിവിധ സബ് കമ്മിറ്റി ചെയർപേഴ്സൺസും ഉൾപ്പെടെയുള്ള സിൽവർ ജൂബിലി കമ്മിറ്റിയാണ് കോൺഫറൻസിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തത്.

ഫോട്ടോ: ജോസ് തോമസ്

# ഐസിഇസിഎച്ച് ബൈബിൾ കൺവൻഷൻ ഒക്. 11-ന്; ഫാ. ഡേവിസ് ചിറമേൽ മുഖ്യപ്രഭാഷണം നടത്തും

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ (ഐസിഇസിഎച്ച്) ആഭിമുഖ്യത്തിൽ 2025-ലെ ബൈബിൾ കൺവൻഷൻ ഹൂസ്റ്റൺ സെന്റ് ജോസഫ് സീറോമലബാർ കാത്തലിക് ദേവാലയ ഹാളിൽ ഒക്ടോബർ 11-ന് ശനിയാഴ്ച നടത്തപ്പെടുന്നു. വൈകുന്നേരം 6.30-ന് കൺവൻഷൻ ആരംഭിക്കും.

ഈ വർഷത്തെ കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തുന്നത് കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനും ആക്സിഡന്റ് കെയർ ആൻഡ് ട്രാൻസ്പോർട്ട് സർവീസിന്റെ സ്ഥാപകനും ആയ റവ.ഫാ. ഡേവിസ് ചിറമേലാണ്.

ഹൂസ്റ്റണിലെ 20 ഇടവകകൾ ചേർന്ന് നടത്തുന്ന ഈ കൺവൻഷനിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നുവെന്ന് ഭാരവാഹികൾ അറിയിച്ചു. ഐസിഇസിഎച്ച് പ്രസിഡണ്ടായ റവ.ഫാ. ഡോ. ഐസക് ബി. പ്രകാശിന്റെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി കൺവൻഷന്റെ അനുഗ്രഹപ്രദമായ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക്: റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ് 832 997 9788, ഫാ. രാജേഷ് കെ. ജോൺ 214 930 1682, ഷാജൻ ജോർജ് 832 452 4195, രാജൻ അങ്ങാടിയിൽ 713 459 4704, ഫാൻസിമോൾ പള്ളാത്തുമഠം 713 933 7636.






# ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ ഭക്തിസാന്ദ്രമായി വിദ്യാരംഭം ആഘോഷിച്ചു

ചിക്കാഗോ: ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ 9 ദിവസമായി നടന്നുവന്ന നവരാത്രി ആഘോഷങ്ങൾക്ക് ഒന്നാംതീയതി ബുധനാഴ്ച നടന്ന ഭജനയോടെ സമാപനമായി. ജ്ഞാനവിജ്ഞാനങ്ങളുടെ അധിദേവതയായ മഹാ സരസ്വതിക്കു മുൻപിൽ അറിവിന്റെ ആദ്യാക്ഷരങ്ങൾ തേടി നിരവധി കുരുന്നുകളാണ് ഈ വർഷം ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ എത്തിയിരുന്നത്.









അജ്ഞാനാന്ധകാരത്തെ അകറ്റി ജ്ഞാനദീപം മനസ്സിൽ തെളിയുന്ന വിജയ ദിവസമായ വിജയദശമി നാളിൽ മഹാദുർഗ്ഗയുടെയും മഹാലക്ഷ്മിയുടെയും മഹാസരസ്വതിയുടെയും മുന്നിൽ വിദ്യയ്ക്കും തൊഴിലിനും ഐശ്വര്യത്തിനും വേണ്ടിയുള്ള വിശേഷാൽ പൂജകൾക്ക് മേൽശാന്തി കൃഷ്ണൻ ചങ്ങനപറമ്പിൽ കാർമ്മികത്വം വഹിച്ചു.

സരസ്വതി, ശാരദാ കവചങ്ങളോടും ശ്രീസൂക്തത്തോടെയും ലളിതാസഹസ്ര നാമ പാരായണത്തോടെയും ആണ് ഈ വർഷത്തെ വിജയദശമി പൂജകൾ ആരംഭിച്ചത്. സരസ്വതീ പൂജകൾക്കു ശേഷം കുട്ടികളുടെ ഭൗതികവും ആത്മീയവും ആയ വളർച്ചയ്ക്ക് അടിസ്ഥാനമാകുന്ന സനാതന മൂല്യങ്ങൾ കുട്ടികളിലേക്ക് ചേരുന്ന മഹനീയമായ വിദ്യാരംഭ മുഹൂർത്തത്തിൽ, സങ്കല്പ പൂജകൾക്കും അഷ്ടോത്തര അർച്ചനകൾക്കും ശേഷം സാരമായ 'സ്വ'ത്തെ പ്രകാശിപ്പിക്കുന്ന ജ്ഞാന ദേവതയായ മഹാസരസ്വതി ദേവിക്ക് മുന്നിൽ അക്ഷരങ്ങളുടെയും അറിവിന്റെയും പുതിയ ലോകം കുരുന്നുകൾക്ക് തുറന്നുകൊടുത്തു. ഈ വർഷത്തെ വിദ്യാരംഭത്തിന് നിരവധി ഭക്തജനങ്ങൾ ചിക്കാഗോയിൽ നിന്നും മറ്റ് വിവിധ സിറ്റികളിൽ നിന്നും ഗീതാമണ്ഡലം തറവാട്ടിൽ എത്തിയിരുന്നു. വിദ്യാരംഭത്തിനുശേഷം വിപുലമായ അന്നദാനവും ഉണ്ടായിരുന്നു.

ലോകത്തിന്റെ ആത്മീയ തലസ്ഥാനമായ ഭാരതത്തിന് അഭിമാനിക്കുവാൻ നിരവധി സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുണ്ട്. ഋഷി പരമ്പരയിലൂടെ കൈമാറിവന്ന ശ്രേഷ്ഠമായ ഈ സംസ്കാരവും അറിവും നമ്മുടെ അടുത്ത തലമുറയ്ക്ക് പഠിപ്പിച്ചുകൊടുക്കുക എന്നത് ഏതൊരു സനാതന ധർമ്മ വിശ്വാസിയുടെയും ധർമ്മമാണ്.

നമ്മുടെ സംസ്കാരത്തിനു മാത്രം അവകാശപ്പെടാവുന്ന ഏറ്റവും ഉജ്ജ്വലമായ ആശയമാണ് വിദ്യാരംഭം എന്ന് പ്രസിഡണ്ട് ശേഖരൻ അപ്പുക്കുട്ടൻ തന്റെ വിജയദശമി സന്ദേശത്തിൽ പറഞ്ഞു.

**ബൈജു മേനോൻ**

മലയാളി ഹിന്ദുക്കളായ നമുക്ക് വിജയദശമി ദിവസം ജ്ഞാനവിജ്ഞാനങ്ങളുടെ അധിദേവതയായ മഹാസരസ്വതിക്ക് മുൻപിൽ അറിവിന്റെ ആദ്യാക്ഷരങ്ങൾ തേടിയുള്ള പ്രാർത്ഥനയുടെ ദിനം കൂടിയാണ് എന്നും വിദ്യാരംഭം എന്നത് അക്ഷരാരംഭം മാത്രമല്ല ശ്രീവിദ്യാ മന്ത്രഗ്രഹണത്തിന്റെ പ്രഥമപടി കൂടിയാണെന്ന് ഡോക്ടർ വിശ്വനാഥൻ ജി. പറഞ്ഞു.

ഈ വർഷത്തെ നവരാത്രി ആഘോഷങ്ങൾ എത്രയും മനോഹരമായി സംഘടിപ്പിക്കുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ ഭാഗവത ശുകം ബ്രഹ്മശ്രീ മനോജ് നമ്പൂതിരിക്കും നവരാത്രി ഉത്സവം മനോഹരമായി സംഘടിപ്പിക്കുവാൻ പ്രവർത്തിച്ച എല്ലാ പ്രവർത്തകർക്കും ജനറൽ സെക്രട്ടറി ബൈജു മേനോൻ നന്ദി പ്രകാശിപ്പിച്ചു.

## അഡ്വ. ഷിബു മണല അമേരിക്കയിൽ



ചിക്കാഗോ: സ്വകാര്യ പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾക്കായി അഡ്വ. ഷിബു മണല അമേരിക്കയിലെത്തി. വിവിധ സ്റ്റേറ്റുകളായ ന്യൂയോർക്ക്, അറ്റ്ലാന്റ, മിയാമി, ചിക്കാഗോ, സാൻഫ്രാൻസിസ്കോ എന്നീ സ്ഥലങ്ങളിൽ ഒക്ടോബർ 24 വരെ അദ്ദേഹം സന്ദർശനം നടത്തും.

Contact Number: 9146356501.

Contact Person-Sunny Vallikalam: +1 (847) 722-7598.

# മലയാളിയായ ഡോ. അപർണ ദാസ് ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ



കോട്ടയം: ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടംനേടി മലയാളി ഡോ. അപർണ ദാസ്. സ്റ്റാഫോർഡ് യൂണിവേഴ്സിറ്റിയും എൽസേവിയറും ചേർന്ന് പ്രസിദ്ധീകരിച്ച ലോകത്തിലെ മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിലാണ് കോട്ടയം മാഞ്ഞൂർ സ്വദേശിനിയും നിലവിൽ റിസർച്ച് കൺസൾട്ടന്റും അലൈനർ എഐയിൽ എഐ ട്രെയിനറുമായ ഡോ. അപർണ ദാസ് ഇടം പിടിച്ചത്. കോട്ടയം മാഞ്ഞൂർ അരുണോദയം വീട്ടിൽ പി.എൻ. മാധവൻ-ലീല ദമ്പതികളുടെ മകളാണ്.


ഫ്രാൻസിലെ ജോസഫ് ഫോറിയർ സർവകലാശാലയിൽ നിന്നാണ് അപർണ ദാസ് നാനാ ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയത്. യുഎസിലെ കാലിഫോർണിയ സർവകലാശാലയിൽ ഗവേഷകയായിരുന്നു. ജർമ്മനിയിലെ ഗോട്ടിഗനിലെ ജോർജ് ഓഗസ്റ്റ് യൂണിവേഴ്സിറ്റിയിലും ഗവേഷകയായിരുന്നു. സൗദി അറേബ്യയിലെ പ്രിൻസ് മുഹമ്മദ് ബിൻ ഫഹദ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ശാസ്ത്ര ജേർണലുകളിൽ 152 പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അഞ്ച് പുസ്തകങ്ങൾ രചിക്കുകയും 53 അന്താരാഷ്ട്ര കോൺഫറൻസുകളിൽ പ്രത്യേക സംഭാവനകൾ നല്കിയിട്ടുമുണ്ട്.

യുവ വനിതാ ഗവേഷക അവാർഡ്, ഔട്ട്സ്റ്റാൻഡിങ് റിസച്ചർ അവാർഡ്, യൂറോപ്യൻ മൈക്രോസ്കോപ്പി സൊസൈറ്റി (ഇഎംഎസ്) ഔട്ട്സ്റ്റാൻഡിങ് പേപ്പർ അവാർഡുകൾ, മേരി-ക്യൂറി ഫെലോഷിപ്പ്, സിഇഎ-സിഎൻആർഎസ് റിസർച്ച് ഫെലോഷിപ്പ്, ബ്രെയിൻ കൊറിയ 21 ഫെലോഷിപ്പ് തുടങ്ങിയ നിരവധി അന്താരാഷ്ട്ര ഫെലോഷിപ്പുകൾ നേടിയിട്ടുണ്ട് ഡോ. അപർണ ദാസ്.

അന്താരാഷ്ട്ര ജേർണലുകളുടെ കോ-എഡിറ്റർ ഇൻ ചീഫ്, ഗസ്റ്റ് എഡിറ്റർ, പീർ റിവ്യൂവർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കോട്ടയം കുറുപ്പന്തറയിലെ സെന്റ് തോമസ് ലോവർ പ്രൈമറി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് കല്ലറയിലെ എസ്എംവി എൻഎസ്എസ് എച്ച്എസ്എസിൽ സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്ന് ഫോട്ടോണിക്സിൽ അഞ്ചു വർഷത്തെ ഇന്റഗ്രേറ്റഡ് മാസ്റ്റർ ബിരുദവും നേടി.


ഇപ്പോൾ യുകെയിലെ സതാംപ്ടണിലാണ് താമസിക്കുന്നത്. യുകെയിലെ ബിസിനസുകാരനായ മലപ്പുറം ചെട്ടിപ്പടി സ്വദേശി രാജേഷ് അമ്മാട്ടാണ് ഭർത്താവ്.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# നോർത്ത് ഈസ്റ്റ് റീജിയൻ മാർത്തോമ്മാ കൺവൻഷൻ സമാപിച്ചു





ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ വടക്കേ അമേരിക്കൻ ഭദ്രാസനത്തിലെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഇടവകകളുടെ കൂട്ടായ്മയായ മാർത്തോമ്മാ നോർത്ത് ഈസ്റ്റ് റീജണൽ ആക്ടിവിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന 2025-ലെ റീജിയണൽ കൺവൻഷൻ അനുഗ്രഹപ്രദമായി സമാപിച്ചു.

സെപ്റ്റംബർ 26, 27, 28 തീയതികളിൽ യഥാക്രമം ശാലേം മാർത്തോമ്മാ പള്ളി (ഈസ്റ്റേൺ ലോങ് ഐലൻഡ്),

**ജീമോൻ റാന്നി**

എപ്പിഫനി മാർത്തോമ്മാ പള്ളി (ഓസോൺ പാർക്ക്), സെന്റ് ജെയിംസ് മാർത്തോമ്മാ പള്ളി റോക്ക്ലാൻഡ്) എന്നീ ഇടവകകളിലാണ് സുവിശേഷയോഗങ്ങൾ നടന്നത്. കൺവൻഷൻ യോഗങ്ങളുടെ ഉദ്ഘാടനം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ നിർവഹിച്ചു. മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനും ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠം പ്രിൻസിപ്പളുമായ റവ.ഡോ. ഏബ്രഹാം സ്കറിയ മുഖ്യ പ്രസംഗകനായിരുന്നു.

സുവിശേഷത്തിന്റെ സാരാംശം വേർതിരിക്കപ്പെട്ട മനുഷ്യരോടുള്ള ക്രിസ്തുവിന്റെ ഇടപെടലാണെന്നും ഇരയാക്കപ്പെടുന്നവരുടെ പക്ഷത്ത് ക്രിസ്തു നിൽക്കുന്നു എന്നും അതിരുകൾക്കപ്പുറം വരെ വ്യാപിക്കുന്നതാണ് ക്രിസ്തുവിന്റെ സ്നേഹമെന്നും പരിധിയില്ലാത്തതാണ് ക്രിസ്തുവിന്റെ കാരുണ്യമെന്നും തന്റെ പ്രഭാഷണങ്ങളിൽ അദ്ദേഹം ഓർമ്മപ്പെടുത്തി.

കൺവൻഷന്റെ സമാപന ദിനമായ ഞായറാഴ്ച ഈ മേഖലയിലെ എല്ലാ ഇടവകകളും ചേർന്ന് നടത്തിയ വി. കുർബാനയ്ക്ക് ഭദ്രാസനാധിപൻ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ നേതൃത്വം നൽകി. റീജിയണിലെ ഇടവകകളിലെ അംഗങ്ങളടങ്ങിയ സംയുക്ത ഗായകസംഘമാണ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കിയത്. ഗായകസംഘത്തിനു റവ. ആശിഷ് തോമസ് ജോർജ് (ക്വയർ ഡയറക്ടർ), റോയി തടത്തിൽ (ക്വയർ ലീഡർ), ഷേർലി തോമസ് (ക്വയർ കൺവീനർ) എന്നിവർ നേതൃത്വംനല്കി.

റവ.ഡോ. പ്രമോദ് സഖറിയ (വൈസ് പ്രസിഡണ്ട്), തോമസ് ജേക്കബ് (സെക്രട്ടറി), കുര്യൻ തോമസ് (ട്രഷറർ), ബെജി ടി. ജോസഫ് (അക്കൗണ്ടന്റ് ), റവ. ജോയൽ സാമുവൽ തോമസ് (ഭദ്രാസന സെക്രട്ടറി), ജോർജ് പി. ബാബു (ഭദ്രാസന ട്രഷറർ), റവ. ക്രിസ്റ്റഫർ ഫിൽ ഡാനിയേൽ, ചെറിയാൻ വർഗീസ്, ഡോ. ജോൺ കെ. തോമസ്, റോയ് സി. തോമസ്, കോരുത് മാത്യു, ഷേർളി തോമസ്, തങ്കം വി. ജോർജ് എന്നിവരടങ്ങുന്ന കമ്മിറ്റി കൺവൻഷന്റെ അനുഗ്രഹപ്രദമായ നടത്തിപ്പിനായി പ്രവർത്തിച്ചു.



# സോഷ്യൽ സെക്യൂരിറ്റി – ആശങ്ക വേണ്ട

**ഡോ. മാത്യു ജോയിസ്**

ലാസ് വേഗാസ്: അമേരിക്കൻജനതയ്ക്ക് ഏറ്റവും ആശങ്കയുള്ള ഒരു വിഷയമാണ് അവർക്ക് മുടങ്ങാതെ ലഭിക്കേണ്ട സോഷ്യൽ സെക്യൂരിറ്റി ആനുകൂല്യങ്ങൾ.

അമേരിക്കയിലെ സർക്കാർ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അടച്ചുപൂട്ടൽ സമയത്ത് 74 ദശലക്ഷത്തിലധികം അമേരിക്കക്കാർക്കുള്ള സോഷ്യൽ സെക്യൂരിറ്റി പേയ്മെന്റുകൾ (സാമൂഹിക സുരക്ഷാ പേയ്മെന്റുകൾ) ഷെഡ്യൂൾ പ്രകാരം തുടരുമെന്ന് സോഷ്യൽ സെക്യൂരിറ്റി അഡ്മിനിസ്ട്രേഷന്റെ വക്താവ് വ്യക്തമാക്കിയിരിക്കുന്നു.

കോൺഗ്രസിലെ ചെലവ് ബില്ലുകൾ ഓരോ വർഷവും നിർണ്ണയിക്കുന്നതാണ്. അതിന് സ്രോതസുകൾ മതിയാകാതെ വരുമ്പോൾ ചെലവുചുരുക്കൽ പദ്ധതികൾ നടപ്പിലാക്കും. അത്യാവശ്യമല്ലാത്ത പല പേയ്മെന്റുകൾ തല്ക്കാലത്തേക്ക് നിർത്തിവെക്കുകയും ചെയ്യും. മറ്റ് പല പരിപാടികളിൽനിന്നും വ്യത്യസ്തമായി, സാമൂഹിക സുരക്ഷയ്ക്കുള്ള ധനസഹായം നിയമം അനുസരിച്ച് നിർബന്ധമായും കൊടുക്കേണ്ടതുമാണ്.

നിയമനിർമ്മാതാക്കൾ ഒരു തടസ്സം മറികടന്ന് ഒരു താൽക്കാലിക ചെലവ് ബിൽ പാസാക്കുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന് സർക്കാർ അടച്ചുപൂട്ടി. എന്നാൽ ദശലക്ഷക്കണക്കിന് അമേരിക്കക്കാർക്ക് ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങളിലൊന്നിന് ലളിതമായ ഉത്തരമുണ്ട് - സാമൂഹിക സുരക്ഷാ പേമെന്റുകൾ മുടങ്ങില്ല. അതൊരു വലിയ ആശ്വാസം തന്നെയാണ്.

വിരമിക്കൽ, അതിജീവനം, വൈകല്യ ആനുകൂല്യങ്ങൾ എന്നിവ വാർഷിക ബജറ്റ് പോരാട്ടങ്ങൾക്ക് വിധേയമല്ലെന്നും കൃത്യസമയത്ത് പണം നൽകുന്നത് തുടരുമെന്നും സോഷ്യൽ സെക്യൂരിറ്റി അഡ്മിനിസ്ട്രേഷൻ (എസ്എസ്എ) സെപ്റ്റംബർ 24-ലെ ഒരു കണ്ടിജൻസി പ്ലാനിൽ വ്യക്തമാക്കി.



ലേഖകൻ

ഗവൺമെന്റ് അടച്ചുപൂട്ടലിന്റെ ഫലങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുന്നത്, പേയ്റോൾ ടാക്സ് വരുമാനത്തിലൂടെയും സോഷ്യൽ സെക്യൂരിറ്റി ആക്ടിന് കീഴിൽ സ്ഥാപിതമായ ട്രസ്റ്റ് ഫണ്ടുകളിലൂടെയുമാണ് ഈ പ്രോഗ്രാമുകൾക്ക് ധനസഹായം നൽകുന്നത്. "വിനിയോഗത്തിൽ വീഴ്ച സംഭവിച്ചാലും, സാമൂഹിക സുരക്ഷാ നിയമത്തിലെ ടൈറ്റിൽസ് II, XVI, XVIII എന്നിവയ്ക്ക് കീഴിലുള്ള പ്രോഗ്രാമുകൾക്കുള്ള ധനസഹായം തുടരും." ഏജൻസിയുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ ടോം ഹോളുണ്ട് കണ്ടിജൻസി പ്ലാനിൽ വ്യക്തമാക്കി. "ഞങ്ങളുടെ നേരിട്ടുള്ള സേവന പ്രവർത്തനങ്ങൾക്ക് നിർണായകമായ പ്രവർത്തനങ്ങളും ആനുകൂല്യങ്ങളുടെ കൃത്യവും സമയബന്ധിതവുമായ പേയ്മെന്റ് ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും" ഏജൻസി തുടരുമെന്ന് അദ്ദേഹം പറഞ്ഞു.

അതായത്, ഫെഡറൽ തൊഴിലാളികളുടെ വലിയൊരു ഭാഗം പിരിച്ചുവിടപ്പെട്ടാലും സാമൂഹിക സുരക്ഷയും അനുബന്ധ സുരക്ഷാ വരുമാന ആനുകൂല്യങ്ങളും ലഭിക്കുന്ന ഏകദേശം 70 ദശലക്ഷം ആളുകൾക്ക്, ഷട്ട്ഡൗൺ എത്ര കാലം നീണ്ടുനിന്നാലും, കൃത്യസമയത്ത് ശമ്പളം ലഭിച്ചുകൊണ്ടിരിക്കും.

ധനസഹായത്തോടെയുള്ള പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിന് അത്യാവശ്യമാണെങ്കിൽ, "ആവശ്യമായ സൂചനകളിലൂടെ" ജോലി തുടരാൻ അനുവദിക്കുന്ന നീതിന്യായ വകുപ്പിൽനിന്നുള്ള ദീർഘകാല നിയമപരമായ അഭിപ്രായങ്ങൾ ഏജൻസിയുടെ പദ്ധതി ഉദ്ധരിക്കുന്നു.

ആനുകൂല്യ പരിശോധനകൾക്ക് ധനസഹായം ലഭിക്കുന്നതിനാൽ, അവ പ്രോസസ് ചെയ്യാനും വിതരണം ചെയ്യാനും ആവശ്യമായ ജീവനക്കാർ വാർഷിക ധനസഹായം കാലഹരണപ്പെടുമ്പോഴും ഡ്യൂട്ടിയിൽ തുടരും. ഏജൻസിയിലെ 51,825 തൊഴിലാളികളിൽ ഏകദേശം 45,600 പേരെ ഇത്തരം നിയമപരമായ പ്രവർത്തനങ്ങൾ പ്രകാരം ഫർലോയിൽനിന്ന് 'ഒഴിവാക്കും'.


ഫീൽഡ് ഓഫീസുകൾ തുറന്നിരിക്കും. പൊതുജനങ്ങൾക്ക്, അതായത് മിക്ക എസ്എസ്എ സേവനങ്ങളും തുടർന്നും ലഭ്യമാകും.

(ശേഷം 34-ാം പേജിൽ)

# ഇന്ത്യ പ്രസ്ക്ലബ് മാധ്യമസമ്മേളനത്തിൽ അഡ്വ. പ്രമോദ് നാരായൺ എംഎൽഎ പങ്കെടുക്കും

**സജി എബ്രഹാം**

ന്യൂയോർക്ക്: പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര കോൺഫറൻസിൽ റാന്നി എംഎൽഎ പ്രമോദ് നാരായൺ കേരള രാഷ്ട്രീയ രംഗത്തിന്റെ പ്രതിനിധിയായി പങ്കെടുക്കും. പാലക്കാട് എംപി വി.കെ. ശ്രീകണ്ഠനാണ് മറ്റൊരു പ്രതിനിധി. ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സി എഡിസൺ ഷെറാട്ടൺ ഹോട്ടൽ സമുച്ചയത്തിൽ വെച്ചാണ് മാധ്യമസമ്മേളനം നടക്കുന്നത്.




മികച്ച വാഗ്മിയും എഴുത്തുകാരനുമാണ് അഭിഭാഷകനായ പ്രമോദ് നാരായൺ കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മാറ്റങ്ങളെപ്പറ്റി ആധികാരികമായി സംസാരിക്കുന്ന അദ്ദേഹം മാധ്യമങ്ങൾക്ക് ഈ കാര്യങ്ങളിലുള്ള പങ്കാളിത്തവും എടുത്തുകാട്ടും.

2021-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസിലെ റിങ്കു ചെറിയാനെ 1,285 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് അദ്ദേഹം നിയമസഭയിലെത്തിയത്.

കേരളാ കോൺഗ്രസ് (എം)ന്റെ സംസ്ഥാന സെക്രട്ടറിയായും പ്രവർത്തിക്കുന്നു. അദ്ദേഹത്തിന്റെ മുത്തച്ഛൻ പി.കെ. ബാലകൃഷ്ണപിള്ള സ്വാതന്ത്ര്യസമര സേനാനിയും കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ ആദ്യകാല അംഗവുമായിരുന്നു.

പ്രമോദ് നാരായൺ തന്റെ രാഷ്ട്രീയജീവിതം ആരംഭിച്ചത് സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗമായാണ്. കേരള യൂണിവേഴ്സിറ്റിയുടെ യൂണിയൻ ജനറൽ സെക്രട്ടറിയും സെനറ്റ് അംഗവുമായിരുന്നു. ഇന്റർ സ്കൂൾ കൗൺസിലിന്റെ ആദ്യ സംസ്ഥാന ചെയർമാനായിരുന്നു.

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നു നാരായൺ. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രസ് ക്ലബ് സമ്മേളനത്തിലെ ചർച്ചകൾക്ക് എരിവും പുളിയും പകരുമെന്നതിൽ സംശയമില്ല.

# സാക്രമെന്റോ സെന്റ് ബേസിൽ ദേവാലയത്തിൽ പ്രധാന പെരുന്നാളും ഇടവകയുടെ പത്താം വാർഷികവും ആഘോഷിച്ചു

**വർഗീസ് പാലമലയിൽ**

സാക്രമെന്റോ: മഹാ പരിശുദ്ധനായ യെൽദോ മോർ ബസ്സേലിയോസ് ബാവയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന സാക്രമെന്റോ സെന്റ് ബേസിൽ ദേവാലയത്തിൽ പരിശുദ്ധന്റെ



340-ാം ഓർമ്മപ്പെരുന്നാളും ഇടവകയുടെ പത്താം വാർഷികവും 2025 ഒക്ടോബർ 3, 4 (വെള്ളി, ശനി) ദിവസങ്ങളിൽ നോർത്ത് അമേരിക്കൻ അതിഭദ്രാസനത്തിന്റെ ആർച്ച്ബിഷപ്പും പാത്രിയർക്കൽ വികാരിയുമായ യെൽദോ മോർ തീത്തോസ് തിരുമേനിയുടെയും ബഹുമാനപ്പെട്ട വൈദികരുടെയും കാർമ്മികത്വത്തിൽ ഭംഗിയായി ആഘോഷിച്ചു.

1593-ൽ മൂസലിന് സമീപം കൂദേശ് ഗ്രാമത്തിൽ ഹ്ദായി എന്ന പ്രസിദ്ധ കുടുംബത്തിൽ യെൽദോ എന്ന നാമത്തിലായിരുന്നു ജനനം. നന്നേ ചെറുപ്പത്തിൽ തന്നെ സന്യാസജീവിതത്തിൽ ആകൃഷ്ടനായി 'മോർ ബഹനാം' ദയറായിൽ ചേർന്ന് അറബി, സുറിയാനി ഭാഷകളിൽ അഗാധമായ പാണ്ഡിത്യം നേടി. എ.ഡി. 1678-ൽ അബ്ദേദ് മശിഹ പാത്രിയർക്കീസ് ബാവ യെൽദോ മോർ ബസ്സേലിയോസ് എന്ന നാമത്തിൽ മഫ്രിയാനായായി വാഴിച്ചു. മർ



ദ്ദീനിലെ ഒരു ദൈവാലയ മൂറോൻ കൂദാശ സമയത്ത് മലങ്കരയുടെ ശോചനീയാവസ്ഥകളെക്കുറിച്ച് പരിശുദ്ധ അബ്ദേദ് മശിഹ പാത്രിയർക്കീസ് ബാവ പ്രസംഗിച്ചു. ഇതു മനസ്സിലാക്കിയ 92 വയസ്കാരൻ യെൽദോ മോർ ബസ്സേലിയോസ് മൂസലിലെ തന്റെ ചുമതലകൾ ത്യജിച്ച് ഇടയനില്ലാതെ കഷ്ടപ്പെടുന്ന മലങ്കരയിലേക്ക് യാത്രയായി. പായ്ക്കപ്പലിൽ ബസറ വഴി തലശ്ശേരിയിൽ വന്നിറങ്ങി. മലങ്കരയിൽ അന്നുണ്ടായിരുന്ന പറങ്കികളുടെ ആധിപത്യത്തെ ഭയന്ന് വേഷപ്രച്ഛന്നനായി വനാന്തരത്തിലൂടെ കാൽനടയായി പാണ്ടിയിലെ ദണ്ഡിക്കൽ, മൂന്നാർ വഴി പള്ളിവാസലിൽ എത്തിച്ചേർന്നു.

യാത്രാക്ലേശം മൂലം ക്ഷീണിതനായ ബാവ കോതമംഗലത്ത് എത്തിച്ചേർന്നതിനു ശേഷം 13 ദിവസം മാത്രമാണ് മലങ്കരയിൽ ജീവിച്ചിരുന്നത്. എ.ഡി. 1685 കന്നിമാസം 19-ാം തീയതി ശനിയാഴ്ച വൈകിട്ട് മൂന്നു മണിക്ക് ഈ ലോകത്തോട് യാത്രപറഞ്ഞു കർത്തൃസന്നിധിയിലേക്ക് യാത്രയായി, കോതമംഗലത്ത് മാർത്തോമ്മാ ചെറിയപള്ളിയിൽ കബറടങ്ങി. 1987-ൽ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

മൂന്നാം തീയതി വൈകിട്ട് 6 മണിക്ക് അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനിക്ക് പള്ളി അങ്കണത്തിൽ സ്വീകരണം നല്കുകയും തുടർന്ന് സന്ധ്യാപ്രാർത്ഥനയും റവ.ഫാ. അനൂപ് ജേക്കബ് അച്ചന്റെ വചനശുശ്രൂഷയും സൺഡേസ്കൂൾ വാർഷികവും അത്താഴവിരുന്നും ഉണ്ടായിരുന്നു.

4-ാം തീയതി രാവിലെ 8.15-ന് പ്രഭാത പ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും നടത്തി. തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയും വചന ശുശ്രൂഷയും ഉണ്ടായിരുന്നു. വിശുദ്ധ കുർബാനാനന്തരം പ്രദക്ഷിണം, ആശീർവാദം എന്നിവയും നടത്തി. തുടർന്ന് ഇടവകയുടെ പത്താം വാർഷികാഘോഷങ്ങൾ ഇടവക മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

യോഗത്തിൽവെച്ച് ഇടവകയുടെ പത്താം വാർഷിക സുവനീർ 'തൈബൂസോ' അഭിവന്ദ്യ തിരുമേനി പ്രകാശനം ചെയ്തു. യോഗത്തിൽ വിവിധ സഭാ സാമുദായിക നേതാക്കളും വൈദികരും പങ്കെടുത്ത് സംസാരിച്ചു. വികാരി റവ. ഫാ. കുര്യാക്കോസ് പുതുപ്പാടി യോഗത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്തു. ട്രഷറർ പ്രതീഷ് ഏബ്രഹാം യോഗത്തിന് നന്ദി രേഖപ്പെടുത്തി. തുടർന്നുള്ള സ്നേഹവിരുന്നോടെ പെരുന്നാൾ സമാപിച്ചു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.77 |
| യൂറോ | 104.02 |
| സ്റ്റെർലിംഗ്പൗണ്ട് | 119.34 |
| സ്വിസ് ഫ്രാങ്ക് | 111.49 |
| സിംഗപ്പൂർ ഡോളർ | 68.65 |
| കനേഡിയൻ ഡോളർ | 63.61 |
| ഒമാൻ റിയാൽ | 230.88 |
| ബഹ്റൈൻ ദിനാർ | 235.51 |
| സൗദി റിയാൽ | 23.67 |
| യു.എ.ഇ. ദിർഹം | 24.17 |
| കുവൈത്ത് ദിനാർ | 290.20 |

# ഇന്ത്യപ്രസ്ക്ലബ് സമ്മേളനത്തിൽ സുജയ പാർവതി

**അനിൽകുമാർ ആറന്മുള**

ന്യൂയോർക്ക്: അടുത്ത വാരാന്ത്യത്തിൽ ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സി എഡിസണിലെ ഷെറാട്ടൺ ഹോട്ടലിൽ നടക്കുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ത്രിദിന അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ സുജയ പാർവതി പങ്കെടുക്കുന്നു. വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കൊണ്ടും വാർത്താ അവതരണ ശൈലി കൊണ്ടും മലയാള ടിവി ചാനൽ രംഗത്ത് വേറിട്ട് നിൽക്കുന്നു. വിവിധ ചാനലുകളിലൂടെ അവരുടെ ശക്തമായ അവതരണശൈലി ജനങ്ങൾ കണ്ടറിഞ്ഞു. സുജയ പാർവതിയെപ്പോലെ സ്വതന്ത്രാഭിപ്രായം പറയാൻ മടിക്കാത്തവർ ചുരുക്കമെന്നു തന്നെ പറയാം.




ദൂരദർശനിലൂടെ വാർത്താ പ്രക്ഷേപണ രംഗത്ത് വന്ന സുജയ പാർവതി ഇപ്പോൾ റിപ്പോർട്ടർ ലൈവിൽ കോ-ഓർഡിനേറ്റിംഗ് എഡിറ്റർ എന്ന നിലയിൽ തിളക്കമാർന്ന പ്രകടനം കാഴ്ചവെക്കുന്നു. നേരത്തെ 24 ന്യൂസിൽ ന്യൂസ് എഡിറ്റർ. അതിനു മുൻപ് ഏഷ്യാനെറ്റ് ന്യൂസിൽ ചീഫ് ബ്രോഡ്കാസ്റ്റ് ജേണലിസ്റ്റ് ആയി പ്രവർത്തന പാരമ്പര്യം. ആദ്യകാലത്ത് റിപ്പോർട്ടറിൽ സബ് എഡിറ്റർ ആയും പ്രവർത്തിച്ചു. ജീവൻ ടിവിയിൽ ന്യൂഡൽഹിയിലെ ബ്യൂറോ ചീഫ്, കൈരളി ടിവി ജേണലിസ്റ്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. കേരള സർവകലാശാലയിൽ നിന്ന് മാസ് കമ്യൂണിക്കേഷൻ ആൻഡ് ജേണലിസത്തിൽ മാസ്റ്റേഴ്സ് ബിരുദധാരിയാണ്.



# 'വിശുദ്ധിതൻ താരകം' ആൽബം പ്രകാശനം ചെയ്തു

**മാർട്ടിൻ വിലങ്ങോലിൽ**

നോർത്ത് ഡാളസ്/ഫ്രിസ്കോ: ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ വരികളെഴുതി, ഈണം ഒരുക്കിയ 'വിശുദ്ധിതൻ താരകം' എന്ന ഭക്തിഗാന ആൽബം ചിക്കാഗോ സീറോമലബാർ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് പ്രകാശനം ചെയ്തു.




ഒക്ടോബർ 4-ന് വിശുദ്ധ മറിയം ത്രേസ്യാ സീറോമലബാർ മിഷനിലായിരുന്നു പ്രകാശനകർമ്മം. വിശുദ്ധയുടെ മദ്ധ്യസ്ഥതയിലുള്ള അമേരിക്കയിലെ പ്രഥമ മിഷനിലെ പുണ്യവതിയുടെ തിരുനാൾ കൊടിയേറ്റിനോടനുബന്ധിച്ചായിരുന്നു ആൽബപ്രകാശനം.

വിശുദ്ധ മറിയം ത്രേസ്യായോടുള്ള പ്രാർത്ഥനാഗീതമാണ് 'വിശുദ്ധിതൻ താപസ കന്യകയേ' എന്നു തുടങ്ങുന്ന മനോഹരവും ഹൃദ്യവുമായ ഈ മെലഡിഗാനം. കെസ്റ്റർ അതിമനോഹരമായി ആലപിച്ചിരിക്കുന്നു. അമേരിക്കയിലെ ഗാനവേദികളിൽ സുപരിചിതനും നിരവധി ഡിവോഷണൽ ഗാനങ്ങൾക്ക് ഓർക്കസ്ട്രേഷൻ ഒരുക്കിയ സ്കറിയ ജേക്കബ് ഇതിന്റെയും ഓർക്കസ്ട്രേഷൻ നിർവഹിച്ചിരിക്കുന്നു.

കൊപ്പേൽ സെ. അൽഫോൻസാ വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, സ്കറിയ ജേക്കബ്, മിഷൻ ട്രസ്റ്റിമാരായ റെനോ അലക്സ്, ബോസ് ഫിലിപ്പ്, വിനു ആലപ്പാട്ട് (സിസിഡി), റോയ് വർഗീസ് (അക്കൗണ്ടന്റ്), ജോർജ് ബിജു (സെക്രട്ടറി) തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

കുടുംബനവീകരണത്തിനും കുട്ടികളുടെ വിശുദ്ധീകരണത്തിനുമായി നോർത്ത് ഡാളസിലെ എല്ലാ കുടുംബങ്ങൾക്കായും പ്രത്യേകിച്ച് മിഷനിലെ ഗാനശുശ്രൂഷകൾക്കായും ഈ ഗാനോപഹാരം സമർപ്പിക്കുന്നതായി സെന്റ് മറിയം ത്രേസ്യാ സീറോമലബാർ മിഷന്റെ ഡയറക്ടർ കൂടിയായ ഫാ. ജിമ്മി എടക്കുളത്തൂർ പറഞ്ഞു.

കുടുംബങ്ങളുടെ പ്രേഷിതയും തിരുക്കുടുംബ സന്യാസിനി സഭയുടെ സ്ഥാപകയുമായ മറിയം ത്രേസ്യാ പുണ്യവതിയുടെ ജീവചരിത്രം വായിച്ചതു ഗാനരചനയ്ക്കു പ്രചോദനമായെന്ന് ഫാ. ജിമ്മി പറഞ്ഞു.

റിലീസ് ദിനത്തിൽ തന്നെ വിശ്വാസികളുടെ മനംകവർന്ന ഈ ഗാനം യൂട്യൂബിൽ ലഭ്യമാണ്. ലിങ്ക്: https://www.youtube.com/watch?v=wy-Prr4U1C8

# 2025 ലാന ദ്വൈവാർഷിക സമ്മേളനം

**അനശ്വരം മാമ്പിള്ളി**




ഡാളസ്: ഡാളസിലെ കേരളാ ലിറ്ററി സൊസൈറ്റി ആതിഥേയരായി ഡാളസിൽ ഒക്ടോബർ 31, നവംബർ 1, 2 തീയതികളിൽ സംഘടിപ്പിക്കുന്ന 2025-ലെ ലാന (ലിറ്ററി അസോസിയേഷൻ ഓഫ് നോർത്തമേരിക്ക) ദ്വൈവാർഷിക സമ്മേളനത്തിൽ മുഖ്യാതിഥിയായി സുനിൽ പി. ഇളയിടം പങ്കെടുക്കുന്നു. ഒപ്പം ഡോ. എം.വി. പിള്ള, നിരൂപകൻ സജി എബ്രഹാം തുടങ്ങിയവർ പ്രധാന അതിഥികളായി എത്തുന്നതാണ്. മലയാള സാഹിത്യ ചർച്ചകളിൽ മുഴുകാനും സാഹിത്യാസ്വാദക സൗഹൃദങ്ങൾ വളർത്തിയെടുക്കാനും ഒപ്പം വിവിധ കലാപരിപാടികളും കാണുവാനും കേരള വിഭവങ്ങൾ ആസ്വദിക്കുവാനും ലാനയുടെ സമ്മേളനം ഒരുങ്ങിയിരിക്കുന്നു.

അമേരിക്കയിലെ എല്ലാ മലയാളി സാഹിത്യപ്രേമികളെയും ലാനയും കേരള ലിറ്ററി സൊസൈറ്റിയും ഹാർദ്ദമായി മലയാളികളുടെ സാംസ്കാരിക നഗരമായ ഡാളസിലേക്ക് സ്വാഗതം ചെയ്യുന്നു.

അമേരിക്കയിൽ മലയാളം ഭാഷയെ, ഭാഷാസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടായിരുന്നു ഒരു കേന്ദ്ര സാഹിത്യ സംഘടന എന്ന ആശയം രൂപപ്പെട്ടത്. അതിനായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ സാഹിത്യകാരന്മാർ, സാഹിത്യ പ്രബോധനക്കാർ എല്ലാവരുംകൂടി കൈകോർത്തു.

കേന്ദ്ര സാഹിത്യ സംഘടനയായ ലാന രൂപീകരിച്ചത് കേരള ലിറ്ററി സൊസൈറ്റി, ഡാളസ് ഭാരവാഹികളായ എംഎസ്ടി നമ്പൂതിരി, എബ്രഹാം തെക്കേമുറി, എബ്രഹാം തോമസ്, ജോസഫ് നമ്പിമഠം തുടങ്ങിയവർ മുൻകൈയെടുത്തു പ്രവർത്തിച്ചു. കൂടാതെ കെഎൽഎസ് പ്രവർത്തകരായ ഇവരൊക്കെ മുൻകാലങ്ങളിൽ ലാനയുടെ പ്രസിഡണ്ടുമാരായി സംഘടനയെ നയിച്ചിട്ടുമുണ്ട്. ഇപ്പോഴത്തെ പ്രസിഡണ്ട് ശങ്കർ മനയും (ടെന്നിസി), സെക്രട്ടറി സാമുവൽ പനവേലിയും (ടെക്സസ്), ട്രഷറർ ഷിബു പിള്ള (ടെന്നിസി), മാലിനി (ന്യൂയോർക്ക്), ജോൺ കൊടിയൻ (കാലിഫോർണിയ), ഹരിദാസ് തങ്കപ്പൻ (ഡാളസ്) എന്നിവരാണ്.

# ബ്രഹ്മപുത്രയ്ക്കടിയിലൂടെ തുരങ്കപാത നിർമിക്കുന്നു

ന്യൂഡൽഹി: ബ്രഹ്മപുത്ര നദിക്കടിയിലൂടെ തുരങ്ക റോഡിന് പദ്ധതിയുമായി കേന്ദ്രസർക്കാർ. ഇന്ത്യയിൽ ആദ്യമായാണ് നദിക്കടിയിൽ തുരങ്കം നിർമിക്കുന്നത്.

ദേശീയപാത 37-മായി ബന്ധിപ്പിക്കുന്ന അസമിലെ ഗൊഹ്പുർ-നുമലിഘട്ട് നഗരങ്ങളെ ബന്ധിപ്പിക്കുന്നതാണ് പാത. ഉപരിതല ഗതാഗത മന്ത്രാലയം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി. നാഷണൽ ഹൈവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഡിവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനായിരിക്കും (എൻഎച്ച്ഐഡിസിഎൽ) നിർമാണച്ചുമതല.

കേന്ദ്രമന്ത്രിസഭയുടെ അംഗീകാരത്തിനായി ഇത് സമർപ്പിക്കേണ്ടതുണ്ട്. പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി അന്തിമതീരുമാനമെടുക്കും. നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് സ്റ്റാൻഡിങ് കമ്മിറ്റി പദ്ധതിക്ക് അംഗീകാരം നൽകി.

നദിക്ക് കുറുകെ പാലങ്ങളുണ്ടെങ്കിലും എന്തുകൊണ്ട് നദിക്കടിയിൽ തുരങ്കം നിർമിച്ചുകൂടായെന്ന് ചിന്തിച്ചിരുന്നെന്നും തുടർന്നാണ് പദ്ധതി അവതരിപ്പിച്ചതെന്നും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ പറഞ്ഞു.

# ജയ്പുർ ആശുപത്രിയിൽ വൻ തീപിടിത്തം: എട്ടു രോഗികൾ വെന്തുമരിച്ചു

ജയ്പുർ: രാജസ്ഥാൻ ജയ്പുരിലെ സർക്കാർ ഉടമസ്ഥതയിലുള്ള സവായ് മാൻ സിംഗ് (എസ്എംഎസ്) ആശുപത്രിയിലുണ്ടായ തീ പിടിത്തത്തിൽ എട്ടു രോഗികൾ വെന്തുമരിച്ചു. നിരവധി പേർക്കു പരിക്കേറ്റു. 5-ാം തീയതി രാത്രി ട്രോമാ സെന്ററിലാണു തീപിടിത്തമുണ്ടായത്. ഐസിയുവിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളാണു മരിച്ചത്. തീപിടിത്തമുണ്ടായപ്പോൾ ആശുപത്രി ജീവനക്കാർ ഓടിരക്ഷപ്പെട്ടെന്ന വൻ ആരോപണവുമായി രോഗികളും കുടുംബാംഗങ്ങളും രംഗത്തെത്തി.

സ്റ്റോറേജ് ഏരിയായിലാണു തീപിടിത്തമുണ്ടായത്. തുടർന്ന് തീ ആളിപ്പടരുകയായിരുന്നു.

സംഭവം നടക്കുമ്പോൾ ന്യൂറോ ഐസിയുവിൽ 11 രോഗികൾ ചികിത്സയിൽ ഉണ്ടായിരുന്നുവെന്ന് ട്രോമാ സെന്റർ ഇൻ ചാർജ് ഡോ. അനുരാഗ് ധാക്കഡ് പറഞ്ഞു. ഷോർട്ട് സർക്യൂട്ടാണു തീപിടിത്തത്തിന് കാരണമെന്ന് സംശയിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

തീപിടിത്തത്തിൽ വിവിധ രേഖകൾ, ഐസിയു ഉപകരണങ്ങൾ, മരുന്നുകൾ തുടങ്ങിയവ കത്തി നശിച്ചു. ലക്ഷക്കണക്കിനു നഷ്ടമുണ്ടായതെന്നാണു പ്രാഥമിക വിവരം. പോലീസ് എത്തിയെങ്കിലും കനത്ത പുക കാരണം അവർക്കു കെട്ടിടത്തിനുള്ളിൽ പ്രവേശിക്കാൻ കഴിഞ്ഞില്ലെന്നു ജീവനക്കാർ പറഞ്ഞു. തീയണക്കാൻ തുടങ്ങാൻ അഗ്നിശമന സേനാംഗങ്ങൾക്കു കെട്ടിടത്തിന്റെ എതിർ വശത്തുള്ള ജനൽ തകർക്കേണ്ടിവന്നു.



മുഖ്യമന്ത്രി ഭജൻലാൽ ശർമ, പാർലമെന്ററികാര്യമന്ത്രി ജോഗറാം പട്ടേൽ, ആഭ്യന്തര സഹമന്ത്രി ജവഹർ സിംഗ് ബേധം എന്നിവർ ആശുപത്രി സന്ദർശിച്ചു. ഉന്നതതല സന്ദർശനത്തിനു സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

# 15 വയസ് വരെ ആധാർ പുതുക്കൽ സൗജന്യം

ന്യൂഡൽഹി: ഏഴു മുതൽ 15 വയസ് വരെയുള്ള കുട്ടികളുടെ ആധാർ വിവരങ്ങൾ പുതുക്കുന്നതിനുള്ള ഫീസ് യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യുഐഡിഎഐ) എടുത്തുകളഞ്ഞു.

രാജ്യത്തെ ആറു കോടിയോളം കുട്ടികൾക്ക് ഇതു പ്രയോജനം ചെയ്യും. ഒരു വർഷത്തേക്കാണ് ഫീസ് ഇളവ്.

ഫോട്ടോ, പേര്, ജനനസർട്ടിഫിക്കറ്റ്, ലിംഗം, വിലാസം എന്നിവ പരിശോധിച്ചാണ് അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്ക് ആധാർ കാർഡ് നല്കുന്നത്.

ഈ പ്രായത്തിലുള്ള കുട്ടികളുടെ വിരലടയാളവും ഐറിസ് ബയോമെട്രിക്കും (കണ്ണുകളുടെ ചിത്രങ്ങൾ) ശേഖരിക്കാറില്ല. ഏഴു വയസിനുശേഷം ബയോമെട്രിക് വിവരങ്ങൾ ഉൾപ്പെടുത്തുകയാണ് പതിവ്. 125 രൂപയാണ് ഇതിന് ഈടാക്കിയിരുന്നത്.

# SEEKING BRIDEGROOM

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

SEEKING BRIDEGROOM CONTD.....

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

KERALA EXPRESS

# നിര്യാതരായി

## കെ.ജെ. ജോസഫ്

**കോട്ടയം:** അമ്മഞ്ചേരി കായമ്മാക്കൽ കെ.ജെ. ജോസഫ് (81) അന്തരിച്ചു. ഭാര്യ പണ്ടപ്പിള്ളി പുതിയേടത്ത് പരേതയായ ഏലമ്മ. മക്കൾ: ജയ്മി, ബിസ്മി (യുഎസ്). മരുമക്കൾ: ബിനോയി (തിരുവനന്തപുരം), സിജിൻ തിരുവമ്പാടി (യുഎസ്).

**മണർകാട്:** കോട്ടയം വി.സി. ഓഫ്സെറ്റ് പ്രസ് ഉടമ വട്ടത്തിച്ചിറയിൽ വി.എം. കുര്യൻ (ബേബി-94) അന്തരിച്ചു.

**കടുത്തുരുത്തി:** വാലാച്ചിറ പൊതുവാമല (നെടിയാലിൽ) റിട്ട. ഗവ. ജീവനക്കാരൻ പി.ഡി. ലൂയിസ് (കുഞ്ഞുകൊച്ച്-84) അന്തരിച്ചു.

## കെ.സി. വർഗീസ്

**കൊല്ലാട്:** കണിയാംപൊയ്കയിൽ കെ.സി. വർഗീസ് (കുഞ്ഞുമോൻ-81) അന്തരിച്ചു. ഭാര്യ ഒളശ്ശ കല്ലുപറമ്പിൽ ലീലാമ്മ വർഗീസ്. മക്കൾ: ബോബി, റൂബി, നവീൻ. മരുമക്കൾ: സ്റ്റാൻലി, ജെന്നി, (എല്ലാവരും യുഎസ്).

**ചേമ്പളം:** ഡെറാഡൂൺ സെ. മേരീസ് മഠാംഗം സിസ്റ്റർ അൽഫോൻസ തോമസ് (94) അന്തരിച്ചു.

**ഒളശ്ശ:** മഞ്ചയിൽ പരേതനായ ഡോ. തോമസ് മഞ്ചയുടെ ഭാര്യ തങ്കമ്മ മഞ്ച (70) അന്തരിച്ചു.

## മേരി മൈക്കിൾ

**കുട്ടിക്കാനം:** പ്രമുഖ പ്ലാന്ററും സാമൂഹിക പ്രവർത്തകനുമായിരുന്ന പരേതനായ മൈക്കിൾ എ. കള്ളിവയലിലിന്റെ ഭാര്യ മേരി മൈക്കിൾ (മറിയാമ്മ-94) അന്തരിച്ചു. ഇടമറ്റം കുരുവിനാക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: റാണി (ആലപ്പുഴ), വിമല (യുഎസ്), ഗീത (യുഎസ്), ജോസഫ് (പ്ലാന്റർ), റോഷൻ (യുകെ). മരുമക്കൾ: ജോൺ മാത്യു നെരോത്ത് (ആലപ്പുഴ), പരേതനായ പർവേസ് (യുഎസ്), ഫിലിപ്പ് വർഗീസ് കാപ്പിൽ (യുഎസ്), പ്രീതി കൊല്ലംകുളം (വെളിച്ചിയാനി), ഡോ. കൊട്ടാരത്തിൽ എ. ഏബ്രഹാം (യുകെ).

**തുരുത്തി:** കളത്തിപ്പറമ്പിൽ ദേവസ്യ തോമസ് (വാവച്ചൻ-91) അന്തരിച്ചു.

**കോട്ടയം:** പാമ്പാടി വെള്ളൂർ തുണ്ടപ്പറമ്പിൽ (ആഞ്ഞിലിമൂട്ടിൽ) അന്നമ്മ ജേക്കബ് (81) അന്തരിച്ചു.

**ചങ്ങനാശേരി:** ചെത്തിപ്പുഴ വട്ടപ്പറമ്പിൽ പരേതനായ എം.വി. തോമസിന്റെ (റിട്ട. ക്യാപ്റ്റൻ) ഭാര്യ അന്നമ്മ തോമസ് (89) അന്തരിച്ചു.

**പള്ളം:** പ്ലാംപറമ്പിൽ പി. ജോൺ ജോസഫ് (കുഞ്ഞൂഞ്ഞുകുട്ടി-89) അന്തരിച്ചു.

**കോട്ടയം:** മെഡിക്കൽ കോളജ് മുൻ പ്രിൻസിപ്പൽ അമ്മഞ്ചേരി കടപ്പായിൽ പൗർണമിയിൽ ഡോ.കെ.ആർ. ഹരിലാൽ (90) അന്തരിച്ചു.

## ഡോ. തോമസ് എൻ. ജേക്കബ്



**കോട്ടയം:** പള്ളം കണ്ണംപുറത്ത് നെടുമ്പറമ്പിൽ സൈക്യാട്രിസ്റ്റ് ഡോ. തോമസ് എൻ. ജേക്കബ് (സോമൻ-78) യുഎസിൽ അന്തരിച്ചു. ഭാര്യ തിരുവല്ല ചെളിക്കുഴിയിൽ ഡോ. അന്നമ്മ ജോൺ ജേക്കബ്. മക്കൾ: ഡോ. മിറിയം മിടോവിച്ച്, തോമസ് ജോൺ ജേക്കബ്.

**കോട്ടയം:** കന്നുകുഴിയിൽ കുരുവിള ലൂക്കോസ് (തമ്പി-68) അന്തരിച്ചു.

**പട്ടിത്താനം:** കുഴക്കാട്ടിൽ പരേതനായ കെ.എൽ. രവീന്ദ്രന്റെ ഭാര്യ ലീലാരവി (72) അന്തരിച്ചു.

## കത്രീന ജോർജ്

**ചിറ്റൂർ:** ചാത്തലക്കൽ കത്രീന ജോർജ് (89) അന്തരിച്ചു. ഭർത്താവ് പരേതനായ സി.ടി. ജോർജ്. മക്കൾ: ഡയാന, ഷാജു, ജോഷി, ഷൈനി, ഷൈൻ (യുഎസ്). മരുമക്കൾ: കുര്യാക്കോസ്, ജിജി, ജെസ്സി, ജോസ്, നാൻസി (യുഎസ്).

**ചങ്ങനാശേരി:** തെങ്ങണ മറുകുംമൂട്ടിൽ തെക്കേക്കുറ്റ് ടി.സി. ചാക്കോ (കുഞ്ഞുമോൾ-82) അന്തരിച്ചു.

**കോട്ടയം:** സിഎംഐ സന്യാസസമൂഹം സെ. ജോസഫ് പ്രവിശ്യാംഗം ഫാ. ഇമ്മാനുവേൽ ഞാവള്ളി പുത്തൻപുരയിൽ (80) അന്തരിച്ചു.

## ചിന്നമ്മ ചാക്കോ

**പരിയാരം:** വാണിയപ്പുരയ്ക്കൽ വി.കെ. ചാക്കോയുടെ (റിട്ട.എക്സിക്യൂട്ടീവ്, ബെൽ) ഭാര്യ ചിന്നമ്മ ചാക്കോ (84) അന്തരിച്ചു. പാമ്പാടി അമ്പാട്ട് കുടുംബാംഗമാണ്. മക്കൾ: സിൽവിയ രാജു (യുഎസ്), ജിജോ ജേക്കബ് (കാനഡ), ഐവി ജേക്കബ് (യുഎസ്). മരുമക്കൾ: ഔസേഫ് രാജു, ഡെല്ല മാളിയേക്കൽ, റെജി മണ്ണാറപ്പാറയിൽ.

**വടവാതൂർ:** എംആർഎഫ് റിട്ട. ഉദ്യോഗസ്ഥൻ (മധുര) കരിമ്പന്നൂർ കെ.എസ്. കുരുവിള (80) അന്തരിച്ചു.

**കുറിച്ചി:** കൊച്ചീത്ര ജെയിംസുകുട്ടിയുടെ ഭാര്യ റോസമ്മ (56) അന്തരിച്ചു

**മല്ലപ്പള്ളി:** വടക്കേടത്ത് തോമസ് പുന്നൻ (ബിജോയ്-76) അന്തരിച്ചു.

**പാത്താമുട്ടം:** പടിയറ വള്ളിക്കാട്ടായ കാര്യക്കുളത്ത് ശോശാമ്മ ഏബ്രഹാം (82) അന്തരിച്ചു.

## അന്നമ്മ ജോർജ്

**ചങ്ങനാശേരി:** നാലുകോടി വലിയപറമ്പിൽ സെന്റ് ജോസഫ്സ് ജിഎച്ച്എസ് റിട്ട. ടീച്ചർ അന്നമ്മ ജോർജ് (അന്നക്കുട്ടി-85) അന്തരിച്ചു. കാഞ്ഞിരപ്പള്ളി കുരിശുമ്മൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി. ജോർജ് ജോസഫ് (സഹകരണ വകുപ്പ് റിട്ട. ഇൻസ്പെക്ടർ). മക്കൾ: ജോഷി ജോർജ്, കൊച്ചുറാണി, എലിസബത്ത്, മെറിൻ (യുഎസ്). മരുമക്കൾ: ജറീന പാലമറ്റം തൃപ്പൂണിത്തുറ, സുനിൽ കെ. ജോസ് കല്ലോലിക്കൽ കോട്ടയം, രാജു ആന്റണി കല്ലറയ്ക്കൽ തരകൻ ചങ്ങനാശേരി, ജിൻസ് ജോസഫ് ചൂരക്കളം കുറവിലങ്ങാട് (യുഎസ്).

**തൊടുപുഴ:** കീരികോട് അറയ്ക്കൽ ജോൺ ഉലഹന്നാൻ (94) അന്തരിച്ചു.

**വയലത്തല:** മാർത്തോമ്മാ സഭ മുതിർന്ന വൈദികൻ കൊച്ചുവെള്ളാറേത്ത് ഈട്ടിത്തടത്തിൽ റവ. സി.ഇ. തോമസ് (85) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ബിഎസ്എൻഎൽ മുൻ ഉദ്യോഗസ്ഥൻ തെരുവൻകുന്നേൽ ടി.എ. ജെയിംസ് (77) അന്തരിച്ചു.

**പുന്നവേലി:** ചീരമറ്റം ഈട്ടിക്കൽ പരേതനായ സി.സി. തോമസിന്റെ ഭാര്യ സാറാമ്മ തോമസ് (കുഞ്ഞുമോൾ-79) അന്തരിച്ചു.

## മറിയാമ്മ തോമസ്

**മറിയപ്പള്ളി:** വാതല്ലൂർ ചാക്കോ തോമസിന്റെ ഭാര്യ ശാന്തമ്മ തോമസ് (71) യുഎസിൽ അന്തരിച്ചു. തിരുവല്ല തോപ്പിൽ കളത്തിൽ കുടുംബാംഗമാണ്. മക്കൾ: റിനോ, റിൻസി, രഞ്ജു. മരുമക്കൾ: പ്രിയ, പരേതയായ ഈനു (എല്ലാവരും യുഎസ്).

**ചാത്തങ്കരി:** വായ്പുനാരിൽ കൊട്ടുവെട്ടൂർ സരസു സക്കറിയ (80) അന്തരിച്ചു.

**വാഴക്കുളം:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ തെക്കുംമല പുളിക്കൽ പി.സി. ജോൺ (80) അന്തരിച്ചു.

**കുത്രപ്പള്ളി:** ആരാധനമഠാംഗമായ സിസ്റ്റർ ഗ്ലോറിയ ഓണംകുളം (കുഞ്ഞമ്മ-89) അന്തരിച്ചു.

## പി.ജെ ജയന്തൻ നമ്പൂതിരി

**പെരിങ്ങര:** റിട്ട. പോസ്റ്റ്മാസ്റ്റർ പഴയിടത്ത് ഇടമൺ മനയിൽ പി.ജെ. ജയന്തൻ നമ്പൂതിരി (84) അന്തരിച്ചു. ഭാര്യ ശ്യാമളാദേവി (റിട്ട. അദ്ധ്യാപിക എംഡിയുപിഎസ് തലവടി). മക്കൾ: എസ്. ബിനു, പി.ജെ. ബിജോയ് (യുഎസ്). മരുമക്കൾ: കോഴഞ്ചേരി മുണ്ടയ്ക്കൽ ഇല്ലം അനിൽകുമാർ, പ്രിയ.

**തടിയൂർ:** കൊട്ടൂപ്പള്ളിൽ സ്കറിയ മാത്യു (കുഞ്ഞുമോൻ-80) അന്തരിച്ചു.

**തിടനാട്:** വെമ്പാല എത്സമ്മ മാത്യു (72) അന്തരിച്ചു.

## ഫാ. ഡോ. പി.സി. ചെറിയാൻ

**പുതുശേരി:** മലങ്കര ഓർത്തഡോക്സ് ചർച്ച് സീനിയർ വൈദികൻ പുതിയവീട്ടിൽ ഫാ. ഡോ. പി.സി. ചെറിയാൻ (78) യുഎസിൽ അന്തരിച്ചു.

**കുര്യനാട്:** വെമ്പള്ളി ഗവ. യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ പെരുമ്പള്ളിൽ പി.എം. സെബാസ്റ്റ്യൻ (75) അന്തരിച്ചു.

**മാവേലിക്കര:** കോൺഗ്രസ് ടൗൺ ഈസ്റ്റ് മണ്ഡലം മുൻ പ്രസിഡണ്ട് തഴക്കര കോട്ടയംപറമ്പിൽ ജി. കുഞ്ഞുമോൻ (68) അന്തരിച്ചു.

## ഏലിയാസ് മാത്യു



**പിറവം:** റിട്ട. ഡെപ്യൂട്ടി തഹസിൽദാർ മുളക്കുളം കീരിച്ചേരിൽ ഏലിയാസ് മാത്യു (83) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ചിന്നമ്മ പാറശേരിയിൽ മുളക്കുളം. മക്കൾ: ഷാജി, ഷിബു (ന്യൂയോർക്ക്), ഷീബ (പിറവം). മരുമക്കൾ: ഉഷ, സോയ, സാബു.

**കാഞ്ഞിരത്താനം:** കണ്ണാമ്പടത്തിൽ പരേതനായ ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (ചിന്നമ്മ-92) അന്തരിച്ചു.

**പ്ലാശനാൽ:** താളനാനിക്കൽ ടി.ടി. ജോസഫ് (ഔസേപ്പച്ചൻ-66) അന്തരിച്ചു.

**തലയോലപ്പറമ്പ്:** പുത്തൻപുരയ്ക്കൽ പി.വി. സെബാസ്റ്റ്യന്റെ മകൻ ജോബിൻ സെബാസ്റ്റ്യൻ (46) ജർമ്മനിയിൽ അന്തരിച്ചു.

## ത്രേസ്യാമ്മ ജോസഫ്

**കൈപ്പുഴ:** തൊടുകയിൽ പരേതനായ തമ്പിയുടെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (88) യുഎസിൽ അന്തരിച്ചു. കണ്ണങ്കര വിളങ്ങാട്ടുശ്ശേരിൽ കുടുംബാംഗമാണ്. മക്കൾ: പൊന്നു, എലിസബത്ത്, പരേതയായ ഷാജി, ജിജു. മരുമക്കൾ: ജോണി പാറയ്ക്കൽ (എസ്.എച്ച്.മൗണ്ട് കോട്ടയം), ബിജു മുപ്രാപ്പള്ളി (ഇടക്കോലി), ആനി വെങ്കലശ്ശേരി (കുമരകം), കൊച്ചുമോൾ (കുമരകം).

**ചേർപ്പുങ്കൽ:** താന്നിക്കുന്നേൽ പരേതനായ സെബാസ്റ്റ്യന്റെ ഭാര്യ മേരി സെബാസ്റ്റ്യൻ (90) അന്തരിച്ചു.

**ആനിക്കാട് ഈസ്റ്റ്:** വെട്ടിക്കുഴിയിൽ വി.സി. ചാക്കോ (പാപ്പൻ-73) അന്തരിച്ചു.

**തുരുത്തിപ്പള്ളി:** വാരപ്പടവിൽ കുര്യൻ പൈലോ (101) അന്തരിച്ചു.

## ചിന്നമ്മ ഏബ്രഹാം

**ചിങ്ങവനം:** തോണ്ടുകുഴിയിൽ പരേതനായ ടി.സി. ഏബ്രഹാമിന്റെ ഭാര്യ ചിന്നമ്മ ഏബ്രഹാം (90) അന്തരിച്ചു.വള്ളംകുളം കൈതോലിയിൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി ഏബ്രഹാം, പരേതനായ ടോമി ഏബ്രഹാം, ജോസ് ഏബ്രഹാം (യുഎസ്), ജെസി ബോബി (സൂററ്റ്). മരുമക്കൾ: മിനി സണ്ണി കുളത്രമണ്ണിൽ മഴുക്കീർ, ബിനു ടോമി കൂർക്കകാലായിൽ ചിങ്ങവനം, ബോബി മാത്യു (സൂററ്റ്).

**ആലപ്പുഴ:** ഫോട്ടോഗ്രാഫറും ചിത്രകാരനുമായിരുന്ന പുന്നപ്ര രാജ്ഭവനിൽ മോഹനൻ പരമേശ്വരൻ (82) അന്തരിച്ചു.

**കടുവാക്കുളം:** വഴീപ്പറമ്പിൽ ജെയിംസിന്റെ ഭാര്യ ത്രേസ്യാമ്മ ജെയിംസ് (77) അന്തരിച്ചു.

**കൂവപ്പള്ളി:** പന്തലാനിക്കൽ പരേതനായ പി.ഐ. ജോസഫിന്റെ ഭാര്യ മേരി ജോസഫ് (90) അന്തരിച്ചു.

**ചങ്ങനാശേരി:** കൊടിനാട്ടുകുന്ന് കുട്ടംപേരൂർ ചക്കാലയ്ക്കൽ പരേതനായ തോമസ് ദേവസ്യായുടെ ഭാര്യ ഏലിയാമ്മ സെബാസ്റ്റ്യൻ (89) അന്തരിച്ചു.

**പാലാ:** ജോർജിയൻ കോളജ് റിട്ട. പ്രിൻസിപ്പൽ വാകക്കാട് ചുങ്കപ്പുരയ്ക്കൽ സി.എസ്. സിൽവിച്ചൻ (63) അന്തരിച്ചു.

## ജോർജ് മാത്യു

**തിരുവനന്തപുരം:** കുടപ്പനക്കുന്ന് നെസ്റ്റ് ഷോപ്പിൽ ജോർജ് മാത്യു (85) അന്തരിച്ചു. ഭാര്യ ജോളി ജോർജ് തുരുത്തിക്കാട് ഇരണയ്ക്കൽ കുടുംബാംഗം. മക്കൾ: ജെനി മേരി ജോർജ്, ജെമി മാത്യു, ജെസ്മി അന്ന ജോർജ്. മരുമക്കൾ: കല്ലിശേരി കുറിയേടത്ത് സാം തോമസ്, ബോബിന ജെമി പറങ്ങമൂട്ടിൽ, ഡർക്ബാച്ച്കെ (യുഎസ്).

**കോട്ടയം:** ആലുംമൂട്ടിൽ മേരി ഏബ്രഹാം (കൊച്ചുമറിയാമ്മ-86) കളമശേരിയിൽ അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** കാരിക്കുട്ടത്തിൽ (കിഴക്കേക്കുറ്റ്) പരേതനായ തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് (101) അന്തരിച്ചു.

**ഏറ്റുമാനൂർ:** അശോകത്ത് പിഷാരത്ത് ടി.വി. ഷീബ (54) അന്തരിച്ചു.

## ആൽവിൻ

**കീഴൂർ:** പാറപ്പുറത്ത് ലൂക്കോസിന്റെ മകൻ ആൽവിൻ (44)ന്യൂയോർക്കിൽ അന്തരിച്ചു.

**പാലാ:** ബെംഗ്ളൂരു കോറമംഗലം മാറാട്ടുകളം വീട്ടിൽ പരേതനായ തോമസ് എം. തോമസിന്റെ ഭാര്യ മുണ്ടാട്ടുചുണ്ടയിൽ കുടുംബാംഗമായ തങ്കം തോമസ് ബെംഗ്ളൂരുവിൽ അന്തരിച്ചു.

**കളത്തിൽപ്പടി:** അരങ്ങത്തുമാലിൽ എബി ജോസഫ് (49) അന്തരിച്ചു.

## പ്രഫ. വി.ജെ. സിസിലി കോശി

**പത്തനംതിട്ട:** കാതോലിക്കേറ്റ് കോളജ് ഗണിതശാസ്ത്ര വിഭാഗം മുൻ മേധാവി പ്രഫ. വി.ജെ. സിസിലി കോശി (84) അന്തരിച്ചു. പാലാ ഇടമറ്റം വേങ്ങത്താനത്ത് കുടുംബാംഗമാണ്. ഭർത്താവ് കൈപ്പട്ടൂർ കൊന്നയിൽ പരേതനായ പ്രഫ. കെ. ജി. കൊച്ചുകോശി. മക്കൾ: ബിന്ദു ഫിലിപ്പ് (യുഎസ്), ജോർജ് കോശി, ഡോ. ബീന കുര്യൻ (വെല്ലൂർ). മരുമക്കൾ: മാവേലിക്കര കല്ലുപുരയ്ക്കൽ ജിജി ഫിലിപ്പ് (യുഎസ്), കോഴഞ്ചേരി വലിയവീട്ടിൽ ഡോ. റെജി കുര്യൻ (വെല്ലൂർ).

**വാകത്താനം:** വള്ളിക്കാട്ട് പണിക്കശ്ശേരിൽ പരേതനായ പി.ടി. വർക്കിയുടെ മകൻ പി. ജോർജ് ജേക്കബ് (റെനി-48) അന്തരിച്ചു.

## അൽഫോൻസ

**അങ്കമാലി:** തുറവൂർ മംഗലി അൽഫോൻസ (77) അന്തരിച്ചു. നാഗപ്പുഴ താഴത്തുവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് ബാബു. മകൾ: ജെന്നിഫർ (യുഎസ്).

**വിഴിക്കത്തോട്:** കുന്നേപ്പറമ്പിൽ പരേതനായ കെ.എം. വർഗീസിന്റെ (റിട്ട. ഫീൽഡ് എക്സിക്യൂട്ടീവ്, പ്ലാന്റേഷൻ കോർപ്പറേഷൻ) ഭാര്യ ത്രേസ്യാമ്മ (കുഞ്ഞമ്മ-83) അന്തരിച്ചു.

**ചങ്ങനാശേരി:** നാലുകോടി പുതുപ്പറമ്പിൽ പി.സി. വർഗീസിന്റെ (കോൺഗ്രസ് പായിപ്പാട് മണ്ഡലം പ്രസിഡണ്ട്) ഭാര്യ ത്രേസ്യാമ്മ (75) അന്തരിച്ചു.

**പാലാ:** തച്ചാട് വീട്ടിൽ ഏബ്രഹാം ജോസഫ് (80) അന്തരിച്ചു.

## ശോശാമ്മ മാത്യു

**കല്ലൂപ്പാറ:** പുതുശേരി എംജിഡി എച്ച്എസ് റിട്ട. അദ്ധ്യാപിക കടമാൻകുളം മുളമൂട്ടിൽ ശോശാമ്മ മാത്യു (82) അന്തരിച്ചു. ഭർത്താവ്: എം.വി. മത്തായി. മക്കൾ: ജോളി ഫിലിപ്പ്, ലാലി കോശി, മനോജ് മാത്യു (മൂവരും യുഎസ്). മരുമക്കൾ: സണ്ണി കൊണ്ടൂർ, ജാൻസി വാഴുവേലിൽ (ഇരുവരും യുഎസ്).

**വാകത്താനം:** ചേന്നങ്കേരിൽ വൻപള്ളിൽ സണ്ണി ആന്റണി (70) അന്തരിച്ചു.

**മൂലേടം:** തോട്ടുങ്കൽ ചെറിയാൻ ജോൺ രാജൻ (68) അന്തരിച്ചു.

**കാണക്കാരി:** മാലേതടത്തിൽ അറയ്ക്കൽ മാത്തുക്കുട്ടി (83) അന്തരിച്ചു.

**ഉഴവൂർ:** പുത്തൻവീട്ടിൽ കുഞ്ഞുമോൻ (67) അന്തരിച്ചു.

**മുടിയൂർക്കര:** മണലേൽ ഗവ. എൽപിഎസ് റിട്ട. ഹെഡ്മാസ്റ്റർ അടിച്ചിറ പാലയ്ക്കൽ തോമസ് (84) അന്തരിച്ചു.

**കുറുമ്പനാടം:** റിട്ട. പ്രധാനാദ്ധ്യാപകൻ ചെത്തിപ്പുഴ ഹൗസ് സി.എ. ചാക്കോ (88) അന്തരിച്ചു.

# CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

Visit Our Website: www.keralaexpress.com for Classified Advt.

# DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

# DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## *Favors Received*



*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Houston*




# 'കരം' സിനിമയുടെ വിശേഷങ്ങളുമായി വിനീത് ശ്രീനിവാസനും വിശാഖ് സുബ്രഹ്മണ്യവും




പന്ത്രണ്ടു വർഷങ്ങൾക്കുശേഷം തിയറ്ററുകളിലെത്തിയ വിനീത് ശ്രീനിവാസൻ ത്രില്ലറാണു 'കരം'. 'ഹൃദയം', 'വർഷങ്ങൾക്കുശേഷം' എന്നീ മെറിലാൻഡ് ചിത്രങ്ങൾക്കുശേഷം വിനീത് ഒരുക്കിയ 'കര'ത്തിൽ നോബിൾ ബാബു തോമസാണു നായകൻ. തട്ടത്തിൻ മറയത്ത്, തിര, ജേക്കബിന്റെ സ്വർഗരാജ്യം എന്നീ ചിത്രങ്ങൾക്കുശേഷം വിനീതിനൊപ്പം ജോമോൻ ടി. ജോണും ഷാൻ റഹ്മാനും ഒരുമിക്കുന്ന ചിത്രം. വിനീത് സംസാരിക്കുന്നു.

ഒരു പരിചയവുമില്ലാത്ത ഒരു സാഹചര്യത്തിൽ ഒട്ടും പ്രതീക്ഷിക്കാത്ത ഒരവസ്ഥയിൽ പെട്ടുപോകുമ്പോൾ തടസങ്ങൾ മറികടന്ന് അതിൽനിന്നു പുറത്തുകടക്കാൻ മിലിട്ടറി പശ്ചാത്തലമുള്ള, സൈനിക പരിശീലനം നേടിയ ഒരാൾ തന്റെ പരിശീലന വൈദഗ്ധ്യവും ബുദ്ധിയുമുപയോഗിച്ച് ഒറ്റയ്ക്ക് എന്തു ചെയ്യുന്നു എന്നതാണ് പ്രേക്ഷകർക്കു രസാവഹമാകുക. സ്ക്രിപ്റ്റിൽ അതൊക്കെ പുതുമയുള്ള രീതിയിൽ നോബിൾ വർക്ക് ചെയ്തിരുന്നു.

നോബിളിൽ നിന്ന് ഈ കഥ കേട്ടപ്പോഴൊക്കെ ദേവി മഹേന്ദ്രനായി ഞാൻ നോബിളിനെത്തന്നെയാണു കണ്ടിട്ടുള്ളത്. ഞാൻ ഡയറക്ടറായി വന്ന ശേഷം മറിച്ചൊരാലോചന ഉണ്ടായിട്ടില്ല. ആ വേഷം വളരെ അറിയപ്പെടുന്ന ഒരു നടൻ ചെയ്യുന്നതിനുപകരം പുതിയ ഒരാളാകുമ്പോൾ അവസാനം അയാൾ ഇതിൽ വിജയിക്കുമോ ഇല്ലയോ എന്നൊക്കെയുള്ള ആശങ്ക ആളുകളുടെ മനസിൽ കിടക്കും. അത് ഇത്തരം സിനിമയ്ക്കു ഗുണകരമാകുമെന്നാണ് തോന്നിയിട്ടുള്ളത്. ഉദാഹരണത്തിനു 'ട്രാഫിക്' എന്ന സിനിമയിൽ അച്ഛനാണു വണ്ടിയോടിച്ച് ആ ഹൃദയം കൊണ്ടുപോകുന്നത്. അയാൾ അവിടെ എത്തുമോ ഇല്ലയോ എന്നൊരു ടെൻഷൻ പ്രേക്ഷകർക്കും ഉണ്ടായിട്ടുണ്ടാകും.

പൊതുവെ എനിക്കു ത്രില്ലറുകൾ ഇഷ്ടമാണ്. 'വർഷങ്ങൾക്കുശേഷ'ത്തിനു മുമ്പുതന്നെ ഫീൽഗുഡിൽ നിന്നു മാറി ഒരു സിനിമ ചെയ്യണമെന്നുണ്ടായിരുന്നു. 2023-ൽ ഈ സ്ക്രിപ്റ്റ് കേട്ടപ്പോൾ ഇതു ഞാൻ സംവിധാനം ചെയ്തോട്ടെ എന്നു നോബിളിനോടു ചോദിച്ചതും അതുകൊണ്ടുതന്നെ.




നോബിൾ എന്റെ അടുത്ത സുഹൃത്തായതിനാലും ഞങ്ങൾ തമ്മിൽ അത്രമേൽ ധാരണയുള്ളതുകൊണ്ടും സ്ക്രിപ്റ്റിംഗ് സമയത്തു ചർച്ചകൾ ധാരാളമുണ്ടായി. ആവശ്യമായ തിരുത്തലുകൾക്കും ബുദ്ധിമുട്ടുണ്ടായില്ല. പക്ഷേ, ഇതിന്റെ പ്രീ-പ്രൊഡക്ഷൻ തൊട്ട് ജോർജിയയിലെ ഷൂട്ട് ആസൂത്രണവും അതു നടത്തിയെടുക്കലും വമ്പൻ പണിയായിരുന്നു. ഞാനോ വിശാഖോ മുമ്പ് ഒരു യൂറോപ്യൻ രാജ്യത്തും ഷൂട്ട് ചെയ്തിട്ടില്ല. അവിടെ വരാനിടയുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചു ഞങ്ങൾക്ക് ഒരു പരിധിയിലധികം അറിയുകയുമില്ല. കാലാവസ്ഥയുമായി ബന്ധപ്പെട്ടും പ്രയാസങ്ങളുണ്ടായി. അതുകൊണ്ടുതന്നെ ഞങ്ങൾ പ്ലാൻ ചെയ്തതിന്റെ ഇരട്ടിയോളം ബജറ്റിലാണ് ഷൂട്ട് തീർത്തത്.

ഞങ്ങളുടെ ആലോചനയിൽ കഥാപാത്രത്തിനു മലയാളികൾക്കു പരിചിതനായ മറ്റൊരു യൂറോപ്യനില്ല. മാനേജർ വഴി സമീപിച്ചപ്പോൾ മറുപടി പോസിറ്റീവ്. കോച്ച് എന്ന നിലയിൽ കാമറ അഭിമുഖീകരിച്ചു ശീലമുള്ളതുകൊണ്ടും വളരെ രസമുള്ള ശരീരഭാഷയും ഡയലോഗ് ഡെലിവറിയും ഉള്ളതിനാലും ഒരു നടനായി കാമറയ്ക്കു മുന്നിലുള്ള പെരുമാറ്റരീതി രസകരമായി. ഞങ്ങളുടെ സിനിമയിലൂടെ ആശാൻ കേരളത്തിലേക്കു തിരിച്ചുവന്നു എന്നത് സന്തോഷകരമാണ്.



ഒരു മനുഷ്യന്റെ അതിജീവനത്തിനുവേണ്ടിയുള്ള ശ്രമമാണു കഥയെങ്കിലും അതിൽ വളരെ വലിയ പങ്കാളിത്തം ഓഡ്രി, രേഷ്മ എന്നീ നായികമാർക്കുണ്ട്. കഥയിൽ അവരുടേതായ സംഭാവന പകരുന്ന രീതിയിൽ തന്നെയാണ് ഇവരുടെ കഥാപാത്രങ്ങൾ എഴുതപ്പെട്ടിട്ടുള്ളതും അവരതു പെർഫോം ചെയ്തതും. ശ്വേതാ മേനോൻ ഉൾപ്പെടെ എല്ലാവർക്കും ഈ കഥയിൽ കൃത്യമായ ഇടമുണ്ട്.

തിരയുടെ രണ്ടാം ഭാഗത്തെപ്പറ്റി ധ്യാൻ ആലോചിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞങ്ങൾ സംസാരിച്ചിട്ടില്ല. സംവിധാനത്തിൽ നിന്ന് ഞാൻ ഒന്നൊന്നര വർഷത്തെ ഇടവേള എടുക്കുകയാണ്. രണ്ടു മൂന്നു സിനിമകൾ അഭിനയിക്കാൻ കരാറായി. അഭിനയിച്ച സിനിമകളിൽ 'ഭഭബ'യാണ് അടുത്ത റിലീസ്.

1955-ൽ മെറിലാൻഡ് പി. സുബ്രഹ്മണ്യമാണു മലയാളത്തിലെ ആദ്യ ത്രില്ലർ സിനിമ സിഐഡി നിർമിച്ചത്. 'സിഐഡി'ക്ക് 70 തികയുമ്പോൾ സുബ്രഹ്മണ്യത്തിന്റെ ചെറുമകൻ വിശാഖും വിനീത് ശ്രീനിവാസനും ചേർന്നു നിർമിച്ച 'കരം' തിയറ്ററുകളിൽ. 'തിര'യ്ക്കുശേഷം വിനീത് സംവിധാനം ചെയ്ത ത്രില്ലർ. തട്ടിക്കൊണ്ടുപോകലും രക്ഷപ്പെടുത്തലുമാണു പ്രമേയം. വിശാഖ് സുബ്രഹ്മണ്യം സംസാരിക്കുന്നു.

വാസ്തവത്തിൽ കരം, നോബിൾ അഭിനയിച്ച്, സംവിധാനം ചെയ്യാനിരുന്നതാണ്. 2021-ൽ നോബിൾ കരം എഴുതിത്തുടങ്ങി. 2023 ഏപ്രിലിൽ ഫുൾ സ്ക്രിപ്റ്റുമായി സുഹൃത്തായ വിനീതിന്റെ അഭിപ്രായം തേടി. കഥയിൽ ആവേശഭരിതനായ വിനീത്, ഒരുവർഷം കാത്തുനിന്നാൽ 'വർഷങ്ങൾക്കുശേഷം' തിയറ്ററിലെത്തിക്കഴിഞ്ഞ് താൻ ഈ പടം സംവിധാനം ചെയ്യാമെന്നു നോബിളിനോടു പറഞ്ഞു. അന്നുതന്നെ വിനീത് എന്നെ വിളിച്ച് ആ സ്ക്രിപ്റ്റിനെക്കുറിച്ചും അടുത്ത പ്രോജക്ടായി ഒരു ത്രില്ലർ ചെയ്യാനുള്ള ആഗ്രഹവും പറഞ്ഞു.

വിദേശരാജ്യങ്ങളിലാണ് ഷൂട്ടിംഗ്. ബജറ്റ് മുൻകൂട്ടി പറയാനാകില്ല. ക്വാളിറ്റിയിൽ വിട്ടുവീഴ്ച ചെയ്യില്ല. അതിനൊത്ത ടെക്നീഷ്യൻസ് വേണം. ഒപ്പം കാണുമല്ലോ എന്നു ചോദിച്ചപ്പോൾ കഥപോലും കേൾക്കാതെ ഞാൻ ഓകെ പറഞ്ഞു.

ആദ്യാവസാനം വെല്ലുവിളികൾ തന്നെയായിരുന്നു. ലൊക്കേഷൻ ഹണ്ടും യാത്രകളുമായി പ്രീ-പ്രൊഡക്ഷന് ഒരു വർഷം. 2024 മാർച്ച് അവസാന ആഴ്ച മുതൽ ജൂൺ ആദ്യ ആഴ്ച വരെ ഒറ്റ ഷെഡ്യൂളിൽ ഷൂട്ടിംഗ്. പടത്തിന്റെ 95 ശതമാനവും ചിത്രീകരിച്ചത് ജോർജിയ, അസർബൈജാൻ, റഷ്യൻ അതിർത്തി എന്നിവിടങ്ങളിൽ. മാക് എന്റർടെയ്ൻമെന്റ്സ് എന്ന വിദേശ പ്രൊഡക്ഷൻ കമ്പനിയുമായി ചേർന്നായിരുന്നു നിർമാണം.

വിദേശത്ത് ഷൂട്ടിംഗിന് ഇന്ത്യയിലേതിനേക്കാൾ അഞ്ചാറിരട്ടി ചെലവുണ്ട്. നാട്ടിൽനിന്ന് കൊണ്ടുപോയ ടെക്നീഷ്യൻസിനൊപ്പം 50 ശതമാനം പേരെ അവിടെനിന്ന് ക്രൂവിൽ ഉൾപ്പെടുത്തണം. ഇവിടെ ഒരാൾക്കു 10 ദിവസം നല്കുന്ന ബാറ്റയാണ് അവിടെ ഒരു ദിവസം കൊടുക്കേണ്ടിവരിക. ഉപകരണങ്ങളുടെ വാടക, ടെക്നീഷൻസിന്റെ പ്രതിഫലം എന്നിവയിലൊക്കെ വലിയ വ്യത്യാസമുണ്ട്. ചെലവേറിയപ്പോൾ നിർമാണപങ്കാളിയായി വിനീതും ചേർന്നു.

മലർവാടിയിലൂടെ നിവിനെ സിനിമയിൽ കൊണ്ടുവന്നത് വിനീതാണ്. തട്ടത്തിൻ മറയത്ത് സമയത്തും നിവിൻ സ്റ്റാർ ആയിട്ടില്ല. അതിനുശേഷമാണ് നിവിനു ഫാൻ ഫോളോയിംഗ് വന്നത്. ഹൃദയം കഴിഞ്ഞാണു പ്രണവിനു ഫാൻ ഫോളോയിംഗ് വന്നത്. തിരയിലൂടെയാണു ധ്യാനിനെ കൊണ്ടുവന്നത്. ഈ നാലു ചിത്രങ്ങളിലും കാൻവാസ് സ്റ്റാറുകളോ അന്നത്തെ ശ്രദ്ധേയ നടന്മാരോ ഇല്ല. അതേപോലെ വീണ്ടും ഒരു പരീക്ഷണം.

തിര-2 ചോദിക്കുന്നവർക്കു വേണ്ടിയാണ് വാസ്തവത്തിൽ വിനീത് ഈ പടം ചെയ്തത്. നിർമാതാവിനു ലാഭമോ നഷ്ടമോ ഇല്ലാത്ത അവസ്ഥയാണു തിര നല്കിയത്. അന്നത്തെ പ്രേക്ഷകർ അത്തരം സിനിമാ അനുഭവങ്ങൾക്കു തയാറെടുത്തിരുന്നില്ല. പക്ഷേ, പിന്നീട് ഏറ്റവുമധികം അഭിപ്രായം കിട്ടിയ പടം തിരയാണ്. ഓടിടി വന്നതോടെ ആളുകൾ വേറിട്ട ത്രില്ലറുകൾ ആസ്വദിക്കുന്ന ഇക്കാലത്ത് വിനീതിന്റെ പ്രേക്ഷകർക്കായി കൊണ്ടുവന്ന പടമാണു കരം.




# 'ആശ'യുടെ ഫസ്റ്റ്ലുക്ക് പുറത്ത്

മലയാളത്തിന്റെ പ്രിയ താരങ്ങളായ ഉർവശിയും ജോജു ജോർജും ആദ്യമായി ഒന്നിച്ചഭിനയിക്കുന്ന 'ആശ'യുടെ ഫസ്റ്റ്ലുക്ക് റിലീസായി. ഫസ്റ്റ് ലുക്ക് വീഡിയോയുടെ അവസാനം നെഞ്ചിൽ തറയ്ക്കുന്ന നോട്ടവുമായി നിൽക്കുന്ന ഉർവശിയെ കാണാം. 1979 മുതൽ 2025 വരെ എഴുന്നൂറോളം സിനിമകളിൽ അഭിനയിച്ച, അഞ്ച് ഭാഷകളിലായി രണ്ട് ദേശീയ പുരസ്കാരങ്ങളും എട്ട് സംസ്ഥാന പുരസ്കാരങ്ങളും നേടിയ ഉർവശിയെ കയ്യടികളോടെയാണ് ആശ സെറ്റിൽ വരവേറ്റത്.




ഐശ്വര്യ ലക്ഷ്മി, വിജയരാഘവൻ തുടങ്ങിയവരും പ്രധാന വേഷങ്ങളിലുണ്ട്. കാലടിയിലും പരിസര പ്രദേശങ്ങളിലുമായി സിനിമയുടെ ചിത്രീകരണം പുരോഗമിക്കുകയാണ്. 'പണി' ഫെയിം രമേഷ് ഗിരിജയും ചിത്രത്തിലുണ്ട്. അഞ്ച് ഭാഷകളിലാണ് ചിത്രം പുറത്തിറങ്ങുന്നത്. അജിത് വിനായക ഫിലിംസ് അവതരിപ്പിക്കുന്ന ചിത്രം വിനായക അജിത് ആണ് നിർമിക്കുന്നത്.

പൊൻമാൻ, ഗഗനചാരി, ബാന്ദ്ര, മദനോത്സവം, സർക്കീട്ട് തുടങ്ങിയ ശ്രദ്ധേയ സിനിമകൾക്കുശേഷം അജിത് വിനായക ഫിലിംസിന്റേതായി എത്തുന്ന ചിത്രമാണ് 'ആശ'.

സിനിമയുടെ ടൈറ്റിൽ ലുക്ക് പോസ്റ്ററും അടുത്തിടെ അണിയറപ്രവർത്തകർ പുറത്തിറക്കിയിരുന്നു. ചിത്രം കഥയെഴുതി സംവിധാനം ചെയ്യുന്നത് നവാഗതനായ സഫർ സനലാണ്. ജോജു ജോർജും രമേഷ് ഗിരിജയും സഫർ സനലും ചേർന്നാണ് തിരക്കഥ, സംഭാഷണം ഒരുക്കുന്നത്.

ഛായാഗ്രഹണം-മധു നീലകണ്ഠൻ, എഡിറ്റർ-ഷാൻ മുഹമ്മദ്, സംഗീതം-മിഥുൻ മുകുന്ദൻ, സൗണ്ട് ഡിസൈൻ ആൻഡ് സിങ്ക് സൗണ്ട്-അജയൻ അടാട്ട്, പ്രൊഡക്ഷൻ ഡിസൈനർ-വിവേക് കളത്തിൽ, മേക്കപ്പ്-ഷമീർ ഷാം, കോസ്റ്റ്യൂം-സുജിത്ത് സി.എസ്, സ്റ്റണ്ട്-ദിനേഷ് സുബ്ബരായൻ, പ്രൊഡക്ഷൻ കൺട്രോളർ-ഷബീർ മാലവട്ടത്ത്, ചീഫ് അസോസിയേറ്റ്-രതീഷ് പിള്ള, അസ്സോസിയേറ്റ്സ്-ജിജോ ജോസ്, ഫെബിൻ എം സണ്ണി, സ്റ്റിൽസ്-അനൂപ് ചാക്കോ, ഡിസൈൻസ്-യെല്ലോടൂത്ത്സ്.

## ജീവിതത്തിലെ വലിയ ഭാഗ്യം: മഞ്ജു വാര്യർ



മാധവിക്കുട്ടി എന്ന പേര് എന്റെ ജീവിതത്തിൽ പല ഘട്ടങ്ങളിൽ കടന്നുവന്നിട്ടുണ്ട്. മാധവിക്കുട്ടി എന്നു പറയുന്നതിൽ എനിക്കെപ്പോഴും ഒരു മടിയുണ്ട്. മാധവിക്കുട്ടിയമ്മ എന്ന് അറിയാതെ തന്നെ വരും. മാധവിക്കുട്ടി എന്ന എഴുത്തുകാരിയെക്കാളുപരി മാധവിക്കുട്ടി എന്ന വ്യക്തിയെക്കുറിച്ച് അദ്ഭുതത്തോടെ ഒരുപാട് കാര്യങ്ങൾ കേട്ടറിഞ്ഞിട്ടുണ്ട്. എന്തോ ഒരു അടുപ്പവും ഒരുപാടു സ്നേഹവും ആരാധനയുമൊക്കെ തോന്നിയിട്ടുണ്ട്. അവരെക്കുറിച്ചുള്ള കഥ സിനിമയായപ്പോൾ മാധവിക്കുട്ടിയായി അഭിനയിക്കാനായത് ജീവിതത്തിലെ വലിയ ഭാഗ്യമായി ഇന്നും കണക്കാക്കുന്നു. കടലിന്റെ നിറങ്ങൾ എന്ന പേര് ഈ പുസ്തകത്തിന് ഉചിതമാണ്. തിരകളും ചുഴികളും കൊടുങ്കാറ്റുമെല്ലാം നിറഞ്ഞതാണ് കടൽ. മാധവിക്കുട്ടിയമ്മയുടെ ജീവിതവും അങ്ങനെയായിരുന്നു. അതുകൊണ്ടു തന്നെ ചേരുന്ന പേരാണിത്.

## 'അങ്കം അട്ടഹാസം' ലിറിക്കൽ വീഡിയോ പുറത്തിറങ്ങി

കാലം മാറുമ്പോൾ കഥാപാത്രങ്ങളും സാഹചര്യങ്ങളും മാറും. പക്ഷേ തലസ്ഥാനനഗരത്തിന്റെ ചോര മണക്കുന്ന വഴികളിൽ സത്യവും അതിജീവനവും തമ്മിലുള്ള പോരാട്ടം തുടരുന്നു. ട്രിയാനി പ്രൊഡക്ഷൻസിന്റെ ബാനറിൽ സുജിത് എസ്. നായർ രചനയും സംവിധാനവും നിർവഹിച്ച് അനിൽകുമാർ ജി. സാമുവൽ മത്തായി (യുഎസ്എ) എന്നിവർ ചേർന്ന് നിർമിച്ച ഗ്യാംഗ്സ്റ്റർ ഡ്രാമ ത്രില്ലർ ചിത്രം 'അങ്കം അട്ടഹാസം' ലിറിക്കൽ വീഡിയോ ഗാനം റിലീസായി. ദുൽഖർ സൽമാൻ, ടൊവിനോ തോമസ്, ഗോകുൽ സുരേഷ് എന്നിവരുടെ സോഷ്യൽ മീഡിയ പേജുകളിലൂടെയാണ് വീഡിയോ റിലീസായത്.

കാക്കേ കാക്കേ കൂടെവിടെ... കുട്ടിനകത്തൊരു കുഞ്ഞില്ലേ... എന്ന പോപ്പുലറായ വരികളിൽ തുടങ്ങുന്ന ഗാനത്തിന്റെ ഈണം, കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രസിക്കുന്ന തരത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിനീത് ശ്രീനിവാസൻ ആലപിച്ച ഗാനത്തിന്റെ സംഗീതം ശ്രീകുമാർ വാസുദേവും രചന ദീപക് നന്നാട്ടുകാവുമാണ് നിർവഹിച്ചിരിക്കുന്നത്. മാധവ് സുരേഷ്, ഷൈൻ ടോം ചാക്കോ, സൈജു കുറുപ്പ്, മക്ബൂൽ സൽമാൻ എന്നിവർ കേന്ദ്രകഥാപാത്രങ്ങളാകുന്ന ചിത്രത്തിൽ നന്ദു, അലൻസിയർ, എം.എ. നിഷാദ്, അന്നാ രാജൻ, സിബി തോമസ്, നോബി, കിച്ചു (യുഎസ്എ), കുട്ടി അഖിൽ, അമിത്ത്, സ്മിനു സിജോ, ദീപക് ശിവരാജൻ എന്നിവരും കഥാപാത്രങ്ങളാകുന്നു. പുതുമുഖം അംബികയാണ് നായിക.

# 'കിങ്ഡം' സിനിമയിലെ വില്ലൻ വെങ്കിടേഷിന്റെ വിശേഷങ്ങൾ

വിജയ് ദേവരകൊണ്ട നായകനായ 'കിങ്ഡം' സിനിമയുടെ പ്രമോഷൻ പരിപാടി ഹൈദരാബാദിൽ നടക്കുകയാണ്. സ്റ്റേജിലേക്ക് ഒരു പുതിയ പയ്യൻ കയറി വന്നു. തെലുങ്കിലും ഇംഗ്ലീഷിലും അവൻ സംസാരിക്കുന്നിടത്ത് കഥ മാറി. 'സിനിമയിലും സീരിയലിലും ജൂനിയർ ആർട്ടിസ്റ്റായും സഹനടനായും ചെറുതും വലുതും ആയ വേഷത്തിൽ ഞാൻ അഭിനയിച്ചിട്ടുണ്ട്. ഈ വലിയ വേദി ഒൻപത് വർഷമായി ഞാൻ കാണുന്ന സ്വപ്നമാണ്. ഞാൻ കേരളത്തിൽ നിന്ന് വരുന്നു. എന്റെ പേര് വെങ്കിടേഷ്, നിങ്ങൾക്ക് വെങ്കി എന്നു വിളിക്കാം.'

സിനിമയിൽ നായകനാകണം എന്ന് ആശിച്ചുകൊണ്ടിരുന്ന മകനോട് 'വില്ലൻ വേഷവും ചെയ്യണം. ബാഷയിൽ രജനികാന്തിനു കിട്ടുന്ന കയ്യടി രഘുവരനും കിട്ടുന്നത് കണ്ടിട്ടില്ലേ' എന്നു പറഞ്ഞ് പിന്തുണ നൽകി അമ്മ. ഒടുവിൽ അമ്മയുടെ വാക്ക് പൊന്നായി. ഗൗതം ടിന്നനൂരി സംവിധാനം ചെയ്ത് വിജയ് ദേവരകൊണ്ട തകർത്താടിയ 'കിങ്ഡം' സിനിമയിൽ ആദ്യാവസാനം കട്ടയ്ക്ക് പിടിച്ചുനിന്ന മുരുകൻ എന്ന വില്ലനിലൂടെ തെലുങ്കിൽ വെങ്കിടേഷിന്റെ വരവറിയിച്ചു. അനിരുദ്ധന്റെ മ്യൂസിക് കൂടി ആയപ്പോൾ മാസ് വില്ലൻ. അതും ദേവരകൊണ്ടയ്ക്കു ലഭിച്ച അതേ ഇൻട്രോ കയ്യടി നൽകിയാണ് പ്രേക്ഷകർ സ്വീകരിച്ചതോടെ തിരുവനന്തപുരം പടിഞ്ഞാറേക്കോട്ട സ്വദേശി വി.പി. വെങ്കിടേഷിന്റെ സ്വപ്നങ്ങൾ പൂവണിഞ്ഞു.

തിരുവനന്തപുരം മോഡൽ സ്കൂളിൽ പഠിക്കുമ്പോൾ ക്ലാസ് കട്ട് ചെയ്ത് സിനിമയ്ക്കു പോകുമായിരുന്നു. അതു പിന്നീട് അഭിനയമോഹമായി വളർന്നു. വീട്ടിൽ പറഞ്ഞപ്പോൾ മാതാപിതാക്കളും നോ പറഞ്ഞില്ല. 'നിന്റെ ഇഷ്ടം പോലെ. ഞങ്ങൾ കൂടെ ഉണ്ട്.' ആ വാക്കുകൾ ഊർജമായി. അങ്ങനെ അവസരങ്ങൾ ചോദിച്ചുതുടങ്ങി.

മുഖം കാണിച്ചു പോകുന്നതും നിഴൽ മാത്രമായതുമായ വേഷങ്ങളിൽ ഒതുങ്ങി. വെളിപാടിന്റെ പുസ്തകത്തിലേക്ക് ചീഫ് അസോഷ്യേറ്റ് ഡയറക്ടർ അനിൽ ഏബ്രഹാം നൽകിയ പിടിവള്ളിയാണ് കൂടുതൽ ആത്മവിശ്വാസം പകർന്നത്.

'ഇവൻ ഒരു റൗണ്ട് ഓടും' സ്റ്റാൻഡ് അപ്പിന്റെ പ്രീ റിലീസ് പ്രോഗ്രാമിനിടയിൽ വെങ്കിടേഷിന്റെ അഭിനയത്തെക്കുറിച്ച് മമ്മൂട്ടി പറഞ്ഞ വാക്കുകളാണിത്. പ്രീസ്റ്റിലേക്ക് അവസരം ഒരുക്കിയതും മമ്മൂട്ടി തന്നെ.

അതിനു മുൻപും ശേഷവും ധാരാളം ചെറുതും വലുതുമായ വേഷങ്ങൾ ചെയ്തു. അതിലേറെ സിനിമകൾ പ്രഖ്യാപിച്ചിട്ടും നടക്കാതെയും പോയി. പക്ഷേ, വെങ്കിടേഷിന്റെ മോഹത്തെ തല്ലിക്കൊഴിക്കാൻ ഇതുകൊണ്ട് ആകുമായിരുന്നില്ല. അഭിനയം പഠിക്കാൻ ആക്ടിങ് വർക്ഷോപ്പിന് ചേരാൻ ശ്രമിച്ചപ്പോൾ താങ്ങാനാകാത്ത തുകയായതിനാൽ വേണ്ടെന്നുവെച്ചു. തുടർന്ന് സിനിമകൾ കണ്ടും ലൈറ്റ് ബോയ് മുതൽ മുതിർന്ന അഭിനേതാക്കളോടു വരെ അഭിപ്രായം ചോദിച്ചും സ്വയം മെച്ചപ്പെടുത്തി മുന്നോട്ടുപോയി. തിരുവനന്തപുരം സ്ലാങ്ങും അനാവശ്യ വിനയവുമാണ് തന്നെ പിന്നോട്ടുവലിക്കുന്നതെന്ന് വെങ്കി കരുതിയിരുന്നു. എന്നാൽ ഇതു രണ്ടും തന്റെ ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കിയതോടെ പ്രശ്നം തീർന്നു.



ജി.വി. പ്രകാശ് നായകനായ തമിഴ് ചിത്രം റിബലിലെ അഭിനയമാണ് കിങ്ഡത്തിലേക്ക് അവസരമൊരുക്കിയത്. വിജയ് ദേവരകൊണ്ടയോട് ഇടിച്ചുനിൽക്കുന്ന മുഴുനീള വില്ലൻ വേഷമായിരിക്കുമെന്ന് സ്വപ്നത്തിൽപ്പോലും കരുതിയില്ല. 'പരമാവധി നമ്മളെ പ്രോത്സാഹിപ്പിക്കുന്ന ആളാണ് വിജയ് ദേവരകൊണ്ട സാർ. അതുകൊണ്ട് നന്നായി അഭിനയിക്കാൻ സാധിച്ചു' - വെങ്കിടേഷ് പറയുന്നു. 'യുവർ സൺ ഈസ് എ ഗുഡ് ആക്ടർ' എന്നാണ് അദ്ദേഹം അമ്മയെ വിളിച്ചു പറഞ്ഞത്. അതു വലിയ അംഗീകാരമായി കാണുന്നു. ഏഴു വർഷം മുൻപ് ഒരു തെലുങ്ക് ചിത്രത്തിൽ അഭിനയിച്ചിരുന്നു. പക്ഷേ, ആ സിനിമ പുറത്തിറങ്ങിയില്ല. ആ സെറ്റിൽവെച്ചാണ് തെലുങ്കു പഠിച്ചത്. അച്ഛൻ പി. പിച്ചുമണി മൂന്ന് വർഷം മുൻപ് വിട്ടുപിരിഞ്ഞു. അമ്മ താര എക്സാമിനേഷൻ ബോർഡിൽ ജീവനക്കാരിയാണ്. കഷ്ടപ്പാടിനിടയിലും ആഗ്രഹങ്ങളോടു നോ പറയാതെ വളർത്തിയ അമ്മയ്ക്കുള്ള സമ്മാനമാണ് ഈ വേഷമെന്ന് വെങ്കിടേഷ് പറയുന്നു.

# മോഹൻലാലിന് കേരളത്തിന്റെ ആദരം

തിരുവനന്തപുരം: പതിനായിരങ്ങളെ സാക്ഷിനിർത്തി മലയാളത്തിന്റെ മോഹൻലാലിന് കേരളക്കരയുടെ ആദരം. ചലച്ചിത്രലോകത്തിനു നല്കിയ സമഗ്ര സംഭാവനയ്ക്കുള്ള രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ 'ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ മലയാളത്തിന്റെ മഹാനടൻ മോഹൻലാലിനെ സംസ്ഥാന സർക്കാർ ആദരിച്ചു. 'മലയാളം വാനോളം, ലാൽസലാം' എന്ന പേരിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ മോഹൻലാലിനെ ആദരിച്ചത്.

മുഖ്യമന്ത്രി മോഹൻലാലിനെ പൊന്നാട അണിയിച്ചു. മോഹൻലാൽ ചിത്രങ്ങളിലെ ചലിക്കുന്ന ദൃശ്യങ്ങൾ ഉൾപ്പെടുത്തി കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് തയ്യാറാക്കിയ ശില്പം സമ്മാനിച്ചു.

കവി പ്രഭാവർമ്മ എഴുതിയ കാവ്യപത്രം മുഖ്യമന്ത്രി മോഹൻലാലിനു സമർപ്പിച്ചു. ഗായിക ലക്ഷ്മിദാസ് കാവ്യപത്രം ചൊല്ലി. വിഖ്യാത ചിത്രകാരൻ എം. രാമചന്ദ്രന്റെ താമരക്കുളത്തിന്റെ ലോകം എന്ന ചിത്രം മുഖ്യമന്ത്രി മോഹൻലാലിനു സമർപ്പിച്ചു. ഹൃദ്യമായ നന്ദിവാക്കുകളോടെയാണ് മോഹൻലാൽ ആദരം സ്വീകരിച്ചത്.

എനിക്ക് ഈ സ്വീകരണം നല്കുന്നത് എന്നെ ഞാനാക്കി മാറ്റിയ കേരളവും മലയാളികളും അവർ തെരഞ്ഞെടുത്ത സർക്കാരുമാണ്. ഡൽഹിയിൽ വെച്ച് പുരസ്കാരം വാങ്ങിയ നിമിഷത്തേക്കാൾ ഏറെ വൈകാരിക ഭാരത്തോടെയാണ് ഞാൻ നിങ്ങൾക്കു മുന്നിൽ നിൽക്കുന്നത്.

ജീവിതത്തിന്റെ സങ്കീർണതകൾ ഒന്നുമറിയാതെ എന്റെ അമ്മയ്ക്കും അച്ഛനും ഒപ്പം ജീവിച്ച ഇടമാണ് ഈ മണ്ണ്.

ഇക്കാരണങ്ങൾ കൊണ്ടെല്ലാം ഞാൻ അനുഭവിക്കുന്ന വൈകാരികഭാരത്തെ മറച്ചുപിടിക്കാൻ കാലങ്ങളായി ഞാൻ ആർജിച്ച അഭിനയശേഷിക്കു സാധിക്കുന്നില്ല. എനിക്കു ലഭിച്ച എല്ലാ പുരസ്കാരങ്ങളും മലയാളത്തിനും മലയാളിക്കും കേരളത്തിന് ആകെയും ലഭിച്ചവയാണെന്ന് ഞാൻ കരുതുന്നു.




ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം ലഭിച്ച മോഹൻലാലിനെ ആദരിക്കുന്നതിന് സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരം സമ്മാനിച്ചപ്പോൾ. മന്ത്രിമാരായ ജി.ആർ. അനിൽ, സജി ചെറിയാൻ, ശിവൻകുട്ടി ചലച്ചിത്രസംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ എന്നിവർ സമീപം.

# ജെസിവധം: ഭർത്താവ് അറസ്റ്റിൽ

കുറവിലങ്ങാട്: കുടുംബസുഹൃത്തിന്റെ പരാതിയെത്തുടർന്നുള്ള അന്വേഷണം, കാണക്കാരി രത്നഗിരി പള്ളിക്കുസമീപം കപ്പടക്കുന്നേൽ ജെസി സാമിനെ (49) കൊലപ്പെടുത്തിയതു



സംബന്ധിച്ച വിവരം പുറത്തുകൊണ്ടുവന്നു. ജെസിയെ ശ്വാസംമുട്ടിച്ചുകൊന്ന് കൊക്കയിൽ തള്ളിയെന്ന കേസിൽ ഭർത്താവ് സാം കെ. ജോർജിനെ (59) ബെംഗളൂരുവിൽനിന്നാണ് അറസ്റ്റുചെയ്തത്. ഇടുക്കി ഉടുമ്പന്നൂർ ചെപ്പുകുളം വ്യൂപോയിന്റിൽ റോഡിൽനിന്ന് 50 അടി താഴ്ചയിലാണ് ജെസിയുടെ മൃതദേഹം കണ്ടെത്തിയത്.

സാം കെ. ജോർജിനെ കേന്ദ്രീകരിച്ചാണ് ആദ്യംമുതൽ അന്വേഷണം നടന്നത്. പരസ്ത്രീബന്ധത്തെച്ചൊല്ലി സാമിന്റെ കുടുംബത്തിലുള്ള തർക്കവും പരാതികളും കോടതി കേസുകളുമാണ് അന്വേഷണം ഇയാളിൽ കേന്ദ്രീകരിക്കാൻ ഇടയാക്കിയതെന്ന് ജില്ലാ പോലീസ് മേധാവി എ. ഷാഹുൽ ഹമീദ് കുറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു.

26-ാം തീയതിയാണ് കൊല നടത്തിയത്. അന്ന് രാത്രിതന്നെ അവിടെനിന്ന് 60 കിലോമീറ്റർ അകലെ ഉടുമ്പന്നൂരിൽ എത്തിച്ച് കൊക്കയിൽ തള്ളി. 27-ന് രാത്രി എറണാകുളത്തുനിന്ന് ബസിനാണ് സാം മൈസൂരു വഴി ബെംഗളൂരിലേക്ക് പോയത്.

26 മുതൽ വിദേശത്തുള്ള മക്കൾ പലതവണ ഫോൺ വിളിച്ചിട്ടും ജെസിയെ കിട്ടിയില്ല. 29-നാണ് കാണാനില്ലെന്ന പരാതി പോലീസിന് ലഭിക്കുന്നത്. സാം സ്ഥലംവിട്ടതായി മനസ്സിലായതോടെ അന്വേഷണം ഊർജിതമാക്കി.

മൊബൈൽ ഫോൺ, സിസിടിവി ദൃശ്യങ്ങൾ എന്നിവ കേന്ദ്രീകരിച്ചായിരുന്നു അന്വേഷണം. സാം എം.ജി. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നുമുണ്ടായിരുന്നു. സഹപാഠിയായ ഇറാനിയൻ യുവതിയും ബെംഗളൂരുവിൽ പ്രതിക്കൊപ്പം ഉണ്ടായിരുന്നു. ഇവരെയും പോലീസ് ചോദ്യംചെയ്തു.

# ഡോക്ടറെ അറസ്റ്റ് ചെയ്തു

(3-ാം പേജിൽനിന്നും)

നാഗ്പുരിലും ഒരാൾ ചിന്ദ്വാഡയിലുമായി ആറു കുട്ടികൾ ചികിത്സയിലുണ്ട്. നാഗ്പുരിൽ പ്രവേശിപ്പിച്ച മൂന്ന് കുട്ടികളുടെ നില ഗുരുതരമാണ്. കഫ് സിറപ്പുകളും ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 19 മരുന്നുകളുടെ നിർമാണ യൂണിറ്റുകളിൽ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ (സിഡിഎസ്‌സിഒ) പരിശോധനകൾ ആരംഭിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ആറ് സംസ്ഥാനങ്ങളിലായാണു പരിശോധന. കോൾഡ്രിഫ് സംസ്ഥാന വ്യാപകമായി വിൽക്കുന്നതും വിതരണംചെയ്യുന്നതും നിർത്താനും ലഭ്യമായ എല്ലാ സ്റ്റോക്കുകളും ഉടൻ പിടിച്ചെടുക്കാനും മധ്യപ്രദേശ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ നിർദേശം പുറപ്പെടുവിച്ചു. കോൾഡ്രിഫ് സിറപ്പ് നിർമിക്കുന്ന കമ്പനിയുടെ മറ്റ് ഉത്പന്നങ്ങൾക്കും നിരോധനം ഏർപ്പെടുത്തിയതായി മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് അറിയിച്ചു.

അതിനിടെ, മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമത്തിലെ ഷെഡ്യൂൾ എം പ്രകാരമുള്ള പുതുക്കിയ വ്യവസ്ഥകൾ നിർമാണസമയത്ത് മരുന്നുകമ്പനികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംസ്ഥാനങ്ങൾക്കു നിർദേശം നൽകി. ചുമയ്ക്ക് നൽകുന്ന 'കോൾഡ്രിഫ്' എന്ന മരുന്നു കഴിച്ച് മധ്യപ്രദേശിലും രാജസ്ഥാനിലും കുട്ടികൾ മരിച്ച സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്ത യോഗത്തിലാണു നിർദേശം നൽകിയത്. കുട്ടികളിലുണ്ടാകുന്ന മിക്ക ചുമകളും സ്വയം ഭേദമാകുന്നതിനാൽ കഫ് സിറപ്പുകൾ യുക്തിസഹമായ രീതിയിൽ ഉപയോഗിക്കാൻ യോഗം നിർദേശിച്ചു.

# കോട്ടയത്തെ ആമ്പൽ വസന്തം അവിസ്മരണീയം

(20-ാം പേജിൽനിന്നും)

ഈ വെള്ളത്തിനു താഴെ ചെളിയിൽ ആണ്ടു കിടക്കുന്ന ആമ്പൽ വിത്തുകൾ പൊട്ടി മുളയ്ക്കുന്നു. ക്രമേണ ജലവിതാനം ആമ്പൽ വള്ളികൾ കൊണ്ട് നിറയുന്നു. ജൂൺ ആകുമ്പോഴേക്കും ഈ ആമ്പൽവള്ളികൾ പൂവിട്ടു തുടങ്ങും. ജൂലൈ-ഓഗസ്റ്റിലാണ് പുഷ്പോത്സവം. ഇത് മിക്കവാറും സെപ്റ്റംബർ പകുതി വരെ നീണ്ടുനിൽക്കും.

ഒരു പൂവിന് സാധാരണ രീതിയിൽ 12 ദിവസത്തെ ആയുസ്സാണുണ്ടാകുക. ഓരോ രാവിലും വിരിയുകയും പ്രഭാതമാകുമ്പോൾ വർണ്ണപ്പൊലിമയിൽ നീരാടുകയും സൂര്യരശ്മികളേറ്റ് തുടങ്ങുമ്പോൾ കൂമ്പുകയും ചെയ്ത് തന്റെ ഓട്ടം പൂർത്തിയാക്കി കഴിഞ്ഞാൽ അത് വെള്ളത്തിൽ അലിഞ്ഞു ചേർന്നു മണ്ണോടു മണ്ണായി തീരുന്നു. ആ പൂവിതളുകൾക്കുള്ളിൽ ഒളിഞ്ഞിരുന്ന വിത്തുകൾ ശ്രീരാമപാദ സ്പർശനത്തിനായി കാത്തുകിടന്ന അഹല്യയെപ്പോലെ അടുത്ത ജൂണിലെ ജലസ്പർശത്തിനായി ചെളിയിൽ കാത്തുകിടക്കുന്നു. അങ്ങനെ ആമ്പലിന്റെ ചാക്രിക ജീവിതം തുടർന്നുകൊണ്ടേയിരിക്കുന്നു.

അനിൽ ഈ ആമ്പൽക്കഥകൾ വാചാലമായി പറഞ്ഞുകൊണ്ടിരിക്കെ, അദ്ദേഹത്തിന്റെ ഭാര്യ സിന്ധു ആവിപറക്കുന്ന ചായയുമായി വന്നു. ആമ്പലിൽ ബന്ധനസ്ഥയായ സിന്ധുവും പുഷ്പാലംകൃത വള്ളത്തിൽ അതിഥികളെ കയറ്റാനും ഇറക്കാനും കുട ചൂടിക്കാനും കഥകൾക്കു കിങ്ങിണി കൊട്ടാനുമൊക്കെ അനിലിനു കൂട്ടായുണ്ട്. അവരുടെ ചെറിയ ഭവനത്തോട് ചേർന്ന് സഞ്ചാരികൾക്കായി ശുചിമുറിയും വസ്ത്രം മാറാനുള്ള സൗകര്യവുമൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്.

കാഴ്ച കാണാനും ഫോട്ടോ ഷൂട്ടിനും റീൽ എടുക്കുന്നതിനും മധുവിധു ആഘോഷിക്കാനുമൊക്കെയായി വന്നുപോയവരുടെ വൻശേഖരം മൊബൈലിൽ സൂക്ഷിച്ചിട്ടുള്ളത് അനിൽ ഞങ്ങളെ കാണിച്ചു.

രാവിലെ ആറര മണിയോടെ എത്തിയ ഞങ്ങൾ ജലപ്പരപ്പിലെ പിങ്ക് പരവതാനിയിൽ കണ്ണുംനട്ട് ജലസവാരി നടത്തിയും അനിലിന്റെ വിവരണങ്ങൾ കേട്ടും സിന്ധുവിന്റെ ഹോസ്പിറ്റാലിറ്റി ആസ്വദിച്ചും ഒൻപതര മണി വരെ അവിടെക്കഴിഞ്ഞു. ഒളിച്ചുകളി നടത്തിക്കൊണ്ടിരുന്ന മഴ അപ്പോഴേയ്ക്കും ഇളം വെയിലിനു വഴിമാറി. അർക്കരശ്മികളുടെ ചൂടേറ്റു കൂമ്പിത്തുടങ്ങിയ ആമ്പൽദളങ്ങളോട് ബൈ പറഞ്ഞിറങ്ങുമ്പോൾ ഞാൻ അനിലിനോട് ചോദിച്ചു:

"ഫോൺ നമ്പർ എത്രയാ"

അനിൽ മൃദുവായി മന്ത്രിച്ചു- 9847595943!

# സോഷ്യൽ സെക്യൂരിറ്റി

(26-ാം പേജിൽനിന്നും)

ആളുകൾക്ക് ഇപ്പോഴും ആനുകൂല്യങ്ങൾക്കായി ഓൺലൈനായോ ഫോണിലൂടെയോ അല്ലെങ്കിൽ ഫീൽഡ് ഓഫീസുകളിൽ നേരിട്ടോ അപേക്ഷിക്കാൻ കഴിയും. അവ അടച്ചുപൂട്ടൽ സമയത്ത് തുറന്നിരിക്കും.

സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനെക്കുറിച്ച് അമേരിക്കക്കാർക്ക് എന്താണ് തോന്നുന്നത്? മിക്കവർക്കും ഇത് ഇഷ്ടമല്ല. 2024-ൽ പ്യൂ റിസർച്ച് സെന്റർ നടത്തിയ ഒരു സർവേയിൽ, യുഎസിലെ പത്തിൽ എട്ട് മുതിർന്നവരും ഈ ആശയത്തെ എതിർത്തു. ഇതിൽ 38 ശതമാനം പേർ പ്രോഗ്രാം അതേപടി നിലനിർത്തണമെന്ന് പറഞ്ഞു. 40 ശതമാനം പേർ കൂടുതൽ ആളുകളെ കൂടുതൽ ആനുകൂല്യങ്ങളോടെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞു.

അങ്ങനെയെങ്കിൽ സോഷ്യൽ സെക്യൂരിറ്റിയെ തൊട്ടുകളിക്കാൻ കോൺഗ്രസും മടിക്കും.

# ശബരിമല സ്വർണപ്പാളി വിവാദം

(ഒന്നാം പേജിൽ നിന്നും)

അന്വേഷണത്തെ സ്വാഗതം ചെയ്യുന്നതായി ദേവസ്വം മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

അതിനിടെ, ശബരിമലയിലെ ദ്വാരപാലക ശിൽപങ്ങളിലെ സ്വർണം പൊതിഞ്ഞ പാളികൾ ചെമ്പാക്കി മാറ്റിയ ദേവസ്വംബോർഡ് നടപടികളിൽ ദുരൂഹതകൾ ഏറെ. 2019 ജൂലൈ 20-ന് സ്വർണപ്പാളി കൈമാറിയപ്പോഴത്തെ നടപടിരേഖയിൽ ചെമ്പുപാളിയെന്ന് ആവർത്തിച്ചുപറഞ്ഞാണ് ബോർഡ് ഇക്കാര്യം ഉറപ്പിച്ചിട്ടുള്ളത്. തലക്കെട്ടിൽ തന്നെ 'ദ്വാരപാലകന്മാരെ പൊതിഞ്ഞിട്ടുള്ള ചെമ്പു തകിടിൽ സ്വർണം പൂശുന്നതിന്' എന്ന് വ്യക്തമാക്കിയിരിക്കുന്നു. സ്വർണം പൂശുന്നതിന് ഉണ്ണികൃഷ്ണൻ പോറ്റി എന്ന ഭക്തനു ദേവസ്വം ബോർഡ് അനുമതി നൽകിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം പ്രതിപാദിക്കുന്നിടങ്ങളിലെല്ലാം ചെമ്പുതകിട് എന്നു തന്നെയാണു പറഞ്ഞിട്ടുള്ളത്. പാളികൾ തിരികെ സ്ഥാപിച്ചപ്പോഴുള്ള മഹസറിലും ചെമ്പുപാളികൾ എന്ന് ആവർത്തിച്ചിട്ടുണ്ട്.

സ്വർണപ്പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് അഴിച്ചു നൽകിയതിലും തിരികെ സ്ഥാപിച്ചതിലും നടപടിക്രമങ്ങൾ അട്ടിമറിച്ചുവെന്നു രേഖകൾ തെളിയിക്കുന്നു. ചടങ്ങിനു നേതൃത്വം വഹിക്കേണ്ട ഏറ്റവും പ്രധാന ഉദ്യോഗസ്ഥനായ തിരുവാഭരണം കമ്മീഷണർ പങ്കെടുത്തില്ല. ഇതോടെ, കമ്മീഷണറുടെ മേൽനോട്ടത്തിൽ മാത്രമേ പാളി കൈമാറാവൂ എന്ന ഉത്തരവ് അട്ടിമറിക്കപ്പെട്ടു. ഉദ്യോഗസ്ഥരാരും അനുഗമിക്കാതെ, പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തുവിടുകയും ചെയ്തു.

പിന്നീട് സെപ്റ്റംബർ 11-ന് സ്വർണം പൂശിയ പാളി പുനഃസ്ഥാപിച്ചപ്പോൾ ഭാരവും നോക്കിയില്ല. ഇവിടെനിന്നു കൊടുത്തുവിട്ട പാളികളല്ല ചെന്നൈയിലെ കമ്പനിയിൽ എത്തിയതെന്ന സംശയവും ചില ഉദ്യോഗസ്ഥർ ഇപ്പോഴും ഉന്നയിക്കുന്നുണ്ട്.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



# Grace CONVENTION CENTER

Punnamoodu, Mavelikara




DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| | BETROTHAL, BAPTISM, |
| FUSION, TALLMAN SECURITY, | BIRTHDAY PARTIES, |
| PREMIUM CARS, ENTERTAINMENT | HOUSE WARMING |
| CHURCH CHOIR, ANCHORING | BUSINESS CONFERENCE |
| LED WALL, LIVE STREAMING | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us



RE-ELECT

ROBIN ELACKATT

For

MAYOR

OF MISSOURI CITY

PLEASE COME OUT AND VOTE FOR ROBIN

In 2020, I was honored to be elected as your Mayor of this great City. Since then, Missouri City has turned setbacks into comebacks. Together, we invested in infrastructure, strengthened public safety, attracted major employers, supported our youth, revitalized our parks, and kept our finances strong—all while maintaining the property tax rate. We built an "open for business" environment that drove unprecedented growth, even as we navigated natural disasters and addressed aging infrastructure.

I am proud of the momentum we've created. Looking ahead, I am committed to achieving a balanced property and sales tax structure to ease the burden on residents. Missouri City has a bright future, and it would be my honor to continue serving you. I believe we are One City, and I will keep working every day to ensure Missouri City thrives. The results are all around us, and the best is yet to come.

See you at the polls.

Re-elect Mayor Robin Elackatt.

ELECTION DAY Tuesday, November 4, 2025

EARLY VOTING
Monday, October 20th
Through Friday October 31st

Leadership You Know.
Progress You See.

Visit Robin's Website for Voting Locations

www.MayorRobin.com Hello@MayorRobin.com

Paid for by Robin Elackatt Campaign, Sue Hauenstein, Treasurer